2024 AUGUST
VOL 23
ISSUE 8
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക

## ആനന്ദകരമായ ജീവിതത്തിന് ആരോഗ്യ അച്ചടക്കം അനിവാര്യമോ ?

ഡോ. സിന്ധു ജേക്കബ്




**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org


I AM
AGAINST
ABORTION
Love, respect and save the baby in the womb

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# ജ്വലിക്കട്ടെ ജീവിതങ്ങൾ


ഉറങ്ങാൻ കിടക്കുന്ന മകന് അമ്മ ഒരു കഥ പറഞ്ഞു കൊടുത്തു. ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും ഇസ്രായേൽജനത്തെ മോചിപ്പിച്ച മോശയുടെ കഥ. മഹാമാരികൾക്ക് ശേഷം മോശയുടെ നേതൃത്വത്തിലുള്ള ഇസ്രായേല്യരെ ഫറവോ വിട്ടയച്ച കഥ. അവർ ചെങ്കടലിന്റെ തീരത്തെത്തിയപ്പോൾ മോശ വടിയെടുത്ത് ആകാശത്തേക്കുയർത്തി നിലത്തടിച്ചു. ചെങ്കടൽ രണ്ടായി പിളർന്നു. അവർ സമുദ്രത്തിനു മധ്യത്തിലൂടെ മറുതീരം കടന്നു. ഉടൻ മകൻ അമ്മയോട് ചോദിച്ചു, അമ്മേ മോശ വടിയെടുത്ത് നിലത്തടിച്ചപ്പോൾ ആ കടൽ രണ്ടായി പിളർന്നില്ലായിരുന്നെങ്കിൽ അവർക്ക് രക്ഷപ്പെടാൻ പറ്റില്ലല്ലോ. അമ്മ പറഞ്ഞു, മകനെ ദൈവത്തിൽ ആശ്രയിക്കുന്നവരെ ലജ്ജിപ്പിക്കാൻ ദൈവം ഒരിക്കലും സമ്മതിക്കില്ല.

അമൽ വലിയ ആഗ്രഹത്തോടെയാണ് പിയാനോ പഠിക്കാൻ പോയത്; പക്ഷേ, അധ്യാപകന്റെ  കാർക്കശ്യം മൂലം അവനിൽ ഭയം ഉടലെടുത്തു. അപമാനിക്കപ്പെടുമെന്നോർത്ത് പഠിക്കാൻ പോകാതെയായി. ഇതറിഞ്ഞ അമ്മ അവനെ അടുത്തുള്ള ഒരു ചാപ്പലിൽ കൊണ്ടുപോയി കുരിശിൽ കിടക്കുന്ന ഈശോയെ കാണിച്ചുകൊടുത്തു പറഞ്ഞു. മോനേ ഇത്രത്തോളം നീ അപമാനിക്കപ്പെടുമോ. ഓരോ കുരിശു മരണത്തിനു ശേഷവും മഹത്വപൂർണമായ ഉയിർപ്പുണ്ട്. നിന്റെ സങ്കടങ്ങൾ അവൻ അറിയുന്നുണ്ട്. വർഷങ്ങൾക്കുശേഷം, പിയാനോ വായിക്കുവാൻ വലിയ അവസരങ്ങൾ അമലിന് ലഭിച്ചുകൊണ്ടിരിക്കുന്നു. കർത്താവിനെ ആശ്രയിച്ചവർ തളർന്നാലും തകരുകയില്ല.

പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും ജീവിതത്തിന്റെ സുഖമോഹങ്ങളിലും ദൈവത്തിൽ ആശ്രയിക്കാൻ എളുപ്പമാണോ എന്നത് സ്വാഭാവിക ജീവിതത്തിലുയരുന്ന ചോദ്യമാണ്. ദൈവ ശാസ്ത്രജ്ഞൻമാർ അതിനു നൽകുന്ന ഉത്തരം ലളിതമാണ്. ജീവിതത്തിലെ നല്ല സമയം, മോശപ്പെട്ട സമയം എന്നു തരംതിരിക്കാതെ അനുദിന ജീവിതത്തിൽ ദൈവസാന്നിധ്യം കണ്ടെത്താൻ ശ്രമിക്കണമെന്നതാണത്. ദൈവമെന്നെ കാണുന്നു എന്ന ചിന്ത.

ജീവിതത്തിലെ പ്രതിസന്ധികളിൽ മനംനീറി വീടുപേക്ഷിച്ച് തീർഥാടനത്തിനു പോയ ഒരാളെ കുറിച്ച് വായിക്കാനിടയായി. ഒരൊളിച്ചോട്ടമായിരുന്നു. ഉണ്ടായിരുന്നതിലും വലിയ പ്രതിസന്ധികളായിരുന്നു പക്ഷേ, കാത്തിരുന്നത്. വർഷങ്ങളോളം പല വഴികളും പല നാടുകളും ചുറ്റിയ അയാൾ തിരിച്ചുവന്ന് ഭാര്യയോടും മക്കളോടും പറഞ്ഞു; "എന്നെ വെറുക്കരുത്, ഞാൻ ഓടിയൊളിക്കാനുണ്ടായ കാരണങ്ങളേക്കാൾ വലുതാണ് ഞാൻ പിന്നീടനുഭവിച്ചത്." ഓരോ ഒളിച്ചോട്ടവും മനുഷ്യനിൽ നിന്നു മാത്രമല്ല, ദൈവത്തിൽനിന്നു കൂടിയുള്ള അകൽച്ചയാണ്. ഈ അകൽച്ചയിൽ കാത്തിരിക്കുന്നത് കൂടുതൽ മോശപ്പെട്ട അവസ്ഥയാണെന്നത് പതുക്കെയാണ് തിരിച്ചറിയുക.

ആളുന്ന തീക്കുണ്ഠത്തിന് നടുവിൽ നിൽക്കുമ്പോഴും ദാനിയേലും കൂട്ടുകാരും ഭയന്നില്ല. ഒളിച്ചോടിയില്ല, സന്ധി ചെയ്തില്ല. തങ്ങൾ വിശ്വസിക്കുന്ന, ആശ്രയിക്കുന്ന ദൈവം കൈവിടുകയില്ല എന്ന വിശ്വാസം മാത്രം മനസ്സിൽ ഉറപ്പിച്ചു. അവർ നിരാശരായില്ല. അവരുടെ ഈ ദൈവാശ്രയം അവരുടെ ജീവിതത്തിൽ കൂടുതൽ മഹത്വങ്ങൾ അവർക്ക് സമ്മാനിച്ചു. സങ്കീർത്തകൻ പറയുന്നു, "അവിടത്തെ നോക്കിയവർ പ്രകാശിതരായി, അവർ ലജ്ജിതരാവുകയില്ല."



എഡിറ്റർ–ഇൻ–ചീഫ്

Kairos MEDIA

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 ✆+91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
INDIA: 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
✉ infoin@jykairosmedia.org
✆ +91 484 2984327

USA: Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
✉ info@jykairosmedia.org
✆ +1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal ✆ +91 98954 05631 ✉ arakkalshaji@gmail.com

contents



06
10
13
14
18
20
22

**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org

# letters

ഡോ. എടേഴത്തിന്റെ രാഷ്ട്രീയലേഖനം സൂപ്പർ ആയിരിക്കുന്നു. സഭയ്ക്ക് പറ്റിയ വലിയ ഒരു പരാജയം, വിശ്വാസികൾക്ക് രാഷ്ട്രീയത്തെ പരിചയപ്പെടുത്താത്തതും രാഷ്ട്രീയത്തിലേക്ക് ഇറങ്ങാൻ പ്രോത്സാഹിപ്പിക്കാത്തതും ആയിരുന്നു. ക്രൈസ്തവരിൽ നേതൃത്വവും, പ്രസംഗ പാടവവും ഉള്ളവർ രാഷ്ട്രീയത്തിൽ ഇറങ്ങണം. ക്രൈസ്തവ മൂല്യങ്ങൾ കൊണ്ട് നമ്മുടെ പൊളിറ്റിക്സ് നിറയട്ടെ. മഞ്ജു ചെറിയാന്റെ 'ചിലതെല്ലാം ഉപേക്ഷിക്കേതുണ്ട്" എന്ന ലേഖനം ഏറെ ചിന്തനീയമാണ്. യുവതി യുവാക്കൾ തങ്ങളുടെ ഇഷ്ടം മാത്രം മനസ്സിൽ വച്ച്, ജീവിതപങ്കാളിയെ തെരഞ്ഞെടുക്കാൻ ശ്രമിക്കരുത്. ദൈവത്തിന് ഒരു വലിയ റോളുണ്ട്. ഒരു മാർജിൻ ഇട്ടു കൊണ്ടുവേണം ജീവിതപങ്കാളിയെ അന്വേഷിക്കാൻ. എങ്കിൽ നല്ല വിവാഹങ്ങൾ നേരത്തെ തന്നെ നടക്കും. 'ഞാൻ മറ്റുള്ളവർക്ക് കൊടുത്താൽ എനിക്കുള്ളത് ദൈവം തരും' എന്ന് യൂസഫലി ഒരിക്കൽ പറഞ്ഞതിന്റെ പൊരുൾ എഡിറ്റേഴ്സ് റൂമിലൂടെ നമുക്ക് ലഭിക്കുന്നു. കെയ്റോസിന്റെ മുഴുവൻ ആളുകളെയും അഭിനന്ദിക്കുന്നു.

*ഫാ. ലൂക്ക് പുതൃക്കയിൽ*

28 34 26 32 42



വ്യത്യസ്തവും വിശിഷ്ടവുമായ ഈ ഉള്ളടക്കങ്ങളും സ്മാർട്ട് കിഡ്സ് വഴുതന മാത്തൻ തുടങ്ങിയ മറ്റു സ്ഥിരം പംക്തികളും

# പ്രാർഥനാദൂരത്തിൽ മാത്രം

## Some times God's 'No' is better than his 'Yes'

**പ്രാർഥനയെക്കുറിച്ചുള്ള ധ്യാനാത്മകമായ ചിന്തകളാണ് ഈ പാഥേയത്തിൽ. ഹൃദയത്തെ നിർമലമാക്കാനും നിസ്വാർഥമായി ദൈവതിരുമുമ്പിൽ നിൽക്കാനുമുള്ള ഒരു ക്ഷണവും.**

'നിങ്ങൾ ഒരു ദേവാലയത്തെ മനസ്സിലാക്കുന്നത് അതിൽ നിങ്ങൾ മുട്ടുകുത്തി നിൽക്കുമ്പോൾ  മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു.' *(റൈനോൾഡ് ഷ്നൈഡർ,* You cat*)*

**ഭാഗം ഒന്ന്**

### (പ്രാർഥനയുടെ നിരർഥകത!)

ഒരു കത്തോലിക്ക സഭയുടെ പ്രശസ്തമായ ഒരു കോളേജിൽ, കുറച്ചു നാളുകൾക്കു മുമ്പ് നടന്ന ഒരു സെമിനാറിലെ മുഖ്യ പ്രസംഗകന്റെ ചില നിരീക്ഷണങ്ങളും കേൾവിക്കാരുടെ പ്രതികരണങ്ങളുമടങ്ങുന്ന ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിലൊക്കെ വ്യാപകമായി പ്രചരിക്കുന്നത് കാണാനിടയായി. യുക്തിവാദ പ്രസ്ഥാനങ്ങളുടെ അമരക്കാരനും അവരുടെ കൺകണ്ട 'ദൈവവും', (ക്ഷമിക്കണം, ആ വാക്ക് നമുക്ക് നിഷിദ്ധമാണെന്നാലും!) സൂര്യന് താഴെയുള്ള സമസ്ത വിഷയങ്ങളെക്കുറിച്ചും ആധികാരികമായി സംസാരിക്കാൻ ഒട്ടും മടികാണിക്കാത്ത (?), കോളേജ് അധ്യാപകനുമായ പ്രഭാഷകൻ കൈവച്ചിരിക്കുന്നത് പ്രാർഥനയുടെ മേലാണ്. ഒരു കത്തോലിക്ക കോളേജിലെ കുഞ്ഞാടുകളെ ഒന്ന് ശരിപ്പെടുത്താൻ അദ്ദേഹത്തിനു കിട്ടിയ സുവർണാവസരമാണല്ലോ. വിഷയത്തിൽ നിന്നു വ്യതിചലിച്ചിട്ടാണേലും വേണ്ടില്ല തന്റെ ജീവിത ധർമം നിറവേറ്റാൻ ഇതിലും പറ്റിയ അവസരം വേറെയില്ല. ഓഡിറ്റോറിയത്തിലെ വിജ്ഞാന കാംക്ഷികളായ വിദ്യാർഥി കേൾവിക്കാരുടെ മുമ്പിൽ പ്രാർഥനയെ 'വലിച്ചുകീറി' അതിന്റെ 'നിരർഥകത'യെപ്പറ്റി പ്രസംഗിച്ചു മുന്നേറുകയാണ് നമ്മുടെ യുക്തിവാദി സാറ്. ഇത് കേട്ടിട്ട് (സ്വഭാവികമായും) ഭൂരിഭാഗം വരുന്ന ക്രിസ്ത്യൻ വിദ്യാർഥികൾ കൈക്കൊട്ടി ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഇത്തരം ജ്ഞാന ധോരണികൾ തങ്ങളുടെ കുട്ടികളെ കേൾപ്പിക്കാൻ ചുവന്ന പരവതാനി വിരിക്കാനായതിന്റെ ചാരിതാർഥ്യത്തിൽ ഇൻ ചാർജ്ജ് വൈദികൻ ഏറ്റവും പിറകിൽ ഇരിക്കുന്നുമുണ്ട്.

### ഇനി മുഖ്യ പ്രഭാഷകന്റെ പ്രാർഥനയെ കുറിച്ചുള്ള ജ്ഞാനസൂക്തങ്ങൾക്ക് കാതോർക്കാം

'എന്തോന്നാ Basically Prayer?.. നമ്മുടെ ആഗ്രഹം തൊട്ടടുത്തുള്ള ആളോട് പറയുന്നു, ഒരു യജമാനനോട്, അച്ഛനോട്, അമ്മയോട് പറയുക!' എന്നുവച്ചാൽ അദ്ദേഹം തുടരുന്നു 'your wishful thinking is Channelized" "എന്തുകൊണ്ടാണ് എല്ലാവരും പ്രാർഥിക്കുന്നത്? പ്രാർഥന ഫലിക്കുന്നതുകൊണ്ടാണോ? അല്ല, പ്രാർഥന ഫലിക്കാത്തതുകൊണ്ടാണ്! പ്രാർഥന ഫലിക്കുകയായിരുന്നെങ്കിൽ ആദ്യത്തെ ഒരാൾ (ആദ്യമായി പ്രാർഥിച്ച ആൾ) / ഈ ലോകം മുഴുവൻ സ്വന്തമാക്കിയേനെ, നിങ്ങൾക്ക് ആർക്കും കെട്ടാൻ പെണ്ണുങ്ങൾ ഉണ്ടാവില്ല, (പെൺകുട്ടികൾക്ക് ) ചെറുപ്പക്കാർ ഉണ്ടാവില്ല നിങ്ങൾക്ക് സ്വന്തമാക്കാൻ സമ്പത്ത് ഉണ്ടാവില്ല, സുഖം ഉണ്ടാവില്ല..."

ഇത്തരം വിടുവായത്തങ്ങളുടെ പൊള്ളത്തരങ്ങൾ തിരിച്ചറിയാൻ ആവാത്തതിനാലാവണം കുറേ ചെറുപ്പക്കാർ പൊട്ടിച്ചിരിച്ച് തങ്ങളുടെ ഐക്യദാർഢ്യം സാറിന് രേഖപ്പെടുത്തുന്നു. വാഗ്ധോരണികൾ ഒഴുകുകയാണ്..! നമുക്ക് തത്ക്കാലം ഇവിടെ നിറുത്താം.

**ഭാഗം രണ്ട്**

### (പ്രാർഥനയുടെ ചില ക്രൈസ്തവ വീക്ഷണങ്ങൾ!)

"ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവ് നഷ്ടമാക്കിയാൽ എന്ത് പ്രയോജനം" (മർ 8,36 ) എന്ന് പഠിപ്പിച്ച ഈശോ മിശിഹായിലാണ് ക്രൈസ്തവ പ്രാർഥനയുടെ അടിസ്ഥാനംതന്നെ. അത്, വെട്ടിപ്പിടിക്കാനുള്ള എളുപ്പമാർഗമോ, വെട്ടിവീഴ്ത്താനുള്ള കുടില പാതയൊരുക്കലോ അല്ല; മറിച്ച്  ക്രിസ്തുവായി രൂപാന്തരപ്പെടാനുള്ള ഒരു ആത്മാവിന്റെ  വേവലാതിപ്പെടലാണ്. "പ്രാർഥനയെന്നത് ഏറ്റവും നിർമലമായ രൂപത്തിലുള്ള ശ്രദ്ധയല്ലാതെ മറ്റൊന്നുമല്ല" എന്ന ഫ്രഞ്ച് ചിന്തക സീമോൺ വീലിന്റെ വാക്കുകൾക്ക് എന്തൊരു മിഴിവാണ്.

ഒരു കൊച്ചുബാലൻ വിദ്യാലയത്തിലെ ഒരു ഓട്ടമത്സരത്തിനു മുമ്പ് മിഴി പൂട്ടി പ്രാർഥിക്കുകയാണ്. ഒരു അധ്യാപികയുടെ മനസ്സിനെ അത് സ്പർശിച്ചു. കടുത്ത മത്സരമായിരുന്നു. അവന് സമ്മാനമൊന്നും കിട്ടിയതുമില്ല. തിരിച്ചു നടക്കുന്ന അവനോട് ടീച്ചർ ചോദിക്കുകയാണ്, "പ്രാർഥിച്ചിട്ടും നിനക്കൊന്നും കിട്ടിയില്ലല്ലോ?" അവന്റെ നിഷ്കളങ്കമായ മറുമൊഴി "ടീച്ചർ, ഞാൻ പ്രാർഥിച്ചത് തോറ്റാലും സങ്കടപ്പെടാതിരിക്കാനുള്ള കൃപയ്ക്കാണ്, എനിക്ക് ഒരു വിഷമവുമില്ലല്ലോ.."

ആരോ എഴുതി some times God's 'No' is better than His 'Yes' അപ്പോൾ പ്രാർഥനക്ക് അങ്ങനേയും ചില മാനങ്ങളുണ്ട്!

കൊല്ലാം, പക്ഷേ തോല്പിക്കാനാവില്ല എന്നൊക്കെ ഭംഗിവാക്ക് പറയാനെളുപ്പമാണ്. പക്ഷേ, അങ്ങനെ ശിരസ്സുയർത്തി പറയാൻ



മുഴുവൻ സുഖങ്ങളും
സൗഭാഗ്യങ്ങളും ധനവും
തന്നിലേക്ക് വന്നുചേരണമെന്ന്
ആഗ്രഹിക്കുന്ന സ്വാർഥതയാണ്
പ്രാർഥനയെന്ന് കരുതുന്നവരുടെ
അല്പത്തരത്തെ അവരുടെ
അജ്ഞതയെ ഓർത്ത്
പരിതപിക്കാനേ നിവൃത്തിയുള്ളൂ

വി. മരിയ ഗൊരേത്തിയുടെ അമ്മ അസൂന്തയെയും, സ്വന്തം ഭർത്താവ് ഗ്രഹാം സ്റ്റെയ്ൻസിനെയും രണ്ട് കുഞ്ഞുങ്ങളേയും ചുട്ടെരിച്ച ഭീകര തയുടെ മുൻപിൽ നിന്ന ഗ്ലാഡിസ് സ്റ്റെയ്ൻസിനെയും ബലപ്പെടുത്തി യത് യഥാർഥ പ്രാർഥനയുടെ പിൻബലം കൊണ്ടു തന്നെയാണ്.

പ്രാർഥനയെക്കുറിച്ച് മൂന്ന് ക്രൈസ്തവ വീക്ഷണങ്ങൾ ശ്രദ്ധിക്കാം, ആദ്യം ഈശോയെ ഒരു കൊച്ചു കുഞ്ഞിന്റെ നൈർമല്യ ത്തോടെ സ്നേഹിച്ച വിശുദ്ധ കൊച്ചുത്രേസ്യയുടെ വാക്കുകൾ:

“എന്നെ സംബന്ധിച്ചിടത്തോളം ഹൃദയത്തിന്റെ അലയടിയാണ് പ്രാർഥന. സ്വർഗത്തിലേക്കുള്ള ലളിതമായ ഒരു നോട്ടം, പരീക്ഷണ ത്തിന്റെയും, സന്തോഷത്തിന്റെയും ഇടയിൽ നന്ദിയുടെയും സ്നേഹ ത്തിന്റെയും നിലവിളിയാണത്.” പ്രാർഥന ഹൃദയത്തിൽ നിന്നുയരുന്ന നിലവിളിയായി സ്വർഗത്തിലേക്ക് ഉയരുകയാണ് ഇവിടെ.

## ഇനി സഭയുടെ കാറ്റക്കിസം പുസ്തകത്തിൽ നിന്നുള്ള പഠനം

'ക്രൈസ്തവ പ്രാർഥന ദൈവവും മനുഷ്യനും തമ്മിൽ ക്രിസ്തുവി ലുള്ള ഉടമ്പടി ബന്ധമാണ് (CCC 2564). പ്രാർഥന ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടി (covenant) ബന്ധമാണ്, അതും ക്രിസ്തുവിൽ സംഭവിക്കുന്ന എന്നേക്കുമുള്ള ഉടമ്പടി.

ഇത്തരം വാക്കുകളുടെ പൊരുൾ ഗ്രഹിക്കാൻ യുക്തി മാത്രം പോര സർ, ദൈവസ്നേഹാനുഭവത്തിന്റെ ഒരു നേർത്ത വിരൽ സ്പർശമെങ്കിലും വേണ്ടിവരും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (മത്താ 5,8) എന്ന ക്രിസ്തു മൊഴിയും ധ്യാനിക്കണം.


കുടുംബങ്ങൾക്കൊരെഴുത്ത് എന്ന തന്റെ പ്രബോധനത്തിൽ വി.ജോൺപോൾ പാപ്പ പ്രാർഥനയെക്കുറിച്ച് ഇപ്രകാരം ദൈവജ നത്തെ പഠിപ്പിക്കുന്നു: “പ്രാർഥന ഓരോ കുടുംബത്തിന്റെയും (കുടുംബമെന്നത് ഇവിടെ ഓരോ വ്യക്തിയെന്നു വായിക്കാവുന്ന താണ്) ജീവിതത്തിലെ സ്ഥിരശീലമായിത്തീരണം. പ്രാർഥന കൃതജ്ഞതാ പ്രകടനമാണ്, ദൈവത്തെ സ്തുതിക്കലാണ്, ക്ഷമ ചോദിക്കലാണ് യാചിക്കലും, സഹായത്തിനായി വിളിച്ചപേക്ഷിക്കലുമാണ്. ഈ രൂപ ങ്ങളിലെല്ലാം കുടുംബപ്രാർഥനയ്ക്ക് ദൈവത്തോട് പലതും പറയാ നുണ്ട്. പ്രാർഥനയിൽ മനുഷ്യൻ ദൈവത്തെ ഓർക്കുക മാത്രമല്ല, ദൈവം മനുഷ്യനെ ഓർക്കുകയും ചെയ്യുന്നു (കുടുംബങ്ങൾക്ക് ഒരെഴുത്ത്–10).

ചുരുക്കത്തിൽ പ്രാർഥന, ജീവിതം തന്നെയാണ്. ഇനി ഈ ലേഖന ത്തിന്റെ തുടക്കത്തിൽ കണ്ട വാക്കുകൾ ഒന്നുകൂടെ ധ്യാനിക്കാം, പ്രാർഥനയെ ഒരാൾ മനസ്സിലാക്കുന്നത് ദേവാലയത്തിനകത്ത് പ്രവേശിച്ച് മുട്ടുകുത്തി നിൽക്കുമ്പോൾ മാത്രമാണ്. To one who has faith, no explanation is necessary. To one without faith, no explanation is possible (St. Thomas Aquinas)

മുഴുവൻ സുഖങ്ങളും സൗഭാഗ്യങ്ങളും ധനവും തന്നിലേക്ക് വന്നു ചേരണമെന്ന് ആഗ്രഹിക്കുന്ന സ്വാർഥതയാണ് പ്രാർഥനയെന്ന് കരുതുന്നവരുടെ അല്പത്തരത്തെ അവരുടെ അജ്ഞതയെ ഓർത്ത് പരിതപിക്കാനേ നിവൃത്തിയുള്ളൂ. പ്രാർഥന ഒന്നും ചോദിക്കാതിരി ക്കാനുള്ള നിർമമതയുടെ പേരാണെന്നും, തനിക്കുള്ളതെല്ലാം ഉപേക്ഷിച്ചിട്ട് ദൈവം മാത്രം അഭയം എന്നുപറയാനുള്ള ശക്തി യുടെ പ്രതിഫലനമാണെന്നുമുള്ള പ്രകാശമാണ്. ഒരു പ്രാർഥനാ ദൂരം മാത്രമേ ഞാനും ദൈവവുമായുള്ളൂ. അതുകഴിഞ്ഞാൽ അടുത്തടുത്താണ്, സത്യത്തിൽ അടുത്തടുത്ത് എന്നതിനേക്കാൾ ഒന്നാണെന്നു വേണം പറയാൻ, അങ്ങനെയാണുതാനും.



*ശശി ഇമ്മാനുവൽ – തൃശൂർ സ്വദേശി. നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യൂ എഡ്യുക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി. മൂന്നു മക്കൾ*




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

ഫ്രം ദി ഹാർട്ട് - ഡോ. എഡ്‌വേർഡ് എടേഴത്ത്

# സ്നേഹിക്കുന്ന സഹയാത്രികർ നിർബന്ധിച്ച് മെരുക്കുന്നവരല്ല

സോഫിയെ ഞാൻ കണ്ടത് ഒരു അന്താരാഷ്ട്ര ജീസസ് യൂത്ത് പരിശീലനത്തിനിടെയാണ്. ഒരു പൂർവേഷ്യൻ രാജ്യക്കാരി. "എന്റെ കോളേജ് കഴിഞ്ഞു. ഇനി ജോലിക്ക് പോകണം. എന്നാൽ, യുവജന ശുശ്രൂഷയിൽ തുടരാനാണ് എന്റെ ആഗ്രഹം. പക്ഷേ, എനിക്കറിയാവുന്ന പലരും യൂത്ത് ഗ്രൂപ്പുകളിൽ അധികം തുടർന്നില്ല." അവരെപ്പോലെ താനും വിട്ടുപോകരുത്. സോഫിയുടെ ആഗ്രഹം അതാണ്. "എന്റെ നാട്ടിലെ ചെറുപ്പക്കാർക്ക് ജീസസ് യൂത്ത് ഏറെ പറ്റിയതാണ്. അനേകർ ആ നന്മ നുകരണം." സോഫി വാചാലയായി.

അവളുടെ സുഹൃത്തുക്കൾ എന്തുകൊണ്ടാണ് വിട്ടുപോയതെന്ന് അറിയാൻ എനിക്ക് ആകാംഷയുണ്ടായിരുന്നു. "നിങ്ങൾക്കറിയാമോ, പല യുവനേതാക്കളും കുറേ 'പുഷ്ഷി'യാണ്. സ്വാതന്ത്ര്യത്തെ മാനിക്കാത്ത ഈ നിർബന്ധിക്കൽ അവർ സഹിക്കില്ല. കുറച്ചുകഴിയുമ്പോൾ അവരെ കാണാതാകും."

## സ്വാതന്ത്ര്യവും ആദരവും വിലപ്പെട്ടതാണ്

ആ പറഞ്ഞതിൽ കുറേ കാര്യമുണ്ട്. വാസ്തവത്തിൽ, തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുമോ അല്ലെങ്കിൽ അസ്വസ്ഥമാക്കുന്ന അനുഭവങ്ങൾ ഉണ്ടാകുമോ എന്നൊക്കെ ഭയന്നാണ് അനേകം യുവാക്കൾ ആത്മീയതയിൽനിന്ന് വിട്ടുനിൽക്കുന്നത്. നിർബന്ധിക്കുക, ബലമായി നല്ലതെന്നു കരുതുന്ന പലതും ചെയ്യിപ്പിക്കുക എന്നത് പല നേതാക്കളുടെയും സ്വതസിദ്ധ രീതിയാണ്. അവരുടെ ആവേശത്തിൽ ഇന്നത്തെ തലമുറയുടെ മൃദുല പ്രതികരണങ്ങൾ അവർ അവഗണിക്കുകയും ചെയ്യും. അത് ഇന്നത്തെ യുവാക്കൾക്ക് ഏറെ അരോചകവുമാണ്.

ഒരു പ്രോഗ്രാമിനിടെ ശ്രദ്ധയിൽപെട്ട ഒരു കാര്യം ഓർക്കുന്നു. ഹാളിൽ യുവാക്കൾ തിങ്ങിനിറഞ്ഞിരിക്കുന്നു. ടീം മുന്നിൽനിന്ന് ഒരു ആക്ഷൻ സോങ് പരിശീലിപ്പിക്കുന്നു. കുറേ കുട്ടികൾ അതിൽ താത്പര്യത്തോടെ പങ്കെടുക്കുന്നു, മറ്റു ചിലർ അത്ര ഇഷ്ടമില്ലെങ്കിലും അതിൽ പങ്കുചേരുന്നു. പക്ഷേ, കുറച്ചു യുവാക്കൾ ഒന്നിലും പങ്കുചേരാതെ അവിടെ കുത്തിയിരിക്കുന്നു. അതിനിടെ ഒരു സംഭവവികാസം; നയിക്കുന്ന ടീമിലെ ഒരാൾ പുറകിൽ മടിച്ചിരിക്കുന്ന ആ യുവാക്കളെ കളിയാക്കുന്ന രീതിയിൽ ഒരു പരാമർശം നടത്തുകയും പാട്ടിൽ പങ്കുചേരാൻ അവരെ നിർബന്ധിക്കുകയും ചെയ്യുന്നു. ഇരിക്കുന്ന കുറച്ച് യുവാക്കൾ അത് അനുസരിക്കുന്നു. പക്ഷേ, മൂന്നുപേർ പ്രതിഷേധിച്ചു ഇറങ്ങി പോകുന്നു.

ഇതെല്ലാം കണ്ട് പുറകിൽ നിൽക്കുന്ന എനിക്ക് ഏറെ വിഷമം തോന്നി. അരോചകമായ ആ സാഹചര്യം ഒഴിവാക്കാമായിരുന്നു. ഒരു കാര്യം തീർച്ച, ആ യുവാക്കൾ ഏറെ മുറിപ്പെട്ടാണ് പോയിട്ടുള്ളത്. മാത്രമല്ല അവിടെ അവശേഷിച്ച ചെറുപ്പക്കാരെയെല്ലാം ആ അധിക്ഷേപിക്കൽ ഏറെ വിഷമിപ്പിച്ചിരിക്കും.

എന്റെ ചിന്തകൾ തുടർന്നത് ഇപ്രകാരമായിരുന്നു: പാവം കുട്ടികൾ! പൊതുവേദിയിൽ ഒരു ചളിപ്പോടെ



യാണ് അവർ കടന്നുവരുക. അത് മറികടക്കാൻ അവർക്ക് സമയവും ഏറെ സഹായവും വേണം. മറ്റുള്ളവർ, പ്രത്യേകിച്ച് കൂട്ടുകാർ എന്ത് ചിന്തിക്കും എന്നത് അവരുടെ വലിയ ആകുലതയാണ്. എല്ലാവരെയും ഭയഭക്തിയോടെ അനുസരിക്കുന്നവൻ എന്ന ഒരു പ്രതിച്ഛായ അവർ വെറുക്കുന്നു. ഈ ആന്തരിക സംഘർഷങ്ങൾ മനസ്സിലാക്കാൻ തെല്ലും ശ്രമിക്കാതിരുന്ന ആ നേതാവിനോട് എനിക്ക് ഏറെ അമർഷം തോന്നി.

അന്ധമായി അനുസരിക്കാൻ ആ ചെറുപ്പക്കാരനെ നിർബന്ധിക്കുന്നത് ആ നേതാവിന്റെ ഭാഗത്തുനിന്നുള്ള വിവേകശൂന്യതയായിരുന്നു. അത് അവരെ മാത്രമല്ല അവരുടെ സുഹൃത്തുക്കളെയും ഏറെ വിഷമിപ്പിച്ചു. അതുകൊണ്ടുമാത്രം അവിടെയുള്ള കുറേപ്പേർ ഭാവിയിൽ ആധ്യാത്മികതയിൽനിന്ന് വിട്ടു നിൽക്കും.

ഫ്രാൻസിസ് മാർപാപ്പ അത് കൃത്യമായി സൂചിപ്പിക്കുന്നുണ്ട്, "സാധാരണയായി ചെറുപ്പക്കാർ പലപ്പോഴും തങ്ങളുടെ ആശങ്കകൾ, ആവശ്യങ്ങൾ, പ്രശ്നങ്ങൾ, വേദനകൾ എന്നിവയ്ക്കു അനുയോജ്യ പ്രതികരണം കണ്ടെത്തുന്നതിൽ പരാജയപ്പെടുന്നു. മുതിർന്നവരായ നമുക്ക് അവർ പറയുന്നത് ക്ഷമയോടെ കേൾക്കാനും

അവരുടെ ആശങ്കകളും ആവശ്യങ്ങളും വിലമതിക്കാനും അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ അവരോട് സംസാരിക്കാനും ഏറെ ബുദ്ധിമുട്ടാണ്" (സുവി. സന്തോഷം, 105).

## യുവജന ശുശ്രൂഷ കുറ്റപ്പെടുത്തലും ഭീഷണിയുമല്ല

ഒരുതരം നിഷേധാത്മകമായ ഒരു യുവജന ശുശ്രൂഷയുണ്ട്. യുവാക്കളുടെ വീഴ്ചകൾ മാത്രം കാണുന്ന ഒരു സമീപനം: "അവരെല്ലാം മോശക്കാർ; എങ്ങനെയെങ്കിലും നമ്മൾ അവരെ നന്നാക്കണം. 'അതിന്റെ അടിസ്ഥാനമോ? ഞാൻ ശരിയാണ് (അയാം ഓക്കെ), നിങ്ങളാരും ശരിയല്ല' എന്നൊരു വികല മനോഭാവമാണ്. *(1967ലെ തോമസ് ഹാരിസിന്റെ സമാന തലക്കെട്ടുള്ള പുസ്തകത്തിന്റെ പ്രതിധ്വനി നിങ്ങളിൽ ചിലർ ശ്രദ്ധിച്ചിരിക്കാം).* ജീസസ് യൂത്ത് പോലെയുള്ള ഒരു പ്രസ്ഥാനം സ്വീകരിക്കുന്ന സമീപനത്തിന്റെ വശ്യതയും ശക്തിയും ക്രിയാത്മകവും ആഹ്ലാദകരവുമായ ഒരു ജീവിത നിലപാടാണ് 'ഞാൻ ശരിയാണ്, ഒപ്പം നിങ്ങളും'. അവിടെ നമ്മുടെ ചിന്ത ഇതാണ്: നിങ്ങളുടെ വലിയ നന്മ അറിയാനും അനുഭവിക്കാനും എന്നെ അനുവദിക്കൂ, എനിക്കും നിങ്ങളുമായി ചിലത് പങ്കിടാനുണ്ട്. നമുക്ക് ഒരുമിച്ച് പരസ്പരം കണ്ടെത്താം, സന്തോഷിക്കാം. ഫ്രാൻസിസ് പാപ്പ മുകളിൽ ഉദ്ധരിച്ച ഭാഗം ഇങ്ങനെ തുടരുന്നു, "നല്ല യുവജന പങ്കാളിത്തമുള്ള സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഉയർച്ചയും വളർച്ചയും കൂടുതലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായി നാം കാണണം. അവിടന്ന് അവരുടെ പ്രതീക്ഷകൾക്കും അന്വേഷണങ്ങൾക്കും പ്രത്യുത്തരമായി പുതിയ പാതകൾ തെളിക്കുന്നു. ആഴത്തിലുള്ള ആത്മീയതയും കൂട്ടായ്മയും അത് വളർത്തുകയും ചെയ്യും."

**അന്ധമായി അനുസരിക്കാൻ ആ ചെറുപ്പക്കാരനെ നിർബന്ധിക്കുന്നത് ആ നേതാവിന്റെ ഭാഗത്തുനിന്നുള്ള വിവേകശൂന്യതയായിരുന്നു. അത് അവരെ മാത്രമല്ല അവരുടെ സുഹൃത്തുക്കളെയും ഏറെ വിഷമിപ്പിച്ചു. അതുകൊണ്ടുമാത്രം അവിടെയുള്ള കുറേപ്പേർ ഭാവിയിൽ ആധ്യാത്മികതയിൽനിന്ന് വിട്ടുനിൽക്കും.**

പല വീടുകളും യുദ്ധക്കളങ്ങളാണ്. മാതാപിതാക്കൾ നിർബന്ധിക്കും, കുട്ടികൾ എതിർക്കും. ഗത്യന്തരമില്ലാതെ വരുമ്പോൾ മുതിർന്നവർ ഭീഷണി മുഴക്കും. ചിലപ്പോൾ അവരെ നാണം കെടുത്താൻ നോക്കും. ഈ കടുത്ത പോരാട്ടത്തിൽ ആര് ജയിക്കും? മാതാപിതാക്കളോ കുട്ടികളോ? നിർഭാഗ്യവശാൽ, നമ്മുടെ ഇടവക വേദികളിലും യുവജന മേഖലയിലും എല്ലാം നാമറിയാതെ സമാനമായ രീതികൾ നമുക്ക് കാണാനാകും. പല ചെറുപ്പക്കാരും നിർബന്ധത്തിനും ബലപ്രയോഗത്തിനും കീഴടങ്ങിയേക്കും. മറ്റുള്ളവരുടെ മുന്നിൽ നാണംകെടാൻ അവർക്ക് ഇഷ്ടമില്ല. ചിലരെങ്കിലും വഴങ്ങാതെ പൊരുതും. അവിടെയും ആരു ജയിക്കും? വീട്ടിലും ശുശ്രൂഷാവേദിയിലുമൊക്കെ നടക്കുന്ന ഈ പോരാട്ടത്തിൽ ആരും വിജയിക്കില്ല. മറിച്ച്, എല്ലാവരും പരാജയപ്പെടും.

## വിശ്വാസമർപ്പിച്ച് കൂടെ നടക്കുക, അവരെ പ്രോത്സാഹിപ്പിക്കുക

എന്റെ കോളേജ് പഠനകാലത്ത്, എല്ലാ ഞായറാഴ്ചയും ഞങ്ങൾ കുറേപ്പേർ നഗരത്തിലെ പാവങ്ങളുടെ ഒരു കോളനി സന്ദർശിക്കുമായിരുന്നു. അവിടെ എത്തിയാൽ പിന്നെ കൊച്ചു ഗ്രൂപ്പുകളായി സന്ദർശനം തുടരും. എന്റെ പതിവ് മുതിർന്ന ചെറുപ്പക്കാരുടെ കൂടെ ഇരുന്ന് ചർച്ചയിൽ പങ്കെടുക്കുകയാണ്. അവരുമായി ഇടപഴകുന്നതിൽ ജോയിയും കൊച്ചുവും പറ്റിയവരായിരുന്നു. ഹൃദ്യതയോടെ സ്വാഗതം ചെയ്ത്, ശ്രദ്ധയോടെ ചെവിയോർത്ത്, താത്പര്യപൂർവം പ്രോത്സാഹനം നൽകുന്ന അവരുടെ വശ്യമായ രീതികൾ എന്നെ അത്ഭുതപ്പെടുത്തുമായിരുന്നു. ആ ചെറുപ്പക്കാർക്ക് അത്തരം ആദരവും ശ്രദ്ധയും ഇടവകയിലോ വീട്ടിലോ ജോലിസ്ഥലത്തോ അല്ല, ജീവിതത്തിൽ ഒരിടത്തും ലഭിക്കുമായിരുന്നില്ല. അതിന്റെ ഫലമോ? എല്ലാവർക്കും ഇത് അറിവിന്റെയും വളർച്ചയുടെയും ഒരു സുന്ദര യാത്രയായി, തിരിഞ്ഞു നോക്കുമ്പോൾ, അത് തികഞ്ഞ യുവജന ശുശ്രൂഷയുടെ ഏറ്റം നല്ല ദിനങ്ങളുമായിരുന്നു.

'ക്രിസ്തു ജീവിക്കുന്നു' എന്ന ഗ്രന്ഥത്തിൽ ഫ്രാൻസിസ് പാപ്പ 'ജനപ്രിയ യുവജന ശുശ്രൂഷ'യെക്കുറിച്ച് സംസാരിക്കുന്നു. ഇത് ഏറെ കർക്കശമായതോ സുസംഘടിതമോ ഒന്നും അല്ല, മറിച്ച് ബന്ധങ്ങളിൽ ഊന്നിയ, എല്ലാവരെയും ഒത്തുകൊണ്ടുവരുന്ന ഒരു സമീപനമാണ് അത് സ്വീകരിക്കുന്നത്. "വിശാല ചിന്തയോടെ യുവാക്കളുള്ള ഇടങ്ങളിലേയ്ക്ക് അത് കടന്നു ചെല്ലുന്നു. പരിശുദ്ധാത്മാവ് നൽകുന്ന സ്വാഭാവിക കഴിവുകളെയും വരദാനങ്ങളെയും അത് പരിപോഷിപ്പിക്കുന്നു. സ്വന്ത ചുറ്റുപാടുകളിൽ സ്വാഭാവിക നേതാക്കളായ ഈ യുവ വിശ്വാസികളുടെ മേലെ തടസ്സങ്ങളും നിയമങ്ങളും നിയന്ത്രണങ്ങളും നിർബന്ധിത ഘടനകളും അടിച്ചേൽപ്പിക്കുന്നത് ഒഴിവാക്കാൻ ഈ സമീപനം പരിശ്രമിക്കുന്നു. നാം ചെയ്യേണ്ടത് ഇത് മാത്രമാണ്, തന്റെ ആഗ്രഹപ്രകാരം പ്രവർത്തിക്കുന്ന ദൈവാത്മാവിന്റെ ഉത്കൃഷ്ടബുദ്ധിയിൽ കുറച്ചുകൂടെ ആശ്രയമർപ്പിച്ച് യുവാക്കളുടെ കൂടെ നടക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും മാത്രം നാം ശ്രമിച്ചാൽ മതി." (#230) ഇങ്ങനെ യുവാക്കളിൽ വിശ്വാസമർപ്പിച്ചു നമ്മളും അവരും 'ഓക്കേ' എന്ന് കരുതുന്ന ഒരു ക്രിയാത്മക സമീപനത്തിന് മാത്രമേ ഇന്നത്തെ യുവാക്കൾക്കിടയിൽ സമ്പന്ന ഫലങ്ങൾ പുറപ്പെടുവിക്കാനാകൂ.

*ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർ പട്ടം സ്വീകരിച്ചിട്ടുണ്ട്.*




# ഹൃദയസ്പർശിയായ കലാസൃഷ്ടി

യേശു ക്രിസ്തുവിന്റെ ജീവചരിത്രത്തെ ആസ്പദമാക്കി, ബഹുഭാഷാപണ്ഡിതനും മലയാള-സംസ്കൃതഭാഷകളിൽ നിപുണനുമായ അർണോസ് പാതിരി രചിച്ച പുത്തൻപാന *(മിശിഹായുടെ പാന)* രക്ഷാകര ചരിത്രത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന ഒന്നാണ്. മാനവകുലത്തിന്റെ രക്ഷയ്ക്കായി സ്വന്തം മകൻ പീഡകൾ ഏറ്റുവാങ്ങി കുരിശുമരണം വരിച്ചപ്പോൾ പെറ്റമ്മ അനുഭവിച്ച മനോവ്യഥയുടെ നേർക്കാഴ്ചയാണ് പുത്തൻപാന. പുതിയ തലമുറയ്ക്ക് അപരിചിതമായിക്കൊണ്ടിരിക്കുന്ന ഈ കലാസൃഷ്ടി അതിന്റെ തനിമയോടുകൂടി അവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കെയ്റോസ് സ്റ്റുഡിയോ *(കെയ്റോസ് യൂട്യൂബ് ചാനൽ)* പുത്തൻപാനയുടെ പുനഃരവതരണം ഒരുക്കിയിരിക്കുന്നത്.

വലിയനോയമ്പിൽ ഏറെ ഭക്തിപൂർവം നമ്മുടെ ദേവാലയങ്ങളിലും കുടുംബങ്ങളിലും പുത്തൻപാന ആലപിച്ചിരുന്നു. ഇന്ന് വീണ്ടും ആ പഴയ പാരമ്പര്യത്തിലേക്ക് മടങ്ങി പോകാനുള്ള ശ്രമങ്ങൾ ആരംഭിച്ചു എന്നത് ആശാവാഹമാണ്. ഹൃദയം നുറുങ്ങുന്ന വേദനയോടെയും ഈറനണിഞ്ഞ കണ്ണുകളോടെയും അല്ലാതെ ഇതു കേട്ട് തീർക്കാനാവില്ല. ധ്യാനാത്മകമായി ഒരുവട്ടം പുത്തൻപാന ഒന്ന് ശ്രവിക്കുകയോ, ആലപിക്കുകയോ, ചെയ്യുമ്പോൾ ആത്മീയ നിറവിലേക്കും ഈശോയുടെ സ്നേഹത്തിന്റെ ആഴത്തിലേക്കും നമ്മൾ അറിയാതെ എത്തിച്ചേരും.

ആത്മീയതയുടെ ഈ വിരുന്ന് ആസ്വദിക്കാൻ ആഗ്രഹിക്കുന്നവർ താഴെക്കൊടുത്തിരിക്കുന്ന QR Code സ്കാൻ ചെയ്യുക.

ഹൃദയസ്പർശിയായി ഈരടികൾ ആലപിച്ചിരിക്കുന്നത് ഹിമ ബിജുവാണ്.

# ആനന്ദകരമായ ജീവിതത്തിന് ആരോഗ്യ അച്ചടക്കം അനിവാര്യമോ ?

**കവർസ്റ്റോറി - ഡോ. സിന്ധു ജേക്കബ്**

ജീവനും ജീവിതവും അമൂല്യമാണ്. അത് ദൈവത്തിന്റെ ദാനമാണ്. പലപ്പോഴും ഈ യാഥാർത്ഥ്യം നാം തിരിച്ചറിയാതെ പ്രവർത്തിക്കുന്നതുകൊണ്ട് പല പ്രത്യാഘാതങ്ങളെയും നേരിടേണ്ടതായി വന്നിട്ടുണ്ടാകും. യൂണിഫോം, ജോലിക്ക് കയറുന്നതിനു മുൻപും പിൻപും പഞ്ചിംഗ്, അങ്ങനെ പല കാര്യങ്ങളിലും കൃത്യനിഷ്ഠ പുലർത്തുന്ന നാം ആരോഗ്യ കാര്യത്തിൽ ഇത്തരം നിഷ്ഠകളൊന്നും പാലിക്കുന്നില്ല എന്നത് ഖേദകരമാണ്. ഇന്ന് നാം നേരിടുന്ന പല ആരോഗ്യ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും പിന്നിൽ നമ്മുടെതന്നെ തെറ്റായ പ്രവൃത്തികളാണ്.  ജീവിത വിജയത്തിന് ഏറ്റവും അത്യാവശ്യമായി ഘടകമാണ് നല്ല ആരോഗ്യം. അത് ചിട്ടയോടെ പാലിക്കപ്പെടേണ്ട ഒന്നാണ്. നല്ല വീടും, സമ്പത്തും ജോലിയും എല്ലാം ഉണ്ടാക്കിയെടുക്കാനുള്ള വ്യഗ്രതയിൽ നമ്മൾ പലപ്പോഴും മറന്നു പോകുന്ന  പ്രധാന കാര്യമാണ് ആരോഗ്യമുള്ള മനസ്സും ശരീരവും.

ജീവിതത്തിൽ എല്ലാവരും ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് എന്താണെന്നു ചോദിച്ചാൽ ഓരോരുത്തരുടെയും ഉത്തരങ്ങൾ വ്യത്യസ്തമായിരിക്കും; എങ്കിലും ഉത്തരങ്ങളുടെയെല്ലാം അടിസ്ഥാനം സന്തോഷത്തോടെയായിരിക്കുക എന്നതായിരിക്കും. സന്തോഷത്തോടെ ആയിരിക്കാനായി പലരും പലതും ചെയ്യുന്നു. എന്നാൽ, യഥാർഥത്തിൽ ചെയ്യേണ്ടത് ആരോഗ്യത്തെയും ജീവിത ശൈലികളെയും ചിട്ടപ്പെടുത്തിയെടുക്കുക എന്നതാണ്. മാനസിക ആരോഗ്യവും ശാരീരിക ആരോഗ്യവും പരസ്പരപൂരകങ്ങളാണ്. ഒന്നില്ലാതെ മറ്റൊന്നിന് നിലനിൽപ്പില്ല.

## മാനസിക ആരോഗ്യം

മൂല്യവത്തും ഉല്ലാസ പൂർണവുമായ കാര്യങ്ങൾ ആസ്വദിച്ച് ചെയ്യുമ്പോഴാണ് ശരിയായ മാനസിക ആരോഗ്യം നമുക്ക് ലഭിക്കുക. അതിനായി സ്വന്തം ശക്തിയും ഗുണവും തിരിച്ചറിയുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. നമ്മെ ഭരിക്കുന്ന തലച്ചോറിലെ പ്രധാനപ്പെട്ട ഹോർമോണുകളായ ഡോപ്പമിനും (Dopamine) ഓക്സിറ്റോസിനും (Oxytocin) സെറട്ടോണിൻ (Serotonine) എന്റോർഫിൻ (Endorphin) എന്നിവയുടെ ഒരു താളാത്മകമായ ഉത്പാദനമാണ് മാനസിക ആരോഗ്യത്തെ നിയന്ത്രിച്ചുവരുന്നത്. അത് സ്വാഭാവികമായി സംഭവിക്കാൻതക്ക അനുഭവങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉണ്ടാകണം. അതിനനുയോജ്യമായ ഒരു ജീവിത ശൈലി വേണ്ടതുണ്ട്. പ്രതിസന്ധികൾ ഇല്ലാത്ത ജീവിതമില്ല. അവിടെ കാലിടറി വീഴാതെ, പിടിച്ചു കയറാനുള്ള ഉൾക്കരുത്തിന് മനസ്സിന്റെ പ്രതിരോധവും ശരീരത്തിന്റെ പ്രതിരോധശക്തിയും അത്യാവശ്യമാണ്. അതുകൊണ്ടുതന്നെ ആരോഗ്യ പരിപാലനവും ചിട്ടയായ ഒരു ജീവിത ശൈലിയും വളരെ പ്രധാനമാണ്.

## ശാരീരിക ആരോഗ്യം

സമീകൃതമായ ഭക്ഷണം ശരിയായ സമയത്ത് കഴിക്കുക, വ്യായാമം ചെയ്യുക, മടികൂടാതെ കർമനിരതരായിരിക്കുക, ആവശ്യമായ ഉറക്കം ഉറപ്പാക്കുക, മാരക പദാർഥങ്ങൾ ലഹരിപദാർഥങ്ങൾ ഇവ ഉപയോഗിക്കാതിരിക്കുക എന്നിവയിലൂടെ ഒരു ചിട്ടയായ ജീവിത ശൈലി ക്രമപ്പെടുത്തി എടുക്കാവുന്നതാണ്. കാലത്തിനനുസരിച്ച ഒരു ആഹാരരീതി പണ്ടേ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. പലതും നമ്മൾ മറന്നു പോയിരിക്കുന്നു. പുതുതലമുറയ്ക്ക് ആകട്ടെ അതെക്കുറിച്ച് കാര്യമായ അറിവൊന്നുമില്ല.

പൊതുവേ ആരോഗ്യവും ദഹന ശക്തിയും കുറയുന്ന കാലമാണ് മഴക്കാലം. അതുകൊണ്ടുതന്നെ അന്നജവും മാംസ്യവും (Carbohydrate and protein) അടങ്ങിയ ഭക്ഷണപദാർഥങ്ങൾ കഴിക്കണം. വിറ്റാമിനുകളും ധാതുലവണങ്ങളും അതിനോടൊപ്പം ഉണ്ടെങ്കിലേ രോഗപ്രതിരോധ ശക്തി വർധിക്കുകയുള്ളൂ. നെല്ല് പുഴുങ്ങിയെടുത്ത



**ജീവിതത്തിൽ എല്ലാവരും ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് എന്താണെന്നു ചോദിച്ചാൽ ഓരോരുത്തരുടെയും ഉത്തരങ്ങൾ വ്യത്യസ്തമായിരിക്കും; എങ്കിലും ഉത്തരങ്ങളുടെയെല്ലാം അടിസ്ഥാനം സന്തോഷത്തോടെയായിരിക്കുക എന്നതായിരക്കും.**

തവിട് കളയാത്ത പുഴുക്കലരി പോളിഷ് ചെയ്ത വെള്ള അരിയേക്കാൾ ഗുണമുള്ളതാണ്. തയാമിൻ, നിയാസിൻ, റൈബോഫ്ലാവിൻ എന്നീ B വിറ്റാമിനുകൾ അതിലുണ്ട്. തയാമിൻ ശരീരത്തിലെ കോശങ്ങളിൽ അന്നജത്തെ വേഗത്തിൽ ഊർജമാക്കി മാറ്റുവാൻ സഹായിക്കുന്നു.

പച്ചക്കറികൾ ശരീരത്തിന് അനിവാര്യമായ പല വിറ്റാമിനുകളുടെയും സ്രോതസ്സാണ്. നാരുകൾ അടങ്ങിയ പദാർഥങ്ങൾ സുഗമമായ ദഹനപ്രക്രിയയ്ക്ക് സഹായിക്കുന്നു. കറികളിൽ നമ്മൾ ചേർക്കുന്ന മഞ്ഞളിൽ അടങ്ങിയിരിക്കുന്ന കുർക്കുമിൻ രോഗപ്രതിരോധശക്തി വർധിപ്പിക്കുന്നതോടൊപ്പം സന്ധിവാതം ദഹനസംബന്ധമായ രോഗങ്ങൾ ഇവയ്ക്ക് ഏറ്റവും ഫലപ്രദമായ ഔഷധം കൂടിയാണ്.

ശരിയായ ആരോഗ്യം നിലനിറുത്തണമെങ്കിൽ ഹിതമായതും നല്ല ഗുണമുള്ളതും ചെറിയ തീയിൽ പാകം ചെയ്തു എടുത്തതുമായ ആഹാരം മിതമായ അളവിൽ കഴിക്കണം എന്നതാണ് പ്രധാനപ്പെട്ട കാര്യം. ഉഷ്ണകാലത്ത് വെള്ളം ധാരാളം അടങ്ങിയ പച്ചക്കറികളും ഫലവർഗങ്ങളും കഴിക്കുകയും കൊഴുപ്പ് കൂടിയ ഭക്ഷണം കുറയ്ക്കുകയും വേണം.

**കൈയിലുള്ളത് എന്തും നഷ്ടപ്പെട്ടു പോകുമ്പോഴാണ് നാം അതിലെ മൂല്യം തിരിച്ചറിയുക. അത് നമ്മുടെ കുടുംബബന്ധങ്ങളുടെ കാര്യത്തിൽ ആയാലും ആരോഗ്യത്തിന്റെ കാര്യത്തിലായാലും അങ്ങനെതന്നെയാണ്.**

വ്യായാമം ചിട്ടയായ ജീവിതരീതിക്ക് ഏറ്റവും ആവശ്യമായ ഒരു ഘടകമാണ്. പേശികളുടെയും എല്ലുകളുടെയും ബലം, ശാരീരിക ക്ഷമത ഇവയ്ക്ക് ആഹാരം കഴിഞ്ഞാൽ ഏറ്റവും അനിവാര്യം വ്യായാമം ആണ്. ശരീരത്തിനു മുഴുവനായും ആവശ്യമുള്ള വ്യായാമങ്ങൾ കൂടാതെ പ്രത്യേക ശരീരഭാഗങ്ങൾക്ക് പ്രത്യേക വ്യായാമങ്ങൾ ആവശ്യാനുസരണം ചെയ്യേണ്ടതുണ്ട്. ശ്വസന വ്യായാമങ്ങൾ ചെയ്യുമ്പോൾ ശ്വാസകോശത്തിന്റെ വികസനവും പേശികളുടെ ശക്തിയും വർധിക്കുന്നു.

ആവശ്യത്തിന് വെള്ളം കുടിക്കേണ്ടത് ശരിയായ ആരോഗ്യപരിപാലനത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ്. ശരീരത്തിന് അത്യാവശ്യം വേണ്ട ഘടകങ്ങളായ ധാതുക്കളും ലവണങ്ങളും ആവശ്യമായ അളവിൽ ഉപയോഗിച്ച്, ബാക്കിയുള്ളത് വൃക്കകൾ അരിച്ചുമാറ്റി മൂത്രത്തിലൂടെ പുറത്തേക്ക് ഒഴുക്കുന്നു. കാൽസ്യം, ഫോസ്ഫേറ്റ്, ഓക്സിലേറ്റ്, യൂറിക്കാസിഡ് എന്നിവ ശരിയായി പുറത്തേക്ക് പോകേണ്ടതാണ്. അല്ലാത്തപക്ഷം വൃക്കയിൽ അടിഞ്ഞുകൂടി കല്ല് രൂപം കൊള്ളുന്നു. അത് ഒഴിവാക്കണമെങ്കിൽ ആവശ്യമായ വെള്ളം കുടിക്കണം. ഉപ്പ് മിതമായേ ഉപയോഗിക്കാവൂ.

ഇന്ന് മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ ആരോഗ്യപ്രശ്നമാണ് ജീവിതശൈലി രോഗങ്ങൾ. ഇന്ന് ലോകത്ത് സംഭവിക്കുന്ന മരണങ്ങളിൽ 70% ജീവിതശൈലി രോഗങ്ങൾകൊണ്ടാണ്. അമിത ബിപി, കരൾ രോഗങ്ങൾ, സ്ത്രീകളിലെ അണ്ഡാശയ രോഗങ്ങളായ PCOD എന്നീ ജീവിതശൈലി രോഗങ്ങളുടെ കാര്യത്തിൽ കേരളം മുന്നിലാണ്. അനാരോഗ്യകരമായ ഭക്ഷണ ശൈലി നാം മാറ്റണം. എണ്ണയും കൊഴുപ്പും കുറഞ്ഞ ഭക്ഷണം സമയാസമയങ്ങളിൽ ആവശ്യത്തിനു മാത്രം കഴിക്കണം, ഉദാസീനത, പുകവലി, മദ്യപാനം, ഉയർന്ന മാനസിക സമ്മർദം എന്നിവയിൽ നിന്ന് പൂർണമായി വിട്ടുനിൽക്കണം. ചെറുപ്രായം മുതൽ തന്നെ കുട്ടികളെ അനാരോഗ്യകരമായ ആഹാരങ്ങൾ ശീലിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണം. പച്ചക്കറികൾ, പഴവർഗങ്ങൾ, മുട്ട എന്നിവ കൃത്യമായി അളവിൽ കഴിച്ചിരിക്കണം. ഇതുകൂടാതെ ഫാസ്റ്റ് ഫുഡ് ഉപയോഗം കുറയ്ക്കുകകൂടി ചെയ്താൽ ആരോഗ്യപരമായ ഒരു ജീവിതവും ജീവിതശൈലിയും രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് സാധിക്കും.

## കുടുംബം ആരോഗ്യ അച്ചടക്കത്തിന്റെ കേന്ദ്രം

ആരോഗ്യ പരിപാലനത്തിനും, ചിട്ടയായ വ്യായാമത്തിനും കുടുംബങ്ങൾ ഊന്നൽ നൽകുന്നതോടൊപ്പം കുടുംബബന്ധങ്ങളെ ഊഷ്മളമാക്കാനും ശ്രദ്ധിക്കണം. നിത്യേന ചെയ്യേണ്ട കാര്യങ്ങൾ സന്തോഷത്തോടെ ചെയ്യാൻ കുടുംബത്തിൽ എല്ലാവരും ശ്രദ്ധിക്കണം. ഉപാധികൾ ഇല്ലാതെ സ്നേഹിക്കാനും പറയാതെതന്നെ മറ്റൊരാളുടെ ഇഷ്ടങ്ങളെ തിരിച്ചറിയാനും കുടുംബത്തിലുള്ളവർക്ക് കഴിയണം. കുടുംബത്തിന്റെ മാനസികവും ശാരീരികവുമായ ആരോഗ്യം വളരെ പ്രധാനപ്പെട്ടതാണ്. കുടുംബാംഗങ്ങൾക്ക് ഓരോരുത്തർക്കും ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവാദിത്വമുണ്ട്. കൈയിലുള്ളത് എന്തും നഷ്ടപ്പെട്ട് പോകുമ്പോഴാണ് നാം അതിലെ മൂല്യം തിരിച്ചറിയുക. അത് നമ്മുടെ കുടുംബബന്ധങ്ങളുടെ കാര്യത്തിൽ ആയാലും ആരോഗ്യത്തിന്റെ കാര്യത്തിലായാലും അങ്ങനെ തന്നെയാണ്. അവയൊന്നും നഷ്ടമാകാതിരിക്കാൻ നമുക്ക് പ്രാർഥിക്കാം, പ്രയത്നിക്കാം.

പ്രാർഥന ആത്മീയ വളർച്ചയ്ക്ക് എന്നതുപോലെ തന്നെ ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യത്തിന് സഹായകമാകുന്നുവെന്ന് ആധുനിക പഠനങ്ങൾ പോലും ശരിവയ്ക്കുന്നു. രാവിലെ ഉണർന്ന് പ്രാർഥിക്കുമ്പോൾ നമ്മുടെ ശരീരത്തിനും മനസ്സിനും ആവശ്യമായ പോസിറ്റീവ് എനർജി ലഭിക്കുന്നു. നമ്മുടെ ആത്മവിശ്വാസം വർധിക്കുന്നു. ഇതെല്ലാം നമ്മുടെ ജീവിതത്തിന് അനിവാര്യമാണ്. അല്പമൊന്ന് ശ്രദ്ധിച്ചാൽ, അല്പം മിതത്വം പാലിച്ചാൽ, നമ്മുടെ ശരീരവും മനസ്സും ഒരുപോലെ പ്രസന്നമാകും. അതിനായി നമുക്ക് പ്രാർഥിക്കാം, പ്രവർത്തിക്കാം.


*ഡോ. സിന്ധു ജേക്കബ്, ആശംസ് ഹോമിയോ ക്ലിനിക്, പാലക്കാട്; ഭർത്താവ്: ഡോ. ഷാജൻ തോമസ്; രണ്ട് മക്കൾ; പാലക്കാട് താമസം.*

# എന്തുകൊണ്ട് ഈ ദുരന്തം?

ആഗ്നലിന്റെ നഷ്ടം ഒരു കുടുംബത്തിന്റെ നഷ്ടം മാത്രമല്ല, ഒരു പ്രദേശത്തിന്റെയും കൂടി നഷ്ടമാണ്. ആഗ്നലിനെ 11 വയസ്സു മുതൽ ഞാൻ നേരിട്ടറിയുന്നതാണ്. അവനു ആദ്യ കുർബാന കൊടുത്തത് ഞാനാണ്. അന്നുമുതൽ അവൻ കപ്രശ്ശേരി പള്ളിയിലെ അൾത്താര സംഘത്തിലെ ഒരു സജീവ അംഗമാണ്. മിടുക്കനായിരുന്നു. വീട്ടുകാർക്കും നാട്ടുകാർക്കും പ്രിയപ്പെട്ടവൻ. നല്ല കൂട്ടുകെട്ട്. അവനെക്കുറിച്ച് ആർക്കും ഒരു എതിരഭിപ്രായവുമില്ല. പിന്നെ എന്തുകൊണ്ട് ഈ ദുരന്തം ഉണ്ടായി?

മാതാപിതാക്കൾക്കളേ, സോഷ്യൽ മീഡിയയുടെ ഉപയോഗത്തെക്കുറിച്ച് നാം വേണ്ടപ്പോൾ വേണ്ടതുപോലെ പറഞ്ഞ് മനസ്സിലാക്കി കൊടുത്തിട്ടുണ്ടോ? നമ്മുടെ പള്ളി സ്കൂളുകളിലും വേദപാഠ ക്ലാസ്സുകളിലും, കുട്ടികളെയും മാതാപിതാക്കന്മാരെയും നാം വേണ്ടതുപോലെ ഒരുക്കിയിട്ടുണ്ടോ? ആഗ്നലിന്റെ വേർപാട് ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉയർത്തുന്നു. വിശ്വാസ പരിശീലന പാഠ പദ്ധതികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സമകാലീന പ്രശ്നങ്ങളെ ധൈര്യസമേതം നേരിട്ട് അതിജീവിക്കാനുള്ള പരിശീലനം കുട്ടികൾക്ക് കൊടുക്കേണ്ടതല്ലേ? അവന്റെ വേർപാടുമായി സമരസപ്പെടുവാൻ എനിക്കും ഇതുവരെ സാധിച്ചിട്ടില്ല. അവന്റെ നിഷ്കളങ്കതയും നാണംകുണുങ്ങിയുള്ള പെരുമാറ്റവും ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

സഭാ നേതൃത്വം ഇത്തരം പ്രശ്നങ്ങളെ ശാസ്ത്രീയമായി പഠിച്ചു, മാതാപിതാക്കന്മാരെയും കുട്ടികളെയും കാലത്തിന്റെ മാറ്റങ്ങൾ നേരിടാൻ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇതാണ് ആഗ്നലിന്റെ വേർപാട് നമ്മെ പഠിപ്പിക്കുന്ന, ഓർമപ്പെടുത്തുന്ന, പ്രഥമവും പ്രധാനവുമായ പാഠം. ആഗ്നൽ ദൈവത്തിന്റെ സന്നിധിയിൽ എത്തിയിട്ടുണ്ടെന്ന് നമുക്ക് വിശ്വസിക്കാം. മറിച്ചാകാൻ യാതൊന്നും ഞാൻ അവന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ഇത്തരത്തിലുള്ള വേർപാട് എന്നും ദുഃഖം കിനിയുന്നതാണെന്ന് മറക്കാതിരിക്കുക. സോഷ്യൽ മീഡിയാ കശ്മലന്മാർ നമ്മുടെ വീടുകളിലേക്കും ഇതുപോലെ സംഹാര താണ്ഡവവുമായി കടന്നു വരാതിരിക്കട്ടെ. ആഗ്നലിന്റെ കുടുംബത്തിന് വേണ്ടി നമുക്ക് പ്രാർഥിക്കാം.



*സ്നേഹത്തോടെ,*

*ഫാദർ പോൾ കോട്ടക്കൽ (സീനിയർ)*

## പതിനാലുകാരന്റെ ആത്മഹത്യ: ഓൺലൈൻ ഗെയിമിലേക്ക് അന്വേഷണം

**കൊച്ചി:** കൊച്ചിയിൽ പതിനാലുകാരൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം ഊർജിതമാക്കി പൊലീസ്. കുട്ടിയുടെ അമ്മയുടെ ഫോണിൽ ഡെവിൾ എന്ന ഓൺലൈൻ ഗെയിം ഇൻസ്റ്റാൾ ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തി. ഗെയിമിൽ നൽകിയ ടാസ്കാണ് മരണത്തിലേക്ക് നയിച്ചതെന്നാണ് പൊലീസിന്റെ സംശയം.

മഴക്കോട്ടുകൊണ്ട് ശരീരമാകെ മൂടി കൈകളും കാലുകളും കെട്ടി വായിൽ ടേപ്പ് ഒട്ടിച്ച് ഫാനിൽ തൂങ്ങിയ നിലയിലായിരുന്നു മൃതദേഹം. കുട്ടി ഉപയോഗിച്ച മൊബൈൽ ഫോൺ ഫൊറൻസിക് പരിശോധനയ്ക്ക് അയച്ചു. ദുരൂഹമായ സാഹചര്യത്തിൽ മൃതദേഹം കണ്ടതാണ് ഓൺലൈൻ ഗെയിമാണോ മരണകാരണമെന്ന അന്വേഷണത്തിലേക്ക് പൊലീസിനെ എത്തിച്ചത്.

കഴിഞ്ഞ ദിവസമാണ് എറണാകുളം ചെങ്ങമനാട് വടക്കുഞ്ചേരി വീട്ടിൽ ജെയ്മിയുടെ മകൻ ആഗ്നൽ ആത്മഹത്യ ചെയ്തത്. വെള്ളിയാഴ്ച വൈകിട്ട് സ്കൂളിൽ നിന്ന് വീട്ടിലെത്തി ഭക്ഷണം കഴിഞ്ഞ് മുറിയിലേക്ക് പോയ ശേഷമായിരുന്നു സംഭവം. വാതിൽ തുറക്കാതായതോടെ പിതാവ് ചവിട്ടി തുറക്കുകയായിരുന്നു. കുട്ടിയെ ഫാനിൽ തൂങ്ങിയ നിലയിലാണ് കണ്ടത്. ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു.

*(വാർത്ത: ദേശാഭിമാനി, ജൂലായ് 22)*

**കവർസ്റ്റോറി** - ഡോ. കൊച്ചുറാണി ജോസഫ്

# സംസാരത്തിൽ അച്ചടക്കം ആവശ്യമോ?



ഒരു ഭർത്താവ് ജോലികഴിഞ്ഞു വീട്ടിലെത്തി കോളിംഗ് ബെൽ അടിച്ചു, വാതിൽ തുറക്കാനായി കാത്തുനിന്നു. രണ്ടു മൂന്നു പ്രാവശ്യം ബെല്ലടിച്ചിട്ടും ഭാര്യ കതക് തുറക്കാത്തതിനാൽ അയാൾ ദേഷ്യപ്പെട്ട് നിൽക്കുമ്പോൾ അയൽപക്കത്തെ വീട്ടിൽനിന്നും രണ്ട് തക്കാളിയുമായി ഭാര്യ വരുന്നതു കണ്ടു കലിതുള്ളി  അദ്ദേഹം ചോദിച്ചു: "എവിടെപ്പോയി കിടക്കുകയായിരുന്നു ഇതുവരെ?" ആ വാചകത്തിലെ കിടക്കുക എന്ന വാക്ക് അവൾക്ക് ഇഷ്ടപ്പെട്ടില്ല. അവൾ മറുപടി പറഞ്ഞു: "അവിടെ ഇവിടെയും പോയികിടക്കുന്നത് ഞങ്ങടെ വീട്ടുകാരല്ലാ, നിങ്ങളുടെ വീട്ടുകാരാണ്" കുറച്ചു ദിവസങ്ങൾക്കു മുൻപ് അയാളുടെ സഹോദരി തനിക്ക് ഇഷ്ടപ്പെട്ട പുരുഷനുമായി ഒളിച്ചോടിയിരുന്നു. അവൾ പരാമർശിച്ചത് ഇതുതന്നെയായിരുന്നു. അടുത്ത രംഗം അവിടെ എന്തായിരിക്കും എന്ന് നമുക്ക് ഊഹിക്കാം.

എന്തായിരിക്കും ഈ സംഭാഷണത്തിലെ അപാകത? അതിപ്രകാരമായിരുന്നെങ്കിൽ നല്ലതായിരുന്നു; ഭാര്യ വരുന്നത് കണ്ടിട്ട് ഭർത്താവ് പറയുന്നു: "ഞാൻ കുറേ നേരമായി വെയിറ്റ് ചെയ്യുന്നു. നീ എന്ത് ചെയ്യുകയായിരുന്നു?" അല്ലെങ്കിൽ "നീ എവിടെയായിരുന്നു?" അപ്പോൾ അവൾ പറയും: "ചേട്ടാ ഞാൻ കറിവയ്ക്കാൻവേണ്ടി തുടങ്ങിയപ്പോഴാണ് തക്കാളി ഇല്ലല്ലോ എന്നോർത്തത്. പെട്ടെന്ന് അപ്പുറത്തെ വീട്ടിൽനിന്ന് രണ്ട് തക്കാളി മേടിച്ചോണ്ടുവരാമെന്ന് വിചാരിച്ചു പോയതാണ്. പക്ഷേ, വർത്തമാനം പറഞ്ഞുനിന്നുപോയി. ചേട്ടൻ ഇരിക്കൂ, ഞാൻ ഇപ്പോൾതന്നെ ചായ ഇട്ടു തരാം." ഇങ്ങനെ അതീവ ഹൃദ്യമായി അവസാനിക്കേണ്ട ഒരു സായാഹ്നം അലമ്പാക്കിയത് സംസാരത്തിൽ മാന്യത ഇല്ലാതെ പോയതുകൊണ്ടാണ്.

നമ്മുടെ സംസാരത്തിന്റെയും ആശയവിനിമയത്തിന്റെയും ശീലങ്ങൾ നിയന്ത്രിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ബൈബിളിൽ നമ്മൾ വായിക്കുന്നു; "സ്വന്തം അധരങ്ങളെയും നാവിനെയുംനിയന്ത്രിക്കുന്നവൻ ഉപദ്രവങ്ങളിൽനിന്നു രക്ഷപെടുന്നു" (സുഭാ 21,23). "വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ തന്റെ ജീവൻ സുരക്ഷിതമാക്കുന്നു" ((സുഭാ 13,3). വി. യാക്കോബും ഇതുപോലെ തന്നെ നാവിന്റെ ഉപയോഗത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്; "നാവ് വളരെ ചെറിയ അവയവമാണ്. എങ്കിലും അതു വൻപു പറയുന്നു. ചെറിയ ഒരു തീപ്പൊരി എത്ര വലിയ വനത്തെയാണു ചാമ്പലാക്കുക! നാവു തീയാണ്; അതു ദുഷ്ടതയുടെ ഒരു ലോകം തന്നെയാണ്. നമ്മുടെ അവയവങ്ങളിലൊന്നായ അത് ശരീരം മുഴുവനെയും മലിനമാക്കുന്നു" (യാക്കോ 3,5-6).

ഈശോ ശക്തമായി നമ്മളോട് സംസാരിക്കുന്നത് ഇപ്രകാരമാണ്: "മനുഷ്യർ പറയുന്ന ഓരോ വ്യർഥ വാക്കിനും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടിവരും. നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും; നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും" (മത്താ, 12,36-37). "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നന്മ പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ തിന്മയിൽ നിന്നു തിന്മ പുറപ്പെടുവിക്കുന്നു. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്" (ലൂക്കാ 6,45). ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നു. നാവിന്റെ ശരിയായ ഉപയോഗത്തിന് നല്ല ചിന്തകൾ അത്യാവശ്യമാണ്. അതിന് നല്ല വായനയും ശരിയായ സുഹൃത്തുക്കളും മാന്യമായ ഇടപെടലുകളും അത്യാവശ്യമാണ്.

## എന്താണ് സംസാരവുമായി ബന്ധപ്പെട്ട അച്ചടക്കം? അഥവാ എപ്രകാരമാണ് അത് സാധ്യമാകുന്നത്?

**1. നമ്മൾ എന്ത് പറയുന്നു എന്നതിൽ ശ്രദ്ധയും വിവേകവും പുലർത്തണം:** മുഖാമുഖ സംഭാഷണങ്ങൾക്കും ഓൺലൈൻ സന്ദേശങ്ങൾക്കും ഇത് ബാധകമാണ്. ഇതിൽ ടെക്സ്റ്റുകൾ, ഇമെയിലുകൾ, ട്വീറ്റുകൾ, ഫേസ്ബുക്ക് പോസ്റ്റുകൾ, ഓൺലൈൻ ഫോറങ്ങളിലെ കമന്റുകൾ, ഫോർവേഡുകൾ എന്നിവ ഉൾപ്പെടുന്നു.

**2. നമ്മൾ പറയുന്ന കാര്യങ്ങളുടെ ഉള്ളടക്കം പരിശോധിക്കുക:** അത് സത്യവും പ്രസക്തവുമാണോ? ഇത് സഹായകരമാണോ? ഏത് വിശ്വസനീയമായ ഉറവിടത്തെ അടിസ്ഥാനമാക്കിയാണ്? ഇത് കേവലം വൈകാരിക



അഭിപ്രായമാണോ? കേട്ടുകേൾവിയാണോ? സാഹചര്യത്തിന് അനുയോജ്യവും ഫലപ്രദവുമാണോ? അത് സാഹചര്യം മെച്ചപ്പെടുത്തുമോ?

**3. നമ്മൾ എന്തുകൊണ്ടാണ് പറയുന്നത് എന്നതിൽ അച്ചടക്കം പാലിക്കുക:** നിങ്ങൾ അത് പറയുവാൻ നിയുക്തനാണോ? ഇതിലൂടെ നിങ്ങൾ ആരെയെങ്കിലും സഹായിക്കാനോ ഉപദ്രവിക്കാനോ ശ്രമിക്കുന്നുണ്ടോ? നിങ്ങൾ വെറുതെ ഗോസിപ്പുകൾ പ്രചരിപ്പിക്കുകയാണോ? നിങ്ങൾ എളിമയിൽ നിന്നാണോ അതോ അഹങ്കാരത്തിൽ നിന്നാണോ സംസാരിക്കുന്നത്?

**4. നമ്മൾ എങ്ങനെ പറയുന്നു എന്നതിൽ അച്ചടക്കം പാലിക്കുക:** നിങ്ങൾ സംസാരിക്കുന്നതിനോ എഴുതുന്നതിനോ പോസ്റ്റുചെയ്യുന്നതിനോ ഉള്ളരീതി പരിശോധിക്കുക. പ്രകോപിക്കുകയോ നിന്ദിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യാനാണോ ഉദ്ദേശിക്കുന്നത്? അതോ ഫലപ്രദവും ആകർഷകവും പ്രയോജനപ്രദവുമായ രീതിയിൽ നിങ്ങൾ സന്ദേശങ്ങൾ അയക്കുകയാണോ?

**തമിഴ് ഭാഷയിലെ ഒരു ചൊല്ല് ഇപ്രകാരമാണ്:** അൻപാകെ പേശു – സ്നേഹത്തോടെ പറയുക, ഇനിമയാകെ പേശു – മധുരമായി പറയുക, മെദുവാകെ പേശു – മൃദുവായി പറയുക, ഉണ്മയെ പേശു – സത്യം പറയുക, നന്മയെ പേശു – നന്മ പറയുക, ചിന്തിച്ചു പേശു – ചിന്തിച്ചു പറയുക, പേശാമിരിന്തും പേശു – മിണ്ടാതിരിക്കാനും പഠിക്കുക.

നമ്മുടെ വാക്കുളിലൂടെയും സംസാരത്തിലൂടെയും മറ്റൊരാളുടെ മാന്യത തകർക്കുന്നത് കൊലപാതക സമാനമാണ്. സംസ്കൃത ഭാഷയിൽ പറയുന്നതുപോലെ 'മിതം ച സാരം ച വചോഹി വാഗ്മിതാ' – മിതവും സാരവത്തും ആയ രീതിയിൽ പറയുന്നതുമാണ് വാഗ്മിത്വം. അതുകൊണ്ട് നല്ലതു പറയുക, നല്ലപോലെ പറയുക, നല്ലതിനുവേണ്ടി പറയുക. അതിന് ഒരു നിശ്ശബ്ദതയുടെ ജ്ഞാനം (A Wisdom of Silence) അഭ്യസിക്കാൻ പഠിക്കണം.

**നാവിന്റെ ശരിയായ ഉപയോഗത്തിന് നല്ല ചിന്തകൾ അത്യാവശ്യമാണ്. അതിന് നല്ല വായനയും ശരിയായ സുഹൃത്തുക്കളും മാന്യമായ ഇടപെടലുകളും അത്യാവശ്യമാണ്.**

*തൃക്കാക്കര ഭാരത് മാതാ കോളേജിൽ എക്കണോമിക്സ് വിഭാഗം മേധാവിയായി റിട്ടയർ ചെയ്ത ഡോ. കൊച്ചുറാണി ജോസഫ് ഭർത്താവിനൊപ്പം കൊച്ചിയിൽ താമസിക്കുന്നു.*

# BE THE TREND SETTERS!



കഴിഞ്ഞ ദിവസത്തെ ക്ലാസ്സിനിടയ്ക്ക് പാഠഭാഗം പഠിപ്പിക്കുന്നതിനിടെ ഉണ്ടായ ചർച്ചയാണ് പശ്ചാത്തലം. കഥയിലെ വിവാഹിതനായ ടൂറിസ്റ്റ് ഗൈഡിന് യാത്രക്കാരായ കുടുംബത്തിലെ ഒരു സ്ത്രീയോട് തോന്നുന്ന അടുപ്പം ആയിരുന്നു ചർച്ചാവിഷയം. പാഠഭാഗം വായിക്കുന്നതിനിടെ മിസ്സ് ഞങ്ങളോട് ചോദിച്ചു: "എന്തായിരിക്കാം ഇതിലേക്ക് നയിച്ചത്?" ഓരോരുത്തരും അഭിപ്രായം പറയാൻ തുടങ്ങി. എല്ലാവർക്കും പല അഭിപ്രായങ്ങൾ ആയിരുന്നു. തുടക്കത്തിൽ ഇതിലെ തെറ്റുകൾ സംസാരിച്ചു തുടങ്ങി. പിന്നീട് നാട്ടിലെ വിശേഷങ്ങൾ, സംഭവങ്ങൾ, എന്നിങ്ങനെ വിഷയം മാറി. അവിടെ പറഞ്ഞതിലെ ചില കാര്യങ്ങൾ ഞാനിവിടെ ചേർക്കുന്നു:



1. ലൈഫ് എക്സ്പീരിയൻസ് ചെയ്യാൻ ഉള്ളതല്ലേ? ലൈഫ് ടൈമിൽ നമ്മുടെ impulses നമ്മൾ ഫോളോ ചെയ്യണം, എല്ലാം ആസ്വദിക്കണം.

2. ഒന്നിനും ബെഞ്ച്മാർക്ക് സെറ്റ് ചെയ്യരുത്. Be unlimited.

3. രണ്ടു വ്യക്തികൾ തമ്മിലുള്ള ബന്ധത്തിൽ അതൃപ്തി തോന്നുമ്പോൾ അതിൽതന്നെ തുടരാതെ തൃപ്തി നൽകുന്നതിലേക്ക് മാറണം.

ഈ മറുപടികളനുസരിച്ച് കഥയിലെ ഈ സംഭവം തികച്ചും നോർമലാക്കിയ മട്ടാണ്. ഇന്നത്തെ നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്നതും ഏറെക്കുറെ ഇതുതന്നെയാണ്. ഫ്രീഡം എന്ന് പറയുമ്പോഴും അതിന് അതിരുകൽപ്പിക്കാതെ എന്തിനും ഏതിനും തുറന്നഴിച്ചുവിട്ടത് പോലെയാണ്. അവിടെ മൂല്യങ്ങൾക്കും ധാർമികതയ്ക്കും സ്ഥാനം ഉണ്ടോ എന്നുള്ളത് സംശയമാണ്. പണ്ടുകാലത്ത് തെറ്റായിട്ട് കണ്ടിരുന്നതെല്ലാം ഇന്ന് നോർമലൈസ് ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ ചുറ്റുപാടിലേക്ക് ഒന്ന് കണ്ണോടിക്കാം. ആഗ്രഹിക്കുന്ന സാധനം ആഗ്രഹിക്കുന്ന സമയത്ത് കൈകളിൽ എത്തുന്നു. ഒരുപക്ഷേ ശരി/തെറ്റ് എന്നുള്ള വേർതിരിവുപോലും ഇല്ലാതായിട്ടുണ്ട്. ചെയ്യുന്നതെല്ലാം പേഴ്സണൽ ചോയ്സ് എന്ന പേരിൽ ആയിത്തീരുന്നു.

എന്താണ് യാഥാർഥ്യം? സമൂഹത്തിന്റെ ഒഴുക്കിനനുസരിച്ച് ഒഴുകുക എന്നുള്ളതാണോ നമ്മുടെ വിളി? ഹോമോസെക്സും, ലിവിങ് ടുഗതറും, ലഹരിയുടെ ഉപയോഗവും പോണോഗ്രഫിയും mastrubation, satanic worship ഒക്കെ നോർമലൈസ് ചെയ്യപ്പെടുന്നു. പാശ്ചാത്യ രീതിയിലേക്ക് ജീവിതം മാറ്റുമ്പോൾ ആണ് വികസിതമായ (developed/ modern/ trending) ആളുകൾ ഒക്കെയായി നാം മാറുന്നത് എന്ന് യുവതലമുറ ചിന്തിക്കുന്നുണ്ടോ? സ്വന്തം ലോകത്തിലേക്ക് ചുരുങ്ങി, തോന്നുന്നത് എന്തും വ്യക്തിസ്വാതന്ത്ര്യം എന്ന നല്ല വാക്കിന്റെ മറപിടിച്ച് ചെയ്തുകൂട്ടുന്നത് ആണോ modernism ? ഇതിൽ നിന്ന് തിരിച്ചുചിന്തിക്കുന്നവരെ ഒരുപക്ഷേ അമ്മാവൻ/അമ്മായി vibe എന്നൊക്കെ വിശേഷിപ്പിക്കും. എന്നാൽ, ഇതിന്റെ അനന്തര ഫലം എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ ? ഓരോ തലമുറ കഴിയുന്തോറും വർധിച്ച് വരുന്ന ഈ ധാർമിക അധഃപതനം തീർത്തും അരാജകത്വം നിറഞ്ഞ ഒരു ലോകമല്ലേ സമ്മാനിക്കുക ?

So, As a ക്രിസ്തുശിഷ്യൻ... Here is our point.

"നിങ്ങൾ ഈലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും" (റോമാ 12,2)

അപ്പോ guys ... This is our call. ഈ സമൂഹത്തിൽ ജീവിക്കുമ്പോൾ trending ആയ എല്ലാ ട്രെൻഡ്സും നമ്മൾ follow ചെയ്യണ്ട ആവശ്യമില്ല. We belong to God, not to the world and its pleasures.

"എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു" (ഗലാ 4 ,19).

ഈശോയുടെ ഇഷ്ടം നമ്മുടെ ട്രെൻഡാക്കാം. അതിൽ നമ്മുടെയും സമൂഹത്തിന്റെയും ഇഷ്ടങ്ങളായ 'വെള്ളം' ചേർക്കരുത്. അങ്ങനെ ലോകത്തിന് നൽകാനാവാത്ത സന്തോഷവും സമാധാനവും നമ്മൾക്ക് ഉണ്ടെന്ന് അവർ മനസ്സിലാക്കി, അതിനു കാരണമായ ഈശോയിലേക്ക് നമ്മുടെ ചുറ്റുമുള്ള ഒരോരുത്തരും എത്തിച്ചേരട്ടെ. Be the change which you desire to make in this world. നമ്മുടെ ക്യാമ്പസിലും, ജോലിസ്ഥലത്തും ട്രെൻഡിന് എതിരെ നീന്തി നമുക്ക് ഈശോയ്ക്ക് സാക്ഷ്യം നൽകാം. Be the trend setters !

*മരിയ ഫ്രാൻസിസ്ക എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ മൂന്നാം വർഷ ബിരുദ വിദ്യാർഥിനിയാണ്. എറണാകുളം സോണൽ ടീൻസ് മിനിസ്ട്രി കോർഡിനേറ്റർ കൂടിയാണ്.*

# ജീസസ് യൂത്തിന്റെ തനിമ

ജീസസ് യൂത്ത് നേതൃത്വത്തിലെ മുൻനിരയിലുള്ളതും സീനിയറുമായ അഡ്വ. റൈജു വർഗീസ് കെയ്റോസിന്റെ അസ്സോസിയേറ്റ് എഡിറ്റർ സുജമോൾ ജോസുമായി നടത്തിയ അഭിമുഖത്തിന്റെ ചില പ്രസക്തഭാഗങ്ങൾ

**തൊണ്ണൂറുകളുടെ ആരംഭം മുതൽ തന്നെ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ നേതൃനിരയിൽ ഉണ്ടല്ലോ. അന്നും ഇന്നും റൈജു ചേട്ടനെ ഈ മൂവ്മെന്റിന്റെ ഒരു കാവൽക്കാരൻ എന്നപോലെ തോന്നിയിട്ടുണ്ട്. ജീസസ് യൂത്തിന്റെ തനിമ കാത്തുസൂക്ഷിക്കാൻ എന്തു കൊണ്ടാണ് ഇത്ര ശ്രദ്ധാലുവായിരിക്കുന്നത്?**

ദൈവത്തിന്റെ പദ്ധതിപ്രകാരം ദൈവം രൂപംകൊടുത്ത ഒരു മുന്നേറ്റം ആണിത്. ഇന്നത് അന്തർദേശീയ തലത്തിൽ വളർന്നിട്ടുണ്ടെങ്കിൽ അത് ദൈവത്തിന്റെ പരിപാലന ഒന്നുകൊണ്ടു മാത്രമാണ്. ചെറുപ്പകാലത്ത് പലപ്പോഴും പ്രസംഗിക്കാൻ ലഭിക്കുന്ന ഒരു വിഷയം 'വിദ്യാർഥികളും അച്ചടക്കവും' എന്നതായിരുന്നു. എന്നാൽ, ജീസസ് യൂത്ത് മുന്നേറ്റത്തെക്കുറിച്ച് പറയുമ്പോൾ നാളിതുവരെ 'ജീസസ് യൂത്തും അച്ചടക്കവും' എന്ന പ്രയോഗം ഒരിക്കലും കേട്ടിട്ടില്ല. അതിന്റെ ആവശ്യകത ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. ജീസസ് യൂത്ത് പ്രോഗ്രാമുകളിലൂടെ ദൈവത്തെ അറിയുന്നതുവഴി, യുവജനങ്ങൾ അവരെത്തന്നെ അറിയുന്നു. അങ്ങനെ ദൈവത്തെ അറിഞ്ഞ അവർ യേശുക്രിസ്തുവിനെ ജീവിതത്തിന്റെ കർത്താവും നാഥനുമായി സ്വീകരിക്കുന്നു. അതുവഴി ക്രിസ്തു സാക്ഷികളായി ജീവിക്കുവാൻ തീരുമാനിക്കുന്ന ചെറുപ്പക്കാരെ സംബന്ധിച്ച്, ചില കാര്യങ്ങൾ തന്റെ ജീവിതത്തിൽ ഇനി വേണമെന്ന് അവർക്കറിയാം. ചില കാര്യങ്ങൾ വേണ്ടെന്ന് വയ്ക്കണം എന്നും അവർക്കറിയാം. അത് ആരും നിർബന്ധിച്ചു ചെയ്യുന്നതല്ല. ഈ മൂവ്മെന്റിനോട് ചേർന്ന് പ്രവർത്തിക്കുമ്പോൾ സ്വാഭാവികമായും രൂപപ്പെടുന്ന ഒന്നാണിത്.

കാവൽക്കാരൻ എന്ന് പറയുമ്പോൾ ഒരിക്കലും നിയമങ്ങളും ചട്ടങ്ങളും യുവജനങ്ങളിൽ അടിച്ചേൽപ്പിക്കാൻ വെമ്പൽ കൊണ്ട് നിൽക്കുന്ന ഒരാൾ എന്നതല്ല അർഥം. ജീസസ് യൂത്ത് യുവജനങ്ങളാൽ നയിക്കപ്പെടുന്ന, യുവജനങ്ങൾ തീരുമാനങ്ങൾ എടുക്കുന്ന മൂവ്മെന്റ് തന്നെയാണ്. അനേകം ചെറുപ്പക്കാർക്ക് വെളിച്ചം പകരേണ്ട, ക്രിസ്തുവിനെ കൊടുക്കേണ്ട, അതുവഴി അവരുടെ ജീവിതത്തിൽ വെളിച്ചവും ദിശാബോധവും ഉണ്ടാക്കേണ്ട ഒരു മുന്നേറ്റം എന്ന നിലയിൽ ഒരിക്കലും ആ മുന്നേറ്റത്തിലോ, മുന്നേറ്റത്തിന്റെ ഭാഗമായ വ്യക്തികളിലോ ഒരുവിധത്തിലുമുള്ള തിന്മയുടെ സ്വാധീനമോ, അല്ലെങ്കിൽ അത്തരം പ്രവണതകളോ വരാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ അനിവാര്യമാണ്. സാധാരണ മനുഷ്യരെന്ന നിലയിൽ സ്വാഭാവികമായും പ്രായത്തിന്റെയോ, കാലഘട്ടത്തിന്റേതോ ആയ ചാപല്യങ്ങളോ, തിന്മയോ കടന്നുവരാതിരിക്കുവാൻ വേണ്ട ജാഗ്രത പുലർത്താൻ എപ്പോഴും ശ്രദ്ധിക്കാറുണ്ടെന്നതാണ് വാസ്തവം.




**ജെൻഡർ ന്യൂട്രാലിറ്റിയുടെ ഈ കാലത്തിൽ ജീസസ്‌യൂത്ത് മുന്നേറ്റത്തിൽ അത്തരം ഒരു സാധ്യതയെ എങ്ങനെ നോക്കിക്കാണുന്നു? അല്ലെങ്കിൽ ചിലപ്പോഴെങ്കിലും 'ജീസസ്‌യൂത്ത് മുന്നേറ്റത്തിന് നേതൃനിരയിൽ സ്ത്രീകൾക്കിടമില്ല' എന്ന തരത്തിലുള്ള വിമർശനങ്ങൾ കേൾക്കാറുണ്ടല്ലോ? ഇതിനോടുള്ള പ്രതികരണം എന്താണ്?**

തുല്യമഹത്വമുള്ള ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലയിൽ അത്തരമൊരു വേർതിരിവിന്റെ ആവശ്യമില്ല. ജീസസ് യൂത്ത് മുന്നേറ്റത്തിൽ ബോധപൂർവം അങ്ങനെയൊരു മാറ്റിനിറുത്തൽ ഇല്ല എന്നുതന്നെ പറയാം. നമ്മുടെ നാടിന്റെയും സംസ്കാരത്തിന്റെയുമൊക്കെ പശ്ചാത്തലത്തിൽ ചിലപ്പോഴെങ്കിലും ചില നിയന്ത്രണങ്ങൾ സ്വാഭാവികമായും വന്നുചേരുന്നു. നമ്മുടെ നാട്ടിൽ ഫുൾടൈം കമ്മിറ്റ്മെന്റ് മുന്നേറ്റത്തിനുവേണ്ടി എടുത്തവർ വിരലിലെണ്ണാവുന്നതേയുള്ളൂ. ബാക്കി ഭൂരിഭാഗവും തങ്ങളുടെ തൊഴിൽ, ജോലി, വിദ്യാഭ്യാസം, കുടുംബം, ഒപ്പം മുന്നേറ്റത്തിലെ ഉത്തരവാദിത്വങ്ങൾ, ഇവയെല്ലാം ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുന്നവരാണ്. നമ്മുടെ മീറ്റിങ്ങുകൾ പലപ്പോഴും വൈകിട്ട് ജോലി കഴിഞ്ഞതിനുശേഷമാകും. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ഒരു സാന്നിധ്യം ആ സമയത്ത് ഉണ്ടാകാനുള്ള സാഹചര്യം നമ്മുടെ നാട്ടിൽ ഇല്ല. പ്രത്യേകിച്ച് മീറ്റിംഗ് കഴിഞ്ഞുള്ള യാത്രയുടെയും മറ്റു കാര്യങ്ങൾ പരിഗണിക്കുമ്പോൾ. ഏതുസമയത്തും ഏത് പെൺകുട്ടിക്കും നമ്മുടെ നാട്ടിൽ സുരക്ഷിതമായി ഇറങ്ങിനടക്കാവുന്ന ഒരു പശ്ചാത്തലവും സാഹചര്യവും ഉണ്ടാവുകയാണെങ്കിൽ അത് തീർച്ചയായും നല്ലതാണ്. അങ്ങനെയൊരു സാഹചര്യം ഉണ്ടാകണമെന്ന് തന്നെയാണ് ആഗ്രഹവും. എന്നാൽ, ഇന്നത്തെ പശ്ചാത്തലത്തിൽ രാത്രികാലങ്ങളിലെ ഒറ്റയ്ക്കുള്ള യാത്രയും മറ്റും എത്രത്തോളം സുരക്ഷിതമാണ് എന്നത് കണക്കിലെടുക്കേണ്ട ഒരു വിഷയം തന്നെയാണ്. തികച്ചും സ്ത്രീസുരക്ഷിത ഇടങ്ങളായി നമ്മുടെ നാട് മാറാത്ത ഒരു പശ്ചാത്തലത്തിലും, അമ്മ എന്ന നിലയിലും

അത്തരത്തിലുള്ള മുതിർന്ന ആളുകളുടെ തുടർച്ച ഉള്ളതുകൊണ്ടുതന്നെയാണ് ജീസസ് യൂത്തിന്റെ തനതായ ശൈലിയും ഏറ്റവും കാതലായ അതിന്റെ കാരിസവും നഷ്ടപ്പെട്ടുപോകാതെ മുന്നോട്ടുകൊണ്ടുപോകാൻ മുന്നേറ്റത്തെ സഹായിക്കുന്നത് എന്നതിൽ സംശയമില്ല.



മറ്റുമുള്ള അവരുടെ സാന്നിധ്യം സ്വന്തം കുടുംബത്തിൽ കൂടുതൽ ആവശ്യമായിരിക്കുന്ന സമയത്തും പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും നേതൃത്വത്തിലേക്ക് വരുന്നതിൽ ചില പരിമിതികളുണ്ട്. അത് ആരും ബലമായി നിയന്ത്രിക്കുന്നതല്ല. സാഹചര്യങ്ങൾക്ക് അനുസരിച്ച് സ്വയം രൂപപ്പെടുന്നതാണ്.

എന്നാൽ, ജീസസ് യൂത്തിന്റെ പ്രാരംഭകർക്കായുള്ള പ്രോഗ്രാമുകളിലേക്ക് കടന്നു ചെല്ലുമ്പോൾ പെൺകുട്ടികളുടെ സാന്നിധ്യം നമുക്ക് കൂടുതലായി കാണാൻ കഴിയും. പിന്നീട് വിവാഹ ജീവിതത്തിലേക്ക് കടക്കുമ്പോഴും കുടുംബ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടി വരുമ്പോഴുമാണ് ഈ സാന്നിധ്യത്തിന് കുറവ് വരുന്നത്. അല്ലാതെ മൂവ്മെന്റിൽ ബോധപൂർവം ഒരു വേർതിരിവോ, മാറ്റിനിറുത്തലോ ഇല്ല. അത് മുന്നേറ്റത്തിന്റെ ആരംഭകാലം മുതൽതന്നെ അങ്ങനെയായിരുന്നു. ജീസസ് യൂത്ത് മുന്നേറ്റത്തിന് തുടക്കം കുറിച്ച പ്രധാന വ്യക്തികളിൽ ഒരാൾ വനിതയാണ്. നമുക്കെല്ലാവർക്കും അറിയാവുന്ന പ്രൊഫ. സി.സി. ആലീസുകുട്ടി ചേച്ചി. അതുപോലെ ജീസസ് യൂത്തിന്റെ ആദ്യ കാമ്പസ് കോർഡിനേറ്റർ സോണി നോബിൾ ആയിരുന്നു. ഇന്നും അനേകം സ്ത്രീകൾ മുന്നേറ്റത്തിൽ ശക്തമായ സാന്നിധ്യമായിത്തന്നെ നിലകൊള്ളുന്നുണ്ട്. അമേരിക്കയിലെ ജീസസ് യൂത്ത് നാഷണൽ കോർഡിനേറ്റർ ആയിരുന്ന ജിലു, എത്ര മനോഹരമായാണ് അവിടെ മുന്നേറ്റത്തെ നയിച്ചത് എന്ന് അതിശയത്തോടെ ചിന്തിക്കാറുണ്ട്. ജീസസ് യൂത്തിന്റെ ഇന്നത്തെ ഇന്റർനാഷണൽ അസിസ്റ്റന്റ് കോർഡിനേറ്റർ വന്ദന, അയർലണ്ടിലെ നാഷണൽ കോർഡിനേറ്റർ ആയിരുന്ന ജസ്റ്റിന, ഇങ്ങനെ ധാരാളം വനിതകൾ എടുത്തു പറയേണ്ടതായിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ കുറച്ചുകൂടി സ്ത്രീകൾ സുരക്ഷിതരും സ്വതന്ത്രരും ആണ്. നമ്മുടെ നാട്ടിൽ അത്തരം ഒരു പശ്ചാത്തലം ഇല്ലാത്തതുകൊണ്ടുതന്നെ ആ രീതിയിലുള്ള ഒരു സ്ത്രീ സാന്നിധ്യം കുറവാണെന്നേയുള്ളൂ, അല്ലാതെ ഏതെങ്കിലും തരത്തിലുള്ള ഒരു വേർതിരിവ് മുന്നേറ്റത്തിൽ ഇല്ല.



**ജീസസ് യൂത്ത് മൂവ്മെന്റ് എപ്പോഴും യുവജന ആത്മീയതയിൽ ഊന്നി പ്രവർത്തിക്കുന്നു. എന്നാൽ, എപ്പോഴും യൂത്തിനൊപ്പം ചാപ്ലിൻ, ആനിമേറ്റേഴ്സ്, എൽഡേഴ്സ് എന്നിവരുടെ സാന്നിധ്യം ഉണ്ട്. ഇതിന്റെ പ്രാധാന്യവും പ്രസക്തിയും ഒന്ന് വ്യക്തമാക്കാമോ?**

ജീസസ് യൂത്ത് ഇന്നും യുവജന ആത്മീയതയ്ക്ക് കൂടുതൽ ഊന്നൽ കൊടുത്ത് പ്രവർത്തിക്കുന്ന ഒരു മുന്നേറ്റം തന്നെയാണ്. എന്നാൽ, അതോടൊപ്പം മുതിർന്നവരും വിവാഹിതരും ഒക്കെ മുന്നേറ്റത്തിന്റെ ഭാഗം തന്നെയാണ്. ഇവിടെ കാര്യങ്ങൾ പ്ലാൻ ചെയ്യുന്നതും തീരുമാനങ്ങൾ എടുക്കുന്നതും യുവജനങ്ങൾ തന്നെയാണ്. പിന്നെ എന്തുകൊണ്ട് ആനിമേറ്റേഴ്സ്, എൽഡേഴ്സ്, ചാപ്ലിൻസ്, മുതിർന്ന ജീസസ് യൂത്ത്കാർ, എന്ന ചോദ്യം വളരെ പ്രസക്തമാണ്. കുറേ കാലങ്ങളായി പലയിടങ്ങളിലും ഈ ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

പല ചർച്ചകളും ഇതുസംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. 'ഒരു പ്രായം കഴിഞ്ഞാൽ മുന്നേറ്റത്തിൽനിന്നു മാറി നിന്നുകൂടെ' എന്നുള്ള ചോദ്യം പലപ്പോഴും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, അന്നും ഇന്നും നമ്മുടെ നിലപാട് ഇതുതന്നെയാണ്. യുവജനങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ, അവർ നടപ്പിലാക്കുന്ന കാര്യങ്ങൾ, ഇവയിലെല്ലാം ദൈവഹിതം തിരിച്ചറിയാൻ അവരെ സഹായിക്കുക, അവരോടുകൂടെ ആയിരിക്കുക, ഇതെല്ലാമാണ് മുതിർന്നവർ ചെയ്യുന്നത്. യുവജനങ്ങളും യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നവരും ചേരുന്ന ഒരു കൂട്ടായ്മയാണ് ഈ മുന്നേറ്റം. യുവജനങ്ങളോടൊപ്പം യാത്ര ചെയ്യാനും അവരെ പ്രോത്സാഹിപ്പിക്കാനും അതോടൊപ്പം അവർക്കേതെങ്കിലും തെറ്റുകൾ അബദ്ധത്തിൽ സംഭവിച്ചാൽ അവരെ ചേർത്തുപിടിക്കാനും, തിരുത്താനും ജീസസ് യൂത്ത് നേതൃത്വത്തിലെ മുതിർന്നവർ എപ്പോഴും പ്രതിജ്ഞാബദ്ധരാണ്. അത്തരത്തിലുള്ള മുതിർന്ന ആളുകളുടെ തുടർച്ച ഉള്ളതുകൊണ്ടുതന്നെയാണ് ജീസസ് യൂത്തിന്റെ തനതായ ശൈലിയും ഏറ്റവും കാതലായ അതിന്റെ കാരിസവും ഒന്നും നഷ്ടപ്പെട്ട് പോകാതെ മുന്നോട്ടുകൊണ്ടുപോകാൻ മുന്നേറ്റത്തെ സഹായിക്കുന്നത് എന്നതിൽ സംശയമില്ല. അതുപോലെ വൈദികരുടെ സാന്നിധ്യം തീർച്ചയായും ഈ മുന്നേറ്റത്തിന്റെ ഭാഗമാകുന്ന വ്യക്തികളെ ആത്മീയമായി നയിക്കാനും അതോടൊപ്പം സഭാത്മകമായി മുന്നോട്ടു കൊണ്ടുപോകാനും സഹായിക്കുന്നു. സിസ്റ്റേഴ്സിന്റെ സാന്നിധ്യവും മുതിർന്നവരുടെ സാന്നിധ്യവും ഈ ചെറുപ്പക്കാരുടെ ഒത്തുചേരലിൽ ഒരമ്മയുടെയും സഹോദരിയുടെയുമൊക്കെ  സാന്നിധ്യമായി മാറുന്നു. ഒരച്ചടക്കവും ക്രമവും എല്ലാം കൊണ്ടുവരാനും നല്ല കുടുംബാന്തരീക്ഷം സൃഷ്ടിക്കാനും സഹായിക്കുന്നു. ഒരു കുടുംബത്തിൽ മക്കൾ മാത്രമല്ല ഉണ്ടായിരിക്കുക. മാതാപിതാക്കളുടെ സാന്നിധ്യവും ഉണ്ടാകും. ഈയൊരു സംവിധാനം തന്നെയാണ് ജീസസ് യൂത്ത് കുടുംബത്തിലും ഉള്ളത്.

നമ്മുടെ ഈ തീരുമാനം തന്നെയാണ് ശരിയെന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ മുതിർന്നവരുടെ സാന്നിധ്യം ഒരിക്കലും യുവജനങ്ങളെ ഭാരപ്പെടുത്തുന്ന ഒന്നല്ല. മറിച്ച് അവർക്ക് കരുത്തുപകരുന്നതാണ്. ജീസസ് യൂത്തിനൊപ്പം ഒരുപാട് കാലങ്ങളായി സഞ്ചരിക്കുന്നവരുടെ ആത്മീയതയും ജീവിതവും യുവജനങ്ങൾക്ക് പലപ്പോഴും മാതൃകയുമാണ്.

മുതിർന്ന ആളുകളുടെ തുടർച്ച ഉള്ളതുകൊണ്ടുതന്നെയാണ് ജീസസ് യൂത്തിന്റെ തനതായ ശൈലിയും ഏറ്റവും കാതലായ അതിന്റെ കാരിസവും ഒന്നും നഷ്ടപ്പെട്ട് പോകാതെ മുന്നോട്ടു കൊണ്ടുപോകാൻ മുന്നേറ്റത്തെ സഹായിക്കുന്നത്



# നമുക്ക് മാധ്യമസാക്ഷരത അനിവാര്യം



കെ.സി.ബി.സി. മീഡിയ കമ്മീഷൻ വൈസ് ചെയർമാനും വരാപ്പുഴ അതിരൂപത മെത്രാനുമായ അഭിവന്ദ്യ ജോസഫ് കളത്തിപറമ്പിൽ പിതാവ്, കെയ്റോസുമായി സംസാരിച്ചപ്പോൾ... സമയ പരിമിതിമൂലം മീഡിയ കമ്മീഷൻ വൈസ് ചെയർമാൻ എന്ന നിലയിൽ മീഡിയയും യുവജനങ്ങളും എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചതിന്റെ പ്രസക്ത ഭാഗങ്ങൾ.

## ഒറ്റനോട്ടത്തിൽ, ചുരുങ്ങിയ വാക്കുകളിൽ മീഡിയ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച്

1. 32 രൂപതകളിലെ മാധ്യമ കമ്മീഷനുകളുടെ ഏകോപനം

2. മാധ്യമ സെമിനാറുകൾ സംഘടിപ്പിക്കുക

3. മാധ്യമ കലാ, സാംസ്കാരിക, സാഹിത്യ രംഗങ്ങളിൽ മികച്ച നേതൃത്വവും സംഭാവനകളും നൽകുന്ന കത്തോലിക്കരും അല്ലാത്തവരുമായവരെ ആദരിക്കാൻ അവാർഡുകൾ നൽകുന്നു (കെ.സി.ബി.സി. മീഡിയ അവാർഡുകൾ)

4. കെ.സി.ബി.സി. നാടക മത്സരം – നാടകങ്ങളെയും നാടക പ്രവർത്തകരെയും വിമർശിച്ചും അവരെക്കുറിച്ചു പരാതികൾ പറഞ്ഞും ചെറുതാവുകയല്ല, ക്രിയാത്മകമായി ആ രംഗത്ത് ഇടപെടുകയാണ് ആവശ്യം എന്ന കാഴ്ചപ്പാടിൽനിന്നും ആരംഭിച്ചതാണ് നാടക മത്സരങ്ങൾ. മൂന്നു പതിറ്റാണ്ടിലേറെയായി നാടകമത്സരങ്ങൾ പി.ഒ.സി.യിൽ വച്ച് നടന്നുവരുന്നു

5. സാഹിത്യ സെമിനാറുകൾ – രചനാ രംഗത്ത് സജീവമായ വ്യക്തികൾക്കായി സാഹിത്യ രചനാ മത്സരങ്ങൾ, സെമിനാറുകൾ, ചർച്ച



കൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു.

6. മധുരം സായന്തനം – മുതിർന്ന വ്യക്തികളെ ഒരുമിച്ചുകൂട്ടി എല്ലാ മാസവും പി.ഒ.സി.യിൽ ഒരു ദിവസം വ്യത്യസ്ത വിഷയങ്ങൾ ചർച്ച ചെയ്തുവരുന്നു

7. www.kcbcnews.com (online)

8. കെ.സി.ബി.സി. ന്യൂസ് – യൂട്യൂബ് ചാനൽ

## യുവജനങ്ങൾക്ക് അവബോധം നൽകാനുള്ള പ്രവർത്തനങ്ങൾ

മാധ്യമങ്ങൾ, പ്രത്യേകിച്ച് സോഷ്യൽമീഡിയ അതിന്റെ കാഴ്ചക്കാരെയും വായനക്കാരെയും പരിധിവിട്ട് നിയന്ത്രിക്കുന്ന ഒരു കാലഘട്ടമാണിത്. മനുഷ്യരുടെ മസ്തിഷ്ക്കത്തിൽ ഒരുതരം 'റീവയറിംഗ്' നടക്കുന്നു. സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന വ്യാജവാർത്തകൾ, ഫെയ്ക് ന്യൂസുകൾ, ചില പ്രത്യേക അജണ്ടകളുടെയും പ്രൊപ്പഗണ്ടകളുടെയും ഭാഗമായ പ്രചാരണങ്ങൾ തുടങ്ങിയവ മനുഷ്യരെ വലിയ രീതിയിൽ സ്വാധീനിക്കുന്നു. ഇത്തരം കാര്യങ്ങളിൽ അവബോധം നൽകാൻ കഴിയുന്നവരെ മീഡിയ കമ്മിഷൻ പരമാവധി ഉപയോഗപ്പെടുത്തി വരുന്നു. മേൽപറഞ്ഞ ദുഃസ്വാധീനങ്ങൾക്ക് എതിരായ സന്ദേശം നൽകുന്ന കലാസൃഷ്ടികളെ വിവിധ രീതിയിൽ പ്രോത്സാഹിപ്പിക്കുന്നു. ഈ വർഷത്തെ മാർപാപ്പയുടെ മാധ്യമ ദിന സന്ദേശം ഇത്തരം ചിന്തകൾ ലോകത്തിന് നൽകുന്ന ഒന്നായിരുന്നു.

## മാധ്യമ ദിനാചരണം

പെന്തക്കുസ്താ തിരുന്നാളിന് മുമ്പുള്ള ഞായറാഴ്ച മാധ്യമ ദിനമായി ആചരിക്കുന്നു. മാധ്യമ രംഗത്ത് നാം നേടുന്ന വളർച്ചയും വികാസവും ഈ രംഗത്തെ ക്രിയാത്മകതയും സുവിശേഷ സന്ദേശം അറിയിക്കുന്നതിന് ഉപയുക്തമാക്കുകയാണ് മാധ്യമ ദിനാചരണത്തിന്റെ മുഖ്യലക്ഷ്യം. ഒപ്പം, ഓരോ കാലത്തും മനുഷ്യവംശം നേരിടുന്ന ദാർശനിക വെല്ലുവിളികൾ, മാധ്യമ മനുഷ്യ ബന്ധം തുടങ്ങിയ വിഷയങ്ങൾ മാധ്യമ ദിനാചരണത്തോടനുബന്ധിച്ച് ചർച്ചാവിഷയമാക്കുന്നു.

## സഭ സോഷ്യൽമീഡിയയുടെ സാധ്യതകളെ കൂടുതലായി ഉപയോഗിക്കേണ്ടത് സംബന്ധിച്ച്

ഈ കാലഘട്ടത്തിലെ സോഷ്യൽമീഡിയയുടെ ഉപയോഗം ഒരു ട്രെൻഡിന്റെ ഭാഗമാണ്. അതിന്റേതായ ദോഷഫലങ്ങൾ വളരെ വ്യാപകമായി ദൃശ്യമാണ്. ധാർമികമായും ക്രിയാത്മകമായും സമൂഹമാധ്യമങ്ങൾ കൈകാര്യം ചെയ്യാനുള്ള മാധ്യമ സാക്ഷരത സമൂഹത്തിന് നൽകുകയാണ് പ്രധാന ആവശ്യം. ഈ AI യുഗത്തിൽ മനുഷ്യർ കമ്പ്യൂട്ടറുകളാൽ നിയന്ത്രിക്കപ്പെടുന്ന അവസ്ഥയാണുള്ളത് സ്വതന്ത്രമായി ചിന്തിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനും സത്യം മനസ്സിലാക്കാനും എവരും, പ്രത്യേകിച്ച് യുവജനങ്ങൾ ശ്രമിക്കണം. ഇത്തരം അവബോധം അവർക്ക് നൽകുന്നതിനായി നവമാധ്യമങ്ങളുടെ സാധ്യതകൾ കൂടുതലായി ഉപയോഗിക്കപ്പെടേണ്ടതുണ്ട്.

## മാധ്യമ ധാർമികത

വാർത്തകൾ വിൽപ്പനച്ചരക്കായി മാറിക്കഴിഞ്ഞിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വ്യാജവാർത്തകൾ പടച്ചുവിടുന്ന 'ഫാക്ടറികൾ'തന്നെ പലവിധ ലക്ഷ്യങ്ങൾക്കായി പ്രവർത്തിച്ചുവരുന്നു. അനേകരെ അവർ തെറ്റിദ്ധരിപ്പിക്കുകയും, ഇത്തരം വ്യാജവാർത്തകളുടെ പ്രചാരകരാക്കി അവരെ മാറ്റുകയും ചെയ്യുന്നു. വസ്തുതകൾ അന്വേഷിച്ചറിയാൻ ആരും ആഗ്രഹിക്കുന്നില്ല.

സത്യാനന്തര കാലമാണ് ഇത്. സത്യക്ഷയത്തിന്റെ കാലം. വസ്തുതാപരമായ സത്യമില്ലെന്ന സങ്കല്പത്തിനൊപ്പം, വ്യക്തിപരമായ അഭിപ്രായങ്ങൾ അവരവർക്ക് സത്യമായി മാറുകയും, അവയെയെല്ലാം സത്യമെന്ന് സങ്കല്പിക്കുകയും ചെയ്യുന്ന പ്രവണതകളെല്ലാം അപകടകരമാണ്. മനുഷ്യന്റെ സാഹചര്യങ്ങൾ, ആവശ്യങ്ങൾ തുടങ്ങിയവയൊന്നും വേണ്ടവിധത്തിൽ ചർച്ചചെയ്യപ്പെടുന്നില്ല. വിദ്വേഷ പ്രചാരണങ്ങൾ, വർഗീയ വിഷയങ്ങൾ തുടങ്ങിയവയിലൂടെ വൈകാരികമായി മനുഷ്യരെ സോഷ്യൽമീഡിയയിൽ തളച്ചിടുന്ന അവസ്ഥയാണുള്ളത്.

## ഡീ ടോക്സിഫിക്കേഷൻ

വിഷമയമായ മാധ്യമപ്രവർത്തനം, അവർ പ്രചരിപ്പിക്കുന്ന വാർത്തകൾ തുടങ്ങിയവയുടെ വാസ്തവം തിരിച്ചറിയാൻ ആവശ്യമായ മാധ്യമസാക്ഷരത ജനങ്ങൾക്ക് നൽകാൻ ശ്രമിക്കുക. ക്രിയാത്മകമായ മീഡിയ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുക. അത്തരം ആശയങ്ങളെയും അവയ്ക്ക് പിന്നിലുള്ള വ്യക്തികളെയും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

പോസിറ്റീവ് ആയും സുവിശേഷാധിഷ്ഠിതമായും ചിന്തിക്കുകയും പ്രവർത്തിക്കുകയും അത്തരം ആശയങ്ങൾ ക്രിയാത്മകമായും കലാപരമായും സമൂഹത്തിൽ അവതരിപ്പിക്കാൻ കഴിയുകയും ചെയ്യുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ഉയർത്തിക്കൊണ്ടുവരികയും വേണം.

# എന്റെ വ്യക്തിത്വം ക്രിസ്തുവിലാണ്

## ജെസിക്ക ലോങ്ങ് (**JESSICA LONG**, PARALYMPIC SWIMMER)

അതിജീവനത്തിന് ഒരു പേരുണ്ടെങ്കിൽ ജെസീക്ക ലോങ്ങെന്ന് വിളിക്കാം. അനാഥത്വത്തെയും ജീവിതത്തിൽ കടന്നുവന്ന എല്ലാ ദുരന്തങ്ങളെയും ഈ നീന്തൽതാരം ആർജവത്തോടെ നേരിട്ടു. ജനിച്ച് പതിനെട്ടു മാസങ്ങൾക്കിടെ 25 സർജറികൾ. 25 തവണ കീറിമുറിച്ചിട്ടും കുഞ്ഞു ജെസിക്കയുടെ കാലുകൾക്ക് ജീവൻ വച്ചില്ല. പതിനെട്ടാം മാസം അവ മുറിച്ചുനീക്കി. ടോക്കിയോയിൽ കരിയറിലെ തന്റെ 25ാം പാരാലിംപിക്സ് മെഡൽ നേടിയപ്പോൾ ജെസിക്ക പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു, "എന്നെക്കുറിച്ച് എനിക്ക് വളരെ അഭിമാനം തോന്നുന്നു."

മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ട്, കൃത്രിമക്കാലുകളിൽ ജീവിക്കേണ്ടി വന്ന ജെസിക്ക ലോങ് എന്ന നീന്തൽ റാണിയുടെ നേട്ടങ്ങളിൽ 25 പാരാലിംപിക്സ് മെഡലുകളും 50 ലോക ചാംപ്യൻഷിപ് മെഡലുകളുമുണ്ട്. 'മൈക്കൽ ഫെൽപ്സ് ഓഫ് പാരാലിംപിക്സ് സ്വിമ്മിങ്" എന്നു ലോകം അഭിമാനത്തോടെ വിളിക്കുമ്പോൾ അവൾ പറയുന്നു: "എല്ലാം സാധ്യമാണ്. സ്വപ്നങ്ങൾ കാണുക, വളരെ വലിയ സ്വപ്നങ്ങൾ."

### ജനനത്തോടെ അനാഥ

റഷ്യയിലായിരുന്നു ഇരുപത്തൊമ്പതുകാരിയായ ജെസിക്കയുടെ ജനനം. കാലുകൾക്ക് വളർച്ചയില്ലാത്ത അപൂർവ രോഗവുമായിട്ടായിരുന്നു കുഞ്ഞു ജെസിക്ക പിറന്നുവീണത്. കൗമാരക്കാരായിരുന്ന ജെസിക്കയുടെ മാതാപിതാക്കൾക്ക് രോഗം ബാധിച്ച കുഞ്ഞിനെ വളർത്തുന്നത് ബാധ്യതയായതോടെ അവർ അവളെ അനാഥാലയത്തിനു കൈമാറി. 13ാം മാസം ഒരു അമേരിക്കൻ കുടുംബം ദത്തെടുത്തു. അങ്ങനെ യുഎസിലെ മേരിലാൻഡായി അവളുടെ നാട്. ജെസിക്കയ്ക്ക് മികച്ച ചികിത്സ ലഭ്യമാക്കാനായിരുന്നു അവളുടെ വളർത്തച്ഛന്റെയും വളർത്തമ്മയുടെയും ശ്രമം. 25 സർജറികളാണ് ഇതിനായി ചെയ്തത്. ഒന്നും ഫലവത്തായില്ല. ഒടുവിൽ 18ാം മാസം കാലുകൾ മുട്ടിനുതാഴെവച്ച് മുറിച്ചുകളഞ്ഞു. കൃത്രിമകാലുകൾ അന്നുമുതൽ ജെസിക്കയുടെ ജീവിതത്തിന്റെ ഭാഗമായി.

### കായിക ജീവിതത്തിലേക്ക്

ചെറുപ്പത്തിൽ തന്നെ ജിംനാസ്റ്റിക്സ്, മലകയറ്റം, ഐസ് സ്കേറ്റിങ് തുടങ്ങിയവയിൽ താത്പര്യം പ്രകടിപ്പിച്ചിരുന്ന ജെസിക്ക മുത്തച്ഛന്റെ വീട്ടിലെ നീന്തൽക്കുളത്തിലാണ് നീന്തൽ പഠിച്ചുതുടങ്ങിയത്. നീന്തൽക്കുളത്തിൽ മത്സ്യകന്യകയായി അഭിനയിക്കുന്നതായിരുന്നു അവളുടെ പ്രധാന വിനോദം. 'നീന്തൽക്കുളത്തിലായിരിക്കുമ്പോൾ കാലുകൾ ഇല്ലാത്ത കാര്യമേ ഞാൻ മറന്നുപോകുമായിരുന്നു. ജെസിക്ക ഒരു അഭിമുഖത്തിൽ പറഞ്ഞു. സ്കൂളിലെ നീന്തൽ സംഘത്തിൽ കാലുകൾ ഇല്ലാത്ത ഏക അംഗം ജെസിക്കയായിരുന്നു. എന്നാൽ, കൈക്കരുത്തിൽ അവരെയെല്ലാം പിന്നിലാക്കി അവൾ കുതിച്ചു.

11ാം വയസ്സിൽ 'മേരിലാൻഡ് ഫീമെയിൽ സ്വിമ്മർ ഓഫ് ദി ഇയർ വിത്ത് ഡിസെബിലിറ്റി' പുരസ്കാരം നേടിയതോടെയാണ് ജെസിക്കയെ ലോകമറിഞ്ഞത്. ഫ്രീസ്റ്റൈൽ, ബാക്ക് സ്ട്രോക്ക്, ബട്ടർഫ്ളൈ തുടങ്ങിയ ഇനങ്ങളിലെല്ലാം കഴിവു തെളിയിച്ച ജെസിക്ക തൊട്ടടുത്ത വർഷം നടന്ന ആതൻസ് (2004) പാരാലിംപിക്സിൽ 3 സ്വർണം നേടി സകലരെയും ഞെട്ടിച്ചു. 2006ൽ 18 തവണയാണ് ലോക റെക്കോർഡ് തകർത്ത പ്രകടനം നടത്തിയത്! അതേ വർഷം രാജ്യാന്തര പാരാലിംപിക്സ് കമ്മിറ്റി നടത്തിയ ലോക നീന്തൽ ചാംപ്യൻഷിപ്പിൽ 9 മെഡലുകൾ നേടി. യുഎസ് ഒളിംപിക് കമ്മിറ്റിയുടെ പാരാലിംപ്യൻ ഓഫ് ദ് ഇയർ, സ്വിമ്മിങ് വേൾഡ് മാഗസിന്റെ ഡിസേബ്ൾഡ് സ്വിമ്മർ ഓഫ് ദി ഇയർ, പാരാലിംപിക് സ്പോർട്സ് വുമൺ ഓഫ് ദി ഇയർ തുടങ്ങിയ പുരസ്കാരങ്ങളും ജെസിക്കയെ തേടിയെത്തി.

2012ലെ പാരാലിംപിക്സിൽ നേടിയ 5 മെഡലുകളുമായി ജെസിക്ക പോയത് റഷ്യയിലേക്കായിരുന്നു, തന്റെ മാതാപിതാക്കളെ കാണാൻ. തങ്ങളുടെ മകൾ ലോക ചാംപ്യനാണെന്ന വിവരം ആ കൂടിക്കാഴ്ചയിലാണ് അവർ അറിഞ്ഞത്. 'എന്റെ മാതാപിതാക്കളോട് ഒരിക്കലും എനിക്ക് വെറുപ്പ് തോന്നിയിട്ടില്ല. പതിനാറാം വയസ്സിലാണ് അമ്മ എന്നെ പ്രസവിക്കുന്നത്. അവരുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിലും ഒരുപക്ഷേ, അതുതന്നെ ചെയ്തേനെ; ജെസിക്ക പറഞ്ഞു.

### ക്രിസ്തുവിലുള്ള വിശ്വാസം

അമേരിക്കയിലെ ലിബർട്ടി സർവകലാശാലയുടെ കോൺവൊക്കേഷനിൽ അതിഥിയായി പങ്കെടുത്ത് തന്റെ ക്രിസ്തീയ സാക്ഷ്യം ജെസിക്ക പങ്കുവച്ചത് ഇപ്രകാരമായിരുന്നു: "കൊളറാഡോയിലെ യുണൈറ്റഡ് സ്റ്റേറ്റ്സ് ഒളിമ്പിക് ആൻഡ് പാരാലിമ്പിക് പരിശീലന കേന്ദ്രത്തിൽ താമസിക്കുമ്പോൾ കൂടെയുള്ള ഒരു സഹപ്രവർത്തക രാത്രിയിൽ ബൈബിൾ പഠനത്തിനായി തന്നെ ക്ഷണിച്ചത് ഹൃദയത്തിൽ വലിയ മാറ്റം വരുത്തി. ഒരു സാധാരണ ബൈബിൾ വായന എന്നതിലുപരി,




ക്രിസ്തുവിനെ ജീവിതത്തിന്റെ ഭാഗമാക്കാൻ ആ ബൈബിൾ പഠനം സഹായിച്ചു. അതു കൊണ്ടാണ് തന്റെ ജീവിതം ക്രിസ്തുവിനു നൽകാൻ തീരുമാനിച്ചത്. ക്രിസ്തുവിനെ കുടുംബത്തിൽ ഒപ്പം കൂട്ടിയന്നു മുതൽ സ്പോർട്സിനുപരിയായി ജീവിതത്തിന്റെ മൂല്യം കണ്ടെത്താനായി. ദൈവത്തിനെ കുടുംബത്തിന്റെ ഭാഗമാക്കുക എന്നത് വലിയ കാര്യമാണ്. പക്ഷേ, അത് അത്ര എളുപ്പമുള്ള കാര്യമല്ല, അതിനായി പരിശ്രമിക്കേണ്ടതുണ്ട്. ഞാൻ അതിനായി നല്ല രീതിയിൽ ശ്രമിച്ചു. ഒരു ക്രിസ്ത്യാനിയായി മാറിയതിനു ശേഷം എനിക്ക് എന്റെ സ്വന്തം മാതാവിനെയും കുടുംബത്തെയും കാണാൻ സാധിച്ചു. ഈ സംഭവം എന്റെ കണ്ണുകളെ തുറപ്പിക്കുകയും മനസ്സിലുണ്ടായിരുന്ന അനാഥത്വത്തിന്റെ ദേഷ്യവും ഒറ്റപ്പെടലിന്റെ നീരസവും ഒഴിവാക്കുന്നതിനും സഹായിച്ചു. ഞാൻ ശരിക്കും വിശ്വസിക്കുന്നത്, ദൈവത്തിന്റെ സമയമനുസരിച്ചു എന്റെ പാപങ്ങൾ മോചിക്കപ്പെട്ട സമയത്താണ് ഇത് സംഭിച്ചത് എന്നാണ്" എന്നും അവൾ കൂട്ടിച്ചേർത്തു.

## തിരിച്ചടിച്ച് മനസ്സ്

2016ലെ റിയോ പാരാലിംപിക്സിൽ ജെസിക്കയ്ക്ക് പ്രതീക്ഷിച്ച നേട്ടം കൈവരിക്കാനായില്ല. ഇത് കടുത്ത മാനസിക സമ്മർദത്തിനു കാരണമായി. തെറ്റായ ഭക്ഷണക്രമവും ചിട്ടയില്ലാത്ത ജീവിതവും കരിയറിനെയും ബാധിച്ചു. "എന്റെ യഥാർഥ പ്രശ്നം ദിവസങ്ങൾ നീണ്ട ചിന്തകൾക്കൊടുവിലാണ് ഞാൻ കണ്ടെത്തിയത്. 10 വയസ്സു മുതൽ തുടങ്ങിയ നീന്തൽ ജീവിതത്തിൽ ഒരു ദിവസം പോലും എനിക്ക് വിശ്രമമുണ്ടായിട്ടില്ലെന്ന് ഞെട്ടലോടെ ഞാൻ തിരിച്ചറിഞ്ഞു. മനസ്സില്ലെങ്കിൽ ശരീരമില്ലെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ എനിക്കു വേണ്ടി ഞാൻ സമയം മാറ്റിവച്ചുതുടങ്ങി. പുസ്തകം വായിക്കുക, ഉപ്പുവെള്ളത്തിൽ ദീർഘനേരം കുളിക്കുക. ഇവയൊക്കെ എനിക്ക് വലിയ മാറ്റങ്ങൾ സമ്മാനിച്ചു." ജെസിക്ക പറയുന്നു. റിയോയ്ക്കു ശേഷം 5 വർഷം മാനസികാരോഗ്യത്തിനുകൂടി പ്രാധാന്യം കൊടുത്തുള്ള പരിശീലനമായിരുന്നു ജെസിക്ക പിന്തുടർന്നത്. 2019ൽ ആൺസുഹൃത്ത് ലൂക്കാസ് വിന്റേഴ്സിനെ വിവാഹം ചെയ്തു. 'അൺസിങ്ക്ഡ്" എന്ന പേരിൽ ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*ലേഖകൻ കുവൈറ്റിൽ നഴ്സ് ആയി ജോലി ചെയ്യുന്നു.*




ജീസസ് യൂത്ത് വിചിന്തനം

"ദൈവമായ കർത്താവ് തോലുകൊണ്ട് ഉടയാടയുണ്ടാക്കി ആദത്തെയും അവന്റെ ഭാര്യയെയും ധരിപ്പിച്ചു" (ഉത്പ 3,21).

ആദിപാപത്തിനുശേഷം ആദവും ഹവ്വയും ആദ്യം ചെയ്തത് ദൈവത്തിൽനിന്നു മറഞ്ഞിരിക്കാനായി ഒരിടം തേടുകയാണ്. പാപം അന്നും ഇന്നും ചെയ്തുപോയതിനെക്കുറിച്ച് നമ്മിൽ ലജ്ജയുണ്ടാക്കും. ലജ്ജയിൽ ആണ്ടുപോയ ആദിമാതാപിതാക്കൾ ഒളിച്ചിരുന്നു. എന്നാൽ ദൈവം അവരെ തേടിയെത്തുകയാണ്, അവിടന്ന് എപ്പോഴും ചെയ്യുന്നതുപോലെ.

നാം ചെയ്തുപോയ പാപങ്ങളുടെ ആഴം മനസ്സിലാകുമ്പോൾ നമ്മിൽ കുറ്റബോധവും ലജ്ജയും നിറയും. നാം എല്ലാവരുംതന്നെ ഏതെങ്കിലുമൊക്കെ സമയങ്ങളിൽ ഇതനുഭവിച്ചിട്ടുണ്ടാകണം. പാപം നമ്മിൽ ഉണർത്തുന്ന വല്ലായ്മ സമൂഹത്തിലും ഇതര ബന്ധങ്ങളിലും അസ്വീകാര്യരാണെന്ന തോന്നൽ ഉളവാക്കുന്നു. മറ്റുള്ളവരുടെ കണ്ണിൽ നാം ചെറുതാകുന്ന അനുഭവം. നമ്മുടെ പരാജയങ്ങൾ, കുടുംബാംഗങ്ങളിലൊരാളുടെ വഴിപിഴയ്ക്കൽ, ആത്മീയമോ ഭൗതികമോ ആയ തീരുമാനങ്ങളിലെ നഷ്ടങ്ങൾ, ചുമതലകൾ നിർവഹിക്കുന്നതിനുള്ള കഴിവില്ലായ്മ എന്നിവയെല്ലാം നമ്മിൽ കുറ്റബോധവും ലജ്ജയും ജനിപ്പിക്കാം. ലൈംഗിക പാപങ്ങളും അവയോടൊപ്പമുണ്ടാകുന്ന തകർച്ചകളുമാണ് അവയിൽ ഏറ്റവും അസഹനീയമാകാറുള്ളത്. ആത്മാർഥമായ ഏറ്റുപറച്ചിലിലൂടെയും പശ്ചാത്താപത്തിലൂടെയും കുറ്റബോധം കഴുകിപ്പോകുമ്പോഴും അപമാനഭാരം നമ്മെ വിട്ടുമാറാതെ നിൽക്കാറുണ്ട്. കുറ്റബോധം നാം ചെയ്ത ഒരു കാര്യത്തിനെക്കുറിച്ചാണെങ്കിൽ ലജ്ജ നാം ആരാണെന്നതിനെക്കുറിച്ചാണ്.

ലജ്ജയെന്ന ആന്തരികഭാവത്തിൽ തുടരുന്നത് നമ്മുടെ മാനസികാവസ്ഥയെ ഗുരുതരമായി ബാധിച്ചേക്കാം. അത് നമ്മെ മറ്റുള്ളവരിൽനിന്നും ദൈവത്തിൽനിന്നും നമ്മിൽനിന്നുതന്നെയും കൂടുതൽ അകറ്റും. അപമാനത്തിന്റെ വിഷമവൃത്തത്തിൽ നാം അകപ്പെട്ടി

രിക്കുകയാണെന്നും അതിനുപുറത്തുകടക്കാൻ ഒരുവഴിയുമില്ലെന്നും നമുക്കു തോന്നിപ്പോകും. അപമാനഭാരം പിന്നീട് കുറ്റപ്പെടുത്തലായി രൂപാന്തരപ്പെടും. നമ്മെത്തന്നെയും നമുക്ക് അപമാനം വരുത്തിവച്ചയാളെയും ഇതെല്ലാം അനുവദിച്ചെന്ന പേരിൽ ദൈവത്തെയും നാം കുറ്റപ്പെടുത്തും. നമുക്ക് നമ്മോടുതന്നെയും മറ്റുള്ളവരോടും ദൈവത്തോടുമുള്ള ബന്ധം ഇതോടെ തകരുകയും ചെയ്യും. പാപംനിറഞ്ഞ ഭൂതകാലത്തെക്കുറിച്ചുള്ള ലജ്ജ ദൈവത്തിലേക്ക് അടുക്കുന്നതിൽനിന്ന് നമ്മെ തടയാറുണ്ട്. ലജ്ജ മറച്ച് സമൂഹത്തിൽ ജീവിക്കാനായി നാം പല മുഖംമൂടികൾ അണിയാനും നിർബന്ധിതരാകും. നോക്കുക, ലജ്ജ നമ്മുടെ ജീവിതം എത്രത്തോളം ദുസ്സഹമാക്കുന്നു!

അതേസമയം, ലജ്ജാകരമായ അവസ്ഥയിൽ തുടരാൻ അനുവദിക്കാത്ത ഒരു ദൈവമാണ് നമുക്കുള്ളത് എന്നതാണ് നമ്മുടെ ആശ്വാസം. ലജ്ജയിൽനിന്നു നമ്മെ മോചിപ്പിക്കാൻ അവൻ സ്വയം ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച്, അപമാനിതനായി കുരിശിൽ മരിച്ചു (ഫിലി 2,6-8). അത്തി ഇലകൾ ഉപയോഗിച്ച് നാണം മറയ്ക്കാനുള്ള മക്കളുടെ പാഴ്ശ്രമം കാണുന്ന ദൈവപിതാവിന്റെ ഹൃദയം എത്രത്തോളം വേദനിക്കുന്നുണ്ടാകും! ആശയക്കുഴപ്പത്തിലും ഭീതിയിലും ലജ്ജയിലും മുങ്ങി, തങ്ങൾ നഗ്നരാണെന്ന ബോധത്തിൽ അവർ ഒളിച്ചിരിക്കുന്ന ഇടങ്ങളിലേക്ക് ദൈവം എത്തുകയാണ്. തന്റെ സ്നേഹകരങ്ങളാൽ അവിടന്ന് വസ്ത്രമുണ്ടാക്കി അവരെ ധരിപ്പിക്കുന്നു. വസ്ത്രമുണ്ടാക്കാനുപയോഗിച്ച തോൽ ഏതെങ്കിലും മൃഗത്തിന്റേതായിരുന്നോ? അങ്ങനെയെങ്കിൽ ഒരുപക്ഷേ, രക്തം ആദ്യമായി ഭൂമിയിൽ വീണത് മനുഷ്യന്റെ നാണം മറയ്ക്കാനാകണം. മനുഷ്യകുലത്തിന്റെ നാണം മറയ്ക്കാനായി കാൽവരിയിൽ ദൈവപുത്രൻതന്നെ രക്തം ചിന്തിയ സംഭവത്തിന്റെ ഒരു മുന്നാവിഷ്കരണം തന്നെയായിരിക്കും ഇത്.

മനുഷ്യാവതാരത്തിലൂടെ മനുഷ്യന്റെ ലജ്ജയുടെ അവസ്ഥയുമായി യേശു ആഴത്തിൽ അനുരൂപനായത് നമുക്ക് കാണാം. അവനു വലിയ കുടുംബമഹിമ അവകാശപ്പെടാനുണ്ടായിരുന്നില്ല. അവന്റെ ജനനസമയത്ത് നല്ലൊരു സ്ഥലം കണ്ടെത്താൻപോലും ജോസഫിനു കഴിഞ്ഞില്ല. പരസ്യജീവിതകാലത്ത് സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള വേശ്യകളോടും ചുങ്കക്കാരോടുമെല്ലാം അവൻ സൗഹൃദത്തിലായിരുന്നു. അങ്ങനെ തൊഴുത്തിലെ ജനനം മുതൽ കാൽവരിയിൽ വിരൂപനായി, നഗ്നനായി മരിക്കുന്നതുവരെ അവൻ അപമാനം സ്വയം ഏറ്റുവാങ്ങി. "നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാനപുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ" (ഹെബ്രാ 4,15). "എന്തെന്നാൽ, അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന്, പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി " (2 കോറി 5, 21).

ജീവിതത്തിൽ നമുക്ക് വീഴ്ചകളുണ്ടാകാറുണ്ട്. അപ്പോഴെല്ലാം സാത്താൻ നമ്മിൽ കുറ്റമാരോപിക്കുകയും നമ്മെ ലജ്ജയിലാഴ്ത്താൻ ശ്രമിക്കുകയും ചെയ്യും. എങ്ങനെയാണ് അനുദിന ജീവിതത്തിൽ നാം ഇതിനെ മറികടക്കുന്നത് ? ഒരുകാര്യത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല എന്ന് ഒരാളോട് പറയുമ്പോൾ പലപ്പോഴും വിപരീതഫലമാണ് ഉണ്ടാവുക. നമ്മിലെ ലജ്ജയെ നാം ആത്മീയതയുടെ കണ്ണിലൂടെ മനസ്സിലാക്കുകയാണ് വേണ്ടത്. നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ചിന്തപ്പെട്ട രക്തം നമ്മിലെ കുറ്റബോധം കഴുകിക്കളയുന്നത് കുമ്പസാരത്തിൽ നാം അനുഭവിക്കുന്നു. നമ്മിലെ ലജ്ജയെ അവൻ തന്റെ ശരീരത്തിൽ വഹിച്ചുകൊണ്ട് കുരിശിലേറി. ജ്ഞാനസ്നാനത്തിലൂടെ അവന്റെ മരണോത്ഥാനങ്ങളുടെ വിജയത്തിൽ നാം പങ്കുചേരുന്നു. ക്രിസ്തുവിനോട് ജ്ഞാനസ്നാനത്തിലൂടെ ഒന്നായിത്തീർന്നവൻ ഒരു പുതിയസൃഷ്ടിയാണ്. ലജ്ജയിൽ മൂടിയ പഴയ മനുഷ്യൻ കടന്നുപോയി. അതോടൊപ്പം ഒരു ആത്മീയഗുരുവിനോടോ വിശ്വസിക്കാവുന്ന മറ്റാരോടെങ്കിലുമോ തുറന്നു സംസാരിക്കുന്നതും പ്രാർഥിക്കുന്നതും ഈ തിരിച്ചറിവ് ഉറപ്പിക്കുന്നതിനു സഹായകമാകും.

തങ്ങളുടെ നാണം മറയ്ക്കാൻ ദൈവത്തെ അനുവദിച്ച ആദിമാതാപിതാക്കളെപ്പോലെ, യേശുവിന്റെ ബലിയിലൂടെ നേടിയെടുത്ത നീതിയാകുന്ന വസ്ത്രം നമ്മെ ധരിപ്പിക്കാൻ നാം ദൈവത്തെ അനുവദിക്കണം. ലജ്ജയല്ല, നമ്മെ നിർവചിക്കേണ്ടത്. നീതിയുടെ കുപ്പായത്തിലാണ് നാം നമ്മെത്തന്നെ കാണേണ്ടത്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നതുപോലെ "നാം നമ്മിലെ ദൗർബല്യങ്ങളുടെയും പരാജയങ്ങളുടെയും ആകെത്തുകയല്ല. മറിച്ച് നമ്മോടുള്ള ദൈവസ്നേഹത്തിന്റെയും ക്രിസ്തുവിന്റെ പ്രതിച്ഛായയാകാനുള്ള കഴിവിന്റെയും ആകെത്തുകയാണ്."

***ഡോ. അബീഷ് ആന്റണി***

*സൈക്കാട്രിസ്റ്റ് ആയി ജോലിനോക്കുന്ന അബീഷ്, ഭാര്യ അനുവിനോടും അഞ്ചു കുട്ടികളോടും ഒപ്പം പെർത്തിൽ താമസിക്കുന്നു. ഓസ്ട്രേലിയ നാഷണൽ ഫോർമേഷൻ ടീമിന്റെ കോർഡിനേറ്ററാണ്.*

# സന്യാസിനികൾക്ക് സ്വാതന്ത്ര്യമോ?

ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും എപ്പോഴും വ്യത്യസ്തമാണ്. അവിടന്ന് വിളിക്കുമ്പോൾ ഒരു 'yes'പറഞ്ഞാൽ മതി, ബാക്കിയെല്ലാം ദൈവം നോക്കി കൊള്ളും. പിന്നീടുള്ള നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങളുടെ പ്രവാഹം തന്നെയായിരിക്കും. ഒരു സാധാരണ കുടുംബത്തിൽ മൂന്നു മക്കളിൽ മൂത്തവളായി ജനിച്ച എന്നെയും അവിടന്ന് പ്രത്യേകമായി വിളിച്ചു. മാതാപിതാക്കളുടെ സ്നേഹവും ലാളനയും ആവോളം ആസ്വദിച്ചു വളർന്ന ഒരു കുട്ടിക്കാലമായിരുന്നു എന്റേത്. ദൈവ വിശ്വാസത്തിലും സഹോദര സ്നേഹത്തിലും എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾ എന്നെ വളർത്തി. പഠിക്കാൻ അത്ര മിടുക്കിയൊന്നുമായിരുന്നില്ല ഞാൻ. കലാപരമായി പ്രത്യേകിച്ച് പാടാനും മറ്റും ഉണ്ടായിരുന്ന കഴിവുകൾകൊണ്ട് സമ്മാനങ്ങൾ ഒക്കെ വാങ്ങി രസകരമായി പഠനകാലം മുന്നോട്ടു നീങ്ങി. പത്താം ക്ലാസ്സ് പാസാകാൻ 210 മാർക്ക് വേണ്ട കാലത്ത് എനിക്ക് ആകെ കിട്ടിയത് 213 മാർക്ക്. അങ്ങനെ പത്താം ക്ലാസ്സ് കഴിഞ്ഞു നിൽക്കുന്ന സമയത്താണ് എന്റെ ഉള്ളിൽ എവിടെയോ മുളപൊട്ടിയ ദൈവവിളിയുടെ സ്വരം ഞാൻ തിരിച്ചറിഞ്ഞത്. ഒരു സന്യാസിനി ആകാനുള്ള എന്റെ ആഗ്രഹം വീട്ടിൽ പറഞ്ഞപ്പോൾ അത്ര താത്പര്യം ഇല്ലാതിരുന്നിട്ട് കൂടി എന്റെ മാതാപിതാക്കൾ എനിക്ക് അനുവാദം നൽകി. അങ്ങനെ ഞാൻ കൊല്ലത്തുള്ള Sisters of the Holy Cross എന്ന സന്യാസിനി സമൂഹത്തിൽ എത്തിച്ചേർന്നു.

ആറുമാസത്തെ come and see കാലഘട്ടത്തിനുശേഷം വീട്ടിൽ പോയി. വൈകാതെ കൊട്ടിയത്തുള്ള കോൺവെന്റിൽ എത്തി. ആറുമാസത്തെ സഭാചരിത്രം ഉൾപ്പെടെയുള്ള പഠനങ്ങൾക്കുശേഷം PDC (ഇന്നത്തെ +2) പഠനത്തിനായി ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജിൽ ചേർന്നു. പ്രീഡിഗ്രി പഠനം പൂർത്തിയാക്കിയ ശേഷം വീണ്ടും ഞാൻ കൊട്ടിയത്തേക്ക് വന്നു. മൂന്നുവർഷം നീണ്ട പരിശീലനത്തിന് ശേഷം ആദ്യ വ്രതവാഗ്ദാനം ചെയ്തു. പിന്നീട് എറണാകുളത്തുവന്ന് നഴ്സറി ടീച്ചർ ട്രെയിനിങ്ങും കമ്പ്യൂട്ടർ ടീച്ചർ ട്രെയിനിങ്ങും പൂർത്തിയാക്കി. അതിനിടയിലും എന്റെ സന്യാസ പരിശീലകരിലൂടെ നല്ലൊരു സന്യാസിനി ആകാൻ ഈശോ എന്നെ രൂപപ്പെടുത്തിക്കൊണ്ടിരുന്നു. നിത്യവ്രത വാഗ്ദാനത്തിനുശേഷം ഞാൻ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ നിന്ന് മൂന്നുവർഷത്തെ ബിരുദം സ്വന്തമാക്കി. എന്റെ മെയിൻ സബ്ജക്റ്റ് വീണ ആയിരുന്നു. ഒപ്പംതന്നെ തലശ്ശേരി ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും തിയോളജിയിലും ബിരുദം കരസ്ഥമാക്കി. അതിനുശേഷം ചെന്നൈ സ്കൂൾ ഓഫ് മ്യൂസിക് തെറാപ്പി സെന്ററിൽ നിന്ന് പിജി ഡിപ്ലോമ നേടി. അതുവഴിയായി മ്യൂസിക് തെറാപ്പിസ്റ്റായി ഹോസ്പിറ്റലിലും സ്പെഷ്യൽ സ്കൂളിലും മെന്റൽ ഹെൽത്ത് സെന്ററിലും ഓൾഡേജ് ഹോമിലും എല്ലാം സേവനം ചെയ്യാൻ ഈശോ എന്നെ അനുവദിച്ചു. ഇതോടൊപ്പംതന്നെ ലണ്ടൻ ട്രിനിറ്റി കോളേജിൽ നിന്ന് കീബോർഡിൽ തേർഡ് ഗ്രേഡ് നേടി. അതിനുശേഷം ഗുഡ്നെസ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലിം ആൻഡ് ടെലിവിഷനിൽ നിന്ന് മീഡിയ പഠനം പൂർത്തിയാക്കി. ഞങ്ങളുടെ സഭയുടെ പ്രത്യേകിച്ച് സൗത്ത് ഇന്ത്യൻ പ്രോവിൻസിന്റെ മീഡിയ രംഗത്ത് വളരെ സജീവമായി പ്രവർത്തിക്കാൻ ദൈവം അവസരം നൽകിക്കൊണ്ടിരിക്കുന്നു.

ഇന്ന് ഞാൻ ഏറെ ആനന്ദത്തോടെയും അഭിമാനത്തോടെയും പൗലോസ് ശ്ലീഹായെ പോലെ പറയുന്നു, 'ഞാൻ എന്തായിരിക്കും അത് ദൈവകൃപയാൽ ആണ്.' ദൈവത്തിന്റെ കാരുണ്യമാണ് എന്റെ ജീവിതത്തിലുടനീളം ഞാൻ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഒന്നുമല്ലാതിരുന്ന, ആരും അല്ലാതിരുന്ന എന്നെ ദൈവത്തിന്റെ ഒരു ഉപകരണമാക്കി ദൈവം ഉപയോഗിക്കുന്നു. ഇതെല്ലാം എന്നെ കുറിച്ചുള്ള അവിടത്തെ പദ്ധതിയുടെ ഭാഗം മാത്രമാണ്.

സന്യാസ ജീവിതത്തിൽ വരുന്നതുകൊണ്ട് നമ്മുടെ കഴിവുകൾ വളർത്താൻ സാധിക്കുന്നില്ല, സന്യാസ സഭ നമ്മെ പ്രോത്സാഹിപ്പിക്കു



ന്നില്ല, എന്നെല്ലാം പലർക്കും പല തെറ്റിദ്ധാരണകളുമുണ്ട്. അവരോടൊക്കെ എനിക്ക് പറയാനുള്ള ഒരേയൊരു കാര്യം ഞാൻ ഇന്ന് എന്തെങ്കിലുമൊക്കെ ആയി തീർന്നിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും വലിയ പങ്കുവഹിച്ചിട്ടുള്ളത് എന്റെ സന്യാസ സഭ തന്നെയാണ്. എന്റെ അധികാരികൾ എനിക്കുതന്ന പ്രോത്സാഹനമാണ്. ഇന്ന് ഞാൻ ഏറെ സംതൃപ്തിയും ആനന്ദവും അനുഭവിക്കുന്നുണ്ടെങ്കിൽ അതെല്ലാം എന്റെ ഈശോ എനിക്കായി മുൻകൂട്ടി കരുതി വച്ചതാണ്. പത്താം ക്ലാസ്സിൽ വെറും 213 മാർക്ക് മേടിച്ച എനിക്ക് ഇഷ്ടപ്പെട്ട മേഖലയിൽ എല്ലാം പഠിക്കാൻ സാധിച്ചത്, നല്ല വിജയം കൈവരിക്കാൻ സാധിച്ചത്, എന്റെ സന്യാസ സമൂഹത്തിന്റെ, പ്രത്യേകിച്ച് എന്റെ അധികാരികളുടെ കരുതലും പ്രോത്സാഹനവും ഒന്നു കൊണ്ടുമാത്രമാണ്.

ഞങ്ങളുടെ സന്യാസ സമൂഹത്തിന്റെ ഒരുമിച്ചുള്ള പ്രാർഥന, ഉല്ലാസം, ഭക്ഷണമേശയിലെ ഒരുമിച്ചുകൂടൽ, ഇതൊക്കെ ലോകത്തിന് മനസ്സിലാക്കാൻ കഴിയുന്നതിലും അപ്പുറമുള്ള ആത്മീയ ആനന്ദമായി, അനുഭവമായി ഞാൻ കരുതുന്നു. അതുപോലെതന്നെ സന്യാസ ജീവിതത്തിന്റെ സ്വാതന്ത്ര്യമില്ലായ്മയെക്കുറിച്ചും പരിമിതികളെക്കുറിച്ചും സോഷ്യൽ മീഡിയയിലും മറ്റും  കാണുകയും കേൾക്കുകയും ചെയ്യുന്ന വാർത്തകളെ അടിസ്ഥാനപ്പെടുത്തി പറയുമ്പോൾ യാഥാർഥ്യം പലപ്പോഴും വളരെ അകലെയാണ് എന്നുള്ളത് പലരും അറിയുന്നില്ല. വ്യക്തിപരമായി പറഞ്ഞാൽ ഞാൻ അനുഭവിക്കുന്ന എന്റെ സ്വാതന്ത്ര്യം പുറത്തുനിന്ന് വിലയിരുത്തുന്ന ഒരാൾക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. ലോകം വച്ചുനീട്ടുന്ന ലൗകിക സന്തോഷങ്ങൾ ഉപേക്ഷിക്കുമ്പോളുള്ള ആനന്ദം, ഇങ്ങനെ ഒരു വിളി ഏറ്റെടുക്കാനുള്ള ധൈര്യം ഇതെല്ലാം ഈശോയുടെ തെരഞ്ഞെടുപ്പിലൂടെ ലഭിക്കുന്നു. ഒരു സംഗീത അധ്യാപികയായും തെറാപ്പിസ്റ്റായും മാധ്യമപ്രവർത്തകയായും ശുശ്രൂഷ ചെയ്യുമ്പോൾ ഞാൻ അനുഭവിക്കുന്ന ആനന്ദവും എനിക്ക് ലഭിക്കുന്ന സ്വാതന്ത്ര്യവും മറ്റൊരാൾക്ക് അളക്കാനാവില്ല. സ്വന്തം ഇഷ്ടങ്ങളെ അപരന്റെ നന്മയ്ക്കുവേണ്ടി ത്യജിച്ച് കുരിശിനെ അനുധാവനം ചെയ്ത് ഉത്ഥാനത്തിന്റെ ആനന്ദം ഉൾക്കൊണ്ട് ഒരു നല്ല സന്യാസിനിയായി, ജീവിക്കുക എന്ന വലിയ വെല്ലുവിളിയാണ് ഓരോ സന്യാസിനിയും തന്റെ ജീവിതത്തിലൂടെ ഏറ്റെടുക്കുന്നത്. കണ്ടുമുട്ടുന്നവരിൽ ഈശോയെ ദർശിക്കാനും ഈശോയുടെ സ്നേഹം ആവോളം അനുഭവിച്ച് അത് പങ്കുവച്ച്  ജീവിക്കാനും ജീവിതം അതിന്റെ പൂർണതയിൽ ജീവിക്കാനും എന്റെ സന്യാസം എനിക്ക് ശക്തി നൽകുന്നു. എന്തെല്ലാം പ്രശ്നങ്ങളും പ്രതിസന്ധികളും പ്രതികൂലങ്ങളും മുന്നിൽ വന്നാലും സന്തോഷത്തോടെ എനിക്ക് പറയാൻ സാധിക്കും ഈ വിളിയിൽ ഞാൻ തികച്ചും സന്തുഷ്ടയാണ്, സംതൃപ്തയാണ്.

*സിസ്റ്റേഴ്സ് ഓഫ് ദ ഹോളി ക്രോസ് സഭാംഗമായ സി.ദിവ്യ മാത്യു, സംഗീത അധ്യാപികയും തെറാപ്പിസ്റ്റും മാധ്യമപ്രവർത്തകയുമാണ്. ഇപ്പോൾ കൊല്ലം സോണൽ ജീസസ് യൂത്ത് ആനിമേറ്റർ കൂടിയാണ്.*

# ഒറ്റമോന്റെ Yes Lord

ഓഗസ്റ്റ് 4, വിശുദ്ധ ജോൺ മരിയ വിയാന്നി പുണ്യവാളന്റെ തിരുനാൾ.. ദൈവവിളി ദിനം.. തന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റാൻ ഈശോ, ഓരോരുത്തരെയും വിളിക്കുന്നത് വ്യത്യസ്തമായ രീതിയിൽ ആയിരിക്കാം. ആ വിളി തിരിച്ചറിയുക എന്നതാണ് പ്രധാനം. കുഞ്ഞുനാൾ മുതലുള്ള എന്റെ മോഹമായിരുന്നു ഒരു വൈദികൻ ആവുക എന്നത്. ഇതിന് കാരണം പലതാണ്. ഒന്നാമതെന്ന് ഞാൻ കരുതുന്നത് പഠിച്ച കോൺവെന്റ് സ്കൂളിൽ നിന്ന് ലഭിച്ച ഫോർമേഷൻ ആയിരുന്നു. മറ്റൊരു പ്രധാനപ്പെട്ട ഘടകം എന്റെ ഇടവക പള്ളി തന്നെയായിരുന്നു. എന്റെ വീടിന് തൊട്ടുമുന്നിൽ ആണ് പള്ളി. ദിവസവും ദിവ്യബലിയിൽ പങ്കുചേരണം എന്നത് വീട്ടിൽ നിർബന്ധമുള്ള കാര്യമായിരുന്നു. മുതിർന്നപ്പോൾ ഞാൻ ഇടവകയിലെ കൊയറിൽ അംഗമായി. കൊയറിൽ ചേർന്നതുവഴി സ്വാഭാവികമായും ഇടവകയിലെ അച്ചന്മാരുമായും നല്ലൊരു ബന്ധമുണ്ടായി. ഈ വൈദികരെല്ലാം എന്റെ ഉള്ളിൽ ഒരു സ്പാർക്ക് ഉണ്ടാക്കിയെന്നത് വിസ്മരിക്കാൻ ആവില്ല.

എന്റെ ഈ ആഗ്രഹം ഞാൻ പബ്ലിക്കായി പ്രകടിപ്പിക്കുകയോ, ആരോടും പറയുകയോ ചെയ്തിരുന്നില്ല. ഞാൻ സൺഡേ സ്കൂളിൽ പത്തിൽ പഠിക്കുമ്പോൾ സ്കൂൾ ലീഡറായി. അങ്ങനെയിരിക്കെ സൺഡേ സ്കൂൾ വാർഷികം വന്നെത്തി. സ്കൂൾ ലീഡർ എന്ന നിലയിൽ അവിടെ ഒരു ചെറിയ പ്രസംഗം ഞാൻ പറയേണ്ടിയിരുന്നു. ആദ്യമായി പ്രസംഗിക്കുന്നതിന്റെ സംഭ്രമത്തോടെയാണ് ഞാൻ അവിടെ ആയിരുന്നത്. അന്നത്തെ ഞങ്ങളുടെ ചീഫ് ഗസ്റ്റ്, ജസ്റ്റിസ് കുര്യൻ ജോസഫ് സാർ ആയിരുന്നു. 2007 – 2008 വിശ്വാസ പരിശീലന വർഷത്തിൽ ആയിരുന്നു അത്. എന്റെ മുഖത്തെ സംഭ്രമം കണ്ടിട്ട് ആകണം സാർ എന്നോട് ചോദിച്ചു 'സ്കൂൾ ലീഡർ ആണല്ലേ?' ഞാൻ 'അതെ' എന്ന് മറുപടി പറഞ്ഞു. പിന്നെ സർ കുറച്ച് കുശലം ചോദിച്ചു. അതിനിടയിൽ അദ്ദേഹം എന്നോട് ചോദിച്ചു 'മോന് ആരാകണം എന്നാണ് ആഗ്രഹം?' പരിഭ്രമത്തിനിടയിൽ ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു: 'എനിക്ക് സെമിനാരിയിൽ ചേരണമെന്നും വൈദികനാകണമെന്നും ആഗ്രഹമുണ്ട്.' വൈകാതെ പ്രോഗ്രാം തുടങ്ങി. ഞങ്ങൾ സ്റ്റേജിൽ ഇരിക്കുകയാണ്. ഉദ്ഘാടന പ്രസംഗത്തിന് സമയമായി. സാർ എഴുന്നേറ്റു നിന്ന് പ്രസംഗിക്കാൻ തുടങ്ങി. പ്രസംഗത്തിനിടയിൽ അദ്ദേഹം പറഞ്ഞു: 'ഇപ്പോൾ ദൈവവിളികളൊക്കെ കുറവാണ്. പക്ഷേ ഞാൻ നിങ്ങളുടെ സ്കൂൾ ലീഡറോട് ആരാകണം എന്നാണ് ആഗ്രഹം എന്ന് ചോദിച്ചപ്പോൾ ഒരു വൈദികൻ ആകാനാണ് തന്റെ ആഗ്രഹം എന്ന് ഈ പയ്യൻ പറഞ്ഞു.'

അദ്ദേഹം ഇത് പറഞ്ഞത് എന്റെ കുടുംബാംഗങ്ങളുടെയും ഇടവകാംഗങ്ങളുടെയും എല്ലാവരുടെയും മുന്നിൽ വച്ചായിരുന്നു. ഇന്നുവരെ എന്റെ ഉള്ളിൽ അങ്ങനെ ഒരു ആഗ്രഹമുണ്ടെന്ന് ആരോടും ഞാൻ പറഞ്ഞിരുന്നുമില്ല. ഇങ്ങനെ പബ്ലിക്കായി സാർ ഇത് പറയും എന്ന് ഞാനും വിചാരിച്ചില്ല. എനിക്കും കേട്ടവർക്കും എല്ലാം പെട്ടെന്ന് ഷോക്കായി. അങ്ങനെ എന്റെ ആഗ്രഹം നാട്ടുകാരും വീട്ടുകാരുമെല്ലാം അറിഞ്ഞു. അതുകഴിഞ്ഞ് പിറ്റേയാഴ്ച എന്റെ ഇടവകയിലെ കൊച്ചച്ചൻ എന്നോട് പറഞ്ഞു. 'വില്ലി, വൊക്കേഷൻ ക്യാമ്പ് ഉണ്ട്. നിന്റെ പേര് കൊടുത്തിട്ടുണ്ട്' എന്ന്. വൊക്കേഷൻ ക്യാമ്പ് എന്താണെന്ന് ആ പ്രായത്തിൽ കാര്യമായി അറിയില്ലെങ്കിലും ഞാൻ പോയി. അന്നെനിക്ക് വൊക്കേഷനും വെക്കേഷനും തമ്മിലുള്ള വ്യത്യാസം പോലും തിരിച്ചറിയില്ലായിരുന്നു. അവിടെ



ചെന്നതിനുശേഷമാണ് വൊക്കേഷൻ എന്താണെന്ന് ഞാൻ തിരിച്ചറിഞ്ഞത്. ക്യാമ്പിൽ വളരെ ആക്ടീവായിതന്നെ പങ്കെടുത്തു. സ്വന്തം വീട്ടിൽ കയറിച്ചെന്ന ഒരു ഫീൽ ആയിരുന്നു എനിക്ക് അപ്പോൾ ഉണ്ടായിരുന്നത്. ക്യാമ്പിന്റെ സമാപനമായപ്പോൾ താത്പര്യമുള്ളവർ പേരു കൊടുത്തു.

അപേക്ഷാഫോം വാങ്ങി ഞാൻ വീട്ടിലെത്തി. അപ്പോഴാണ് വീട്ടുകാർ കാര്യത്തിന്റെ  ഗൗരവം മനസ്സിലാക്കിയത്. അന്നുമുതൽ വീട്ടിൽ കുറച്ച് ബുദ്ധിമുട്ടുകൾ ഒക്കെ ഉണ്ടായി. ഒറ്റ മോൻ ആയിരുന്നതുകൊണ്ടുതന്നെ എന്നെ വിടാൻ അവർക്ക് വിഷമമായിരുന്നു. അവസാനം, പോകണമെങ്കിൽ പൊയ്ക്കോട്ടെ എന്ന് പപ്പ തീരുമാനമറിയച്ചു.

പക്ഷേ, മമ്മിക്ക് ഒരു തരത്തിലും ഇത് ഉൾക്കൊള്ളാൻ ആവുമായിരുന്നില്ല. മമ്മിയുടെ പെറ്റ് ആയിരുന്നു ഞാൻ. അതുകൊണ്ടുതന്നെ മമ്മിക്ക് ഒട്ടും സമ്മതമായിരുന്നില്ല.

വീട് പെട്ടെന്ന് ഉറങ്ങിയത് പോലെയായി. ഞാൻ സെമിനാരിയിലേക്ക് പോകണമെന്ന എന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ഒടുവിൽ മമ്മി ആത്മഹത്യ ഭീഷണിവരെ മുഴക്കി. അതുകൂടാതെ ബന്ധുക്കളെല്ലാം സെമിനാരിയിൽ പോകരുതെന്ന് പറഞ്ഞു ഉപദേശിക്കാൻ എന്നെ വിളിച്ചു. ഞാൻ സെമിനാരിയിൽ പോയാൽ അപ്പനെയും അമ്മയും ആരു നോക്കും എന്നെല്ലാം പറഞ്ഞ് എന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ, അതിനൊന്നുംതന്നെ

എന്റെ തീരുമാനത്തെ മാറ്റാൻ കഴിഞ്ഞില്ല. അപ്പോഴേക്കും എന്റെ വീട്ടിലെ അവസ്ഥയൊക്കെ വികാരിയച്ചൻ അറിഞ്ഞു. അച്ചൻ ഇടപെട്ടു പാരന്റ്സിനെ വിളിച്ച് സംസാരിച്ചു. അച്ചൻ സംസാരിച്ചതിനെ തുടർന്ന് എന്റെ പപ്പയും മമ്മിയും പ്രത്യേകിച്ചും മമ്മി 'ഓക്കേ' പറഞ്ഞു. സെമിനാരിയിൽ പോകാനുള്ള ദിവസം അടുക്കുംതോറും എന്റെ

**വീട് പെട്ടെന്ന് ഉറങ്ങിയത് പോലെയായി. ഞാൻ സെമിനാരിയിലേക്ക് പോകണമെന്ന എന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ഒടുവിൽ മമ്മി ആത്മഹത്യ ഭീഷണിവരെ മുഴക്കി.**

വീട് ആകെ മൂകമായി. എങ്കിലും അതിനെയെല്ലാം അതിജീവിച്ച് ഞാൻ സെമിനാരിയിൽ ചേർന്നു. ഞാൻ അവിടെ വളരെയേറെ ഹാപ്പിയായിരുന്നു. എന്നാൽ, എന്നെ അത്ഭുതപ്പെടുത്തിയത് ഇതൊന്നുമല്ല. ഞാൻ സെമിനാരിയിൽ പോയ ശേഷം പ്രത്യേകിച്ച് ഉടുപ്പ് മാറ്റം കഴിഞ്ഞ ശേഷമൊക്കെ ഏറ്റവും കൂടുതൽ അഭിമാനത്തോടെയും സന്തോഷത്തോടെയും എന്റെ മകൻ അച്ചനാകാൻ പഠിക്കുകയാണെന്ന് പറഞ്ഞത് എന്റെ മമ്മിയായിരുന്നു. അതുപോലെതന്നെ സെമിനാരിയിൽ പോകരുതെന്ന് എന്നെ ഉപദേശിച്ച ബന്ധുക്കൾ ഇന്ന് ഞാൻ ഒരു വൈദികനാണ് എന്നതിൽ അഭിമാനിക്കുന്നു. അത് ദൈവത്തിന്റെ ഒരു കരുതലും ഇടപെടലമായി ഞാൻ കാണുന്നു.

സെമിനാരിയിൽ പോകുമ്പോൾ ഏറ്റവും വലിയ തടസ്സമായി പറഞ്ഞത് ഞാൻ ഒറ്റമോനാണ് എന്ന കാര്യം ആയിരുന്നു. അവിടെയും ദൈവത്തിന്റെ ഒരു കരുതൽ എനിക്ക് കാണാൻ കഴിഞ്ഞു. ഞാൻ സെമിനാരിയിൽ ചേർന്ന വർഷം തന്നെയായിരുന്നു എന്റെ ചേച്ചിയുടെ വിവാഹം. അങ്ങനെ വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോൾ അവർക്ക് ദൈവം ഇരട്ടക്കുട്ടികളെ സമ്മാനിച്ചു. രണ്ട് ആൺകുട്ടികൾ. ഒരാളെ ദൈവത്തിനു കൊടുത്തപ്പോൾ ദൈവം രണ്ടുപേരെ കുടുംബത്തിലേക്ക് തന്നു. എനിക്ക് പട്ടം കിട്ടുന്നതിന് ഒരു വർഷം മുൻപ് മമ്മിക്ക് ആരോഗ്യപരമായി ചില ഗുരുതര പ്രശ്നങ്ങൾ ഉണ്ടാവുകയും സ്വർഗത്തിലേക്ക് യാത്രയാവുകയും ചെയ്തു. അതെനിക്ക് വലിയൊരു വേദന തന്നെ ആയി



രുന്നെങ്കിലും തിരുപ്പട്ടത്തിന്റെ സമയത്തും അവിടന്നി ങ്ങോട്ട് ഈ നിമിഷംവരെയും മമ്മിയുടെ പ്രാർഥനയുടെ ഒരു സാന്നിധ്യം എനിക്ക് അനുഭവിക്കാൻ കഴിയുന്നുണ്ട്. സ്വർഗത്തിലിരുന്ന് എനിക്ക് വേണ്ടി മമ്മി പ്രാർഥിക്കുന്നു.

നാളിതുവരെ എന്റെ ഏത് കൊച്ചു ആഗ്രഹങ്ങൾ പോലും ദൈവം വളരെ ഭംഗിയായി നടത്തിത്തരുന്നു. ഇതെല്ലാം മമ്മിയുടെ പ്രാർഥനയുടെ ശക്തിയായി ഞാൻ കാണുന്നു. പക്ഷേ, ഞാൻ ഏറ്റവും നന്ദിയോടെയും സ്നേഹത്തോ ടെയും ഓർക്കുന്ന കാര്യം മമ്മിയുടെ രോഗാവസ്ഥയുടെ മൂർദ്ധന്യത്തിലെല്ലാം മമ്മിയോടൊപ്പം ആയിരിക്കാനും ശുശ്രൂഷിക്കാനും എനിക്ക് സാധിച്ചു എന്നതാണ്. കൊറോണ കാലമായിരുന്നതിനാൽ സെമിനാരിയിൽ അവധിയതുകൊണ്ടാണ് എനിക്ക് അതിന് സാധിച്ചത്. അങ്ങനെ അവസാന നാളുകളിൽ മമ്മിയോടൊപ്പം ആയിരിക്കാനുള്ള അവസരം ദൈവം ഒരുക്കിത്തന്നു. ഇന്നും ദൈവം വിസ്മയാവഹമായി എന്നെ നയിച്ചു കൊണ്ടിരിക്കുന്നു. എന്റെ ഈ വൈദിക ജീവിതത്തിൽ ഞാൻ ഏറെ സന്തുഷ്ടനും സന്തോഷവാനുമാണ്. ഞാൻ ആഗ്രഹിച്ചതുപോലെയൊക്കെ മുന്നേറാൻ ദൈവം എന്നെ സഹായിക്കുന്നു. ദൈവത്തോട് ചേർന്നുനിന്ന് ജീവിക്കാൻ ഞാനും പരിശ്രമിക്കുന്നു. സാധിക്കുന്നതു പോലെ ഈശോയെ മറ്റുള്ളവർക്ക് നൽകാൻ ബോധ പൂർവം ശ്രമിക്കാറുണ്ട്. നല്ല ജീവിതം നയിക്കാനും പരിശ്രമിക്കുന്നു. ഇതുവരെയും കരുതി പരിപാലിച്ച ദൈവത്തിന് നന്ദിപറഞ്ഞുകൊണ്ട് എന്റെ പൗരോഹിത്യ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു.

ദൈവത്തിന്റെ വിളി മനുഷ്യബുദ്ധിക്ക് അത്ര എളുപ്പം ഗ്രഹിക്കാവുന്ന ഒന്നല്ല. പൗരോഹിത്യ ജീവിതത്തിലേക്ക് എന്നെ ദൈവം നേരത്തെതന്നെ തെരഞ്ഞെടുത്തിരുന്നു എന്നത് എന്നെ വല്ലാതെ വിസ്മയിപ്പിച്ചിട്ടുണ്ട്. തിരുപ്പട്ട ത്തിന് മുമ്പുള്ള ഒരുക്ക ധ്യാനത്തെ തുടർന്ന് ധ്യാനഗു രുവായ വൈദികൻ ഞങ്ങളെ എല്ലാ ഡീക്കന്മാരെയും ഇടുക്കിയിൽ ഒരു വീട്ടിൽ കൊണ്ടുപോയി. മാതാവിന്റെ പ്രത്യേക സാന്നിധ്യം അനുഭവപ്പെടുന്ന ഒരു വീടായിരുന്നു അത്. മാതാവിന്റെ ദർശനങ്ങളും മറ്റും ലഭിക്കുന്ന ഒരു അമ്മച്ചി അവിടെ ഉണ്ടായിരുന്നു. ഞാൻ അതിനു മുൻപ് അമ്മച്ചിയെ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. ഓരോ ചെമ്മാച്ചന്മാരുടെയും തലയിൽ കൈവച്ച് പ്രാർഥിച്ചു വന്ന അമ്മച്ചി എന്റെ അടുത്ത് എത്തിയപ്പോൾ തലയിൽ കൈ വച്ചിട്ട് പറഞ്ഞു: ചെറുപ്പത്തിൽ ഉണ്ടായ വലിയൊരു ആരോഗ്യപ്രശ്നത്തിൽ നിന്നും മാതാവിന്റെ മധ്യസ്ഥം വഴി രക്ഷപ്പെട്ട ആളാണ്. മാതാവ് രക്ഷിച്ച് പൗരോഹിത്യത്തിനു വേണ്ടി മാറ്റിവച്ച മകനാണ് ഞാൻ എന്ന്. അതെന്നെ വല്ലാതെ സ്പർശിച്ചു. ഒരു തരത്തിൽ ഒരു ഷോക്കായിരുന്നു ആ അമ്മച്ചിയുടെ വാക്കുകൾ.

വീട്ടുകാർ പറഞ്ഞുകേട്ട ഒരു സംഭവം എന്റെ ഓർമയി ലേക്ക് വന്നു. വളരെ ചെറുപ്പത്തിൽ ഒരു വയസ്സ് ഉള്ള സമയത്ത് എനിക്ക് വയറ്റിൽ അസ്വസ്ഥതയൊക്കെയായി ഒന്നുരണ്ട് മാസത്തോളം ഞാൻ എറണാകുളം മെഡി ക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അഡ്മിറ്റായി. എന്റെ ശരീരത്തിലെ ഇടത്തെ ഭാഗത്തുള്ള ഇന്റേണൽ ഓർഗൻസിന്റെ പ്രവർത്തനം വളരെ മോശമായി വരുന്ന ഒരവസ്ഥയായിരുന്നു. കാരണം കണ്ടെത്താൻ ഡോക്ടേഴ്സിന് സാധിച്ചില്ല. അവസാന മാർഗം എന്ന നിലയിൽ കുഴലിട്ട് പരിശോധിക്കുക എന്നതായി തീരുമാനം. പിറ്റേദിവസം അതിനുള്ള സർജറിക്ക് തയ്യാ റെടുത്തു. തലേന്ന് രാത്രി മമ്മി എന്നെ തോളിൽ ഇട്ടു കൊണ്ട് നടക്കുകയായിരുന്നു. ആ സമയത്ത് എല്ലാവരും എനിക്കുവേണ്ടി ശക്തമായി പ്രാർഥിച്ചിരുന്നു. പ്രത്യേകിച്ച് എന്റെ മമ്മിയുടെ അമ്മ മാതൃഭക്ത എന്ന നിലയിൽ മാതാവിന്റെ ശക്തമായ മാധ്യസ്ഥം തേടിയിരുന്നു. ആ സമയത്ത് ഞാൻ ശക്തമായി ചുമക്കാൻ തുടങ്ങി. ചുമച്ച് ശ്വാസം കിട്ടാതെ ഞാൻ ശർദ്ദിക്കും എന്ന് അവസ്ഥ വന്നപ്പോൾ മമ്മി എനിക്ക് കൈ നീട്ടിത്തന്നു. ഞാൻ ഛർദിച്ചപ്പോൾ രക്തമാണ് വന്നത്. അതോടൊപ്പം എന്തോ ഒരു വസ്തു മമ്മിയുടെ കൈയിൽ തടഞ്ഞു. അത് ഞാൻ എപ്പോഴോ വായിലിട്ട ഒരു കപ്പലണ്ടി ആയി രുന്നു. കപ്പലണ്ടി ഉള്ളിൽ തങ്ങി കിടന്നതുകൊണ്ടാണ് എനിക്ക് ഇത്തരത്തിൽ ഭീകരമായ ശാരീരികപ്രശ്ന ങ്ങൾ ഉണ്ടായത്. അമ്മച്ചി ഇത് പറഞ്ഞപ്പോൾ എന്റെ ഓർമയിലേക്ക് ആദ്യം ഓടിയത് ഈ സംഭവമാണ്. ഡോക്ടറെ കണ്ടപ്പോൾ ഡോക്ടർ പറഞ്ഞു: ഇത് വലി യൊരു മിറക്കിൾ തന്നെയാണ്. പിറ്റേദിവസം സർജറി ചെയ്യുന്നതിന് മുമ്പ് തന്നെ പ്രശ്നം കണ്ടെത്താനും പരിഹരിക്കപ്പെടാനും സാധിച്ചത് ദൈവകൃപ ഒന്നുകൊണ്ട് മാത്രമാണ്.

ദൈവത്തിന്റെ വിളി എന്നത് ചില്ലറ കാര്യമല്ല. അവിടന്ന് വിളിച്ചിട്ടുണ്ടെങ്കിൽ അവിടന്ന് ഏത് പ്രതിസന്ധിയെയും പ്രശ്നങ്ങളെയും മറികടക്കാൻ ശക്തിതരും. നമ്മെ കരുത ലോടെ പരിപാലിക്കും. അന്നും ഇന്നും എന്നെ പരിപാലി ക്കുന്ന നല്ല ദൈവത്തിന് നന്ദി. വഴി നടത്തുന്ന ദൈവം എന്നും എന്റെ കൂടെയുണ്ട്. ആ ബോധ്യത്തിൽ തുടർ ന്നുള്ള എന്റെ ജീവിതം കൂടുതൽ തീക്ഷ്ണതയോടെ ദൈവത്തെ പ്രഘോഷിക്കാൻ മാറ്റിവയ്ക്കുന്നു.

*വരാപ്പുഴ അതിരൂപതാ അംഗമായ ഫാ. വില്യം ചാൾസ്, പൊന്നാരിമംഗലത്തെ ഔർ ലേഡി ഓഫ് മേഴ്സി ചർച്ച് അസി. വികാരി ആണ്. ജീസസ് യൂത്ത് എറണാകുളം ടീൻസ് മിനിസ്ട്രി ചാപ്ലിൻ കൂടിയാണ്.*




# കുട്ടികൾക്ക് സമ്മാനം

"വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും. വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും." ജൂൺ 19 വായനാദിനത്തോടാനുബന്ധിച്ചു കെയ്റോസ് ബംബർ സമ്മാന ഓഫറിൽ പങ്കെടുത്ത കുട്ടികളിൽ സമ്മാനാർഹരായവരുടെ പേരുകൾ പ്രഖ്യാപിച്ചു. വായനാദിനത്തിന്റെ അന്നുതന്നെ കെയ്റോസ് മീഡിയയുടെ, കുട്ടികൾക്കായുള്ള മാസികയായ കെയ്റോസ് ബഡ്സിന്റെ വരിക്കാർ ആകുന്ന കുട്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുമെന്നായിരുന്നു അറിയിച്ചത്. അന്നേദിവസം ഒരു വർഷത്തേക്ക് മാഗസിൻ സബ്സ്ക്രൈബ് ചെയ്ത കുട്ടികൾക്ക് എല്ലാവർക്കും അഡീഷണൽ ആയി ഒരു വർഷത്തേക്കുകൂടി മാഗസിൻ സൗജന്യമായി നൽകിക്കൊണ്ടായിരുന്നു കെയ്റോസ് മീഡിയ കുട്ടികളെ പ്രോത്സാഹിപ്പിച്ചത്. ജൂലൈ 20ന് നടന്ന കെയ്റോസ് കോൺക്ലേവിൽ വച്ചാണ് വിജയികൾക്ക് ഈ ബംബർ സമ്മാനം പ്രഖ്യാപിച്ചത്. സമ്മാനാർഹരായത് 17 കുട്ടികളാണ്. അവരുടെ പേരു വിവരങ്ങൾ:

1. ആൻസൺ ജോസ്, വയനാട്
2. ഫ്രൺസ ജോയ്, മുല്ലശ്ശേരി
3. ഏബെൽ ജോമോൻ, കണ്ണൂർ
4. ജിജി മാത്യു, ഡൽഹി
5. ദിപു ജോസ്, വയനാട്
6. ആൻ ലിയ ജെയിംസ്, തൃശൂർ
7. അബിന, കണ്ണൂർ
8. ആരോൺ & സാറ, ഡൽഹി
9. റോഷ് ജോസഫ്, ബാംഗ്ലൂർ
10. ത്രേസ്യ ഡി., ന്യൂ ഡൽഹി
11. ആൻ ലൂസിൻ ലിയോ, മഞ്ഞപ്ര
12. പിങ്കി എലിസബേത്ത് മാത്യു, ബാംഗ്ലൂർ
13. ജോസ് പി. മാത്യു, കോട്ടയം
14. ഏബെൽ ജോസ് ഐസക്, കണ്ണൂർ
15. ജോവാൻ ബോസ്കോ, തിരുവനന്തപുരം
16. ഫെൽസി വി.എ., ഇടുക്കി
17. ആന്റണി റിജോ, ആലപ്പുഴ

സമ്മാനാർഹരായ എല്ലാ കൂട്ടുകാർക്കും സന്തോഷത്തോടെ അഭിനന്ദനങ്ങൾ നേരുന്നു. മറ്റൊരു കാര്യം കൂടെ നിങ്ങളെ അറിയിക്കുന്നു, കഥകൾ എഴുതാൻ കഴിവുള്ളവരും ആഗ്രഹിക്കുന്നവരും വേഗം കഥകളെഴുതി അയച്ചോളൂ. നിങ്ങളുടെ ഫോട്ടോയോടുകൂടെ മാസികയിൽ പ്രസിദ്ധീകരിക്കാം. കുട്ടികൾക്ക് വായിച്ചു രസിക്കാൻ പറ്റിയ കഥകളാണ് അയക്കേണ്ടത്.

9497166591




For theme song video

# കെയ്റോസ് കോൺക്ലേവ് 2024

മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരും കെയ്റോസുമായി അസോസിയേറ്റുചെയ്തു പ്രവർത്തിക്കുന്നവരുമടങ്ങുന്ന അറുപതോളംപേരാണ് കെയ്റോസ് കോൺക്ലേവിൽ പങ്കെടുത്തത്. ജൂലൈ 20ന് അങ്കമാലി കറുകുറ്റിയിലെ ശാന്തികേന്ദ്രയിൽ വച്ച് രാവിലെ 7:00 മുതൽ രാത്രി 9:00 വരെയായിരുന്നു പരിപാടി.

കോൺക്ലേവ് ഉദ്ഘാടനം ചെയ്തത് കണ്ണൂർ രൂപത ബിഷപ്പും ജീസസ് യൂത്ത് നാഷണൽ കൗൺസിൽ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസറുമായ റവ. ഡോ. അലക്സ് വടക്കുംതല പിതാവായിരുന്നു. ആത്മീയ ഉണർവിന്റെ ആഴങ്ങളിലേക്ക് നയിക്കുന്ന പങ്കുവയ്ക്കൽ ആയിരുന്നു അലക്സ് വടക്കുംതല പിതാവിന്റേത്. മാധ്യമരംഗത്തു പ്രവർത്തിക്കുന്ന നമ്മൾ എപ്രകാരം ജാഗരൂകരായിരിക്കണം എന്നും സ്വതന്ത്രമായും പ്രത്യാശയോടും ദൈവത്തിൽ ആശ്രയിക്കേണ്ടതെങ്ങനെയെന്നും പിതാവ് തന്റെ അനുഭവങ്ങളിലൂടെ ബൈബിൾ സന്ദേശങ്ങൾ ഉൾപ്പെടുത്തി പങ്കുവച്ചു.

മനോരമ ന്യൂസ് ഡയറക്ടർ ശ്രീ. ജോണി ലൂക്കോസ് ആയിരുന്നു മുഖ്യ പ്രഭാഷകൻ. മാധ്യമരംഗത്തെ പ്രത്യേകതകൾ എന്നത് ഒന്നുകിൽ 'അനുകൂലം' അല്ലെങ്കിൽ 'പ്രതികൂലം.' ഇതിനിടയിൽ ഒരു സ്പേസില്ല. 'റെസ്പെക്ട്' അല്ല 'അറ്റൻഷൻ' ആണ് ഇന്നാളുകൾക്ക് വേണ്ടത്. മാധ്യമരംഗത്തെ ഇതുപോലുള്ള പ്രവണതകളെക്കുറിച്ചും മൂല്യങ്ങൾക്കും ധാർമികതയ്ക്കും വിലകല്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഓർമപ്പെടുത്തി. തുടർന്ന്, സംശയനിവാരണത്തിനും ചോദ്യോത്തരങ്ങൾക്കുമായി സമയം ചിലവിടുകയും ചെയ്തു.

പങ്കെടുത്ത ആളുകൾ എല്ലാവരും കൂടുതൽ അടുത്തറിയാനും സൗഹൃദം പങ്കിടാനും സമയം ചെലവഴിച്ചത് എല്ലാവർക്കും ഏറെ പ്രയോജനപ്രദമായ കാര്യമായിരുന്നു. കെയ്റോസിനെ വരും നാളുകളിൽ കൂടുതൽ ശോഭയോടെ ലോകത്തിനു മുന്നിൽ ഉയർത്തി നിറുത്താൻ എപ്രകാരമാണ് നമ്മൾക്ക് പ്രവർത്തിക്കാനാവുക എന്ന സ്വപ്നങ്ങളും പ്രതീക്ഷകളുമൊക്കെ പങ്കുവയ്ക്കുകയായിരുന്നു പങ്കെടുത്തവരിൽ ഏറെപേരും. പുതിയ കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് പുതുതലമുറയുടെ സ്പന്ദനങ്ങൾ, അവരുടെ കൈയൊപ്പുകൾ, അവരുടെ ക്രിയേറ്റിവിറ്റികൾ എല്ലാം കെയ്റോസിന്റെ സിരകളിലൂടെ ഇനിയും ഒഴുകേണ്ടതുണ്ട്. എല്ലാ രീതിയിലും കെയ്റോസിന് ആവശ്യമായ സഹായ സഹകരണങ്ങൾ കലവറയില്ലാതെ നൽകാനാകുമെന്നും പങ്കെടുത്തവർ പറഞ്ഞു. വി. കുർബാനയോടുകൂടെ ആരംഭിച്ച കെയ്റോസ് കോൺക്ലേവ് രാത്രിയിൽ വി. കുർബാനയുടെ മുമ്പിലുള്ള ആരാധനയോടെയാണ് സമാപിച്ചത്.

കോൺക്ലേവിന്റെ കൂടുതൽ വിശേഷങ്ങളും പ്രഭാഷണങ്ങളുടെ വിശദാംശങ്ങളും അടുത്ത ലക്കത്തിൽ.

# അന്താരാഷ്ട്ര അവാർഡ് തിള




HONORING OUTSTANDING WORK IN CATHOLIC MEDIA


# കത്തിൽ വീണ്ടും കെയ്റോസ്

ലോകത്തിലെ ഏറ്റവും പ്രധാന കത്തോലിക്കാ പുരസ്കാരമായ സി.എം.എ. അവാർഡുകൾ ഇത്തവണയും കരസ്ഥമാക്കി കെയ്റോസ് ഗ്ലോബൽ. ഇക്കഴിഞ്ഞ ജൂൺ 21ന് ജോർജിയയിലെ അറ്റ്ലാൻഡിൽ വച്ച് നടന്ന കാത്തലിക് മീഡിയ കോൺഫറൻസിൽ ആണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

പ്രെയർ ആൻഡ് സ്പിരിച്വാലിറ്റി മാഗസിൻ വിഭാഗത്തിൽ ബെസ്റ്റ് ഫീച്ചർ ആർട്ടിക്കിളിനുള്ള അവാർഡ് കെയ്റോസ് ഗ്ലോബലിലെ ഫീച്ചറുകൾക്ക് ലഭിച്ചു. ഈ വിഭാഗത്തിൽ ഒന്നാമത് എത്തിയത് കെയ്റോസ് ഗ്ലോബൽ ആണ്. ഇതു കൂടാതെ ബെസ്റ്റ് ലേ ഔട്ട് ഓഫ് ആൻഡ് ആർട്ടിക്കിൾ അവാർഡും കെയ്റോസ് ഗ്ലോബലിന് ലഭിച്ചു. കെയ്റോസ് ഗ്ലോബലിലെ വിവിധ ആർട്ടിക്കിളുകളുടെ ലേ ഔട്ടുകൾ ആണ് പുരസ്കാരത്തിനായി പരിഗണിച്ചത്. ഈ വിഭാഗത്തിൽ മൂന്നാം സ്ഥാനമാണ് കെയ്റോസ് ഗ്ലോബലിന് ലഭിച്ചത്. ഇതിനുപുറമേ ബെസ്റ്റ് എക്സ്പ്ലനേഷൻ ഓഫ് മാരേജ് വിഭാഗത്തിലും കെയ്റോസ് ഗ്ലോബലിലെ ലേഖനങ്ങൾ പുരസ്കാരം നേടി. ഈ വിഭാഗത്തിലും മൂന്നാം സ്ഥാനമാണ് കെയ്റോസ് ഗ്ലോബലിലെ ലേഖനങ്ങൾക്ക് ലഭിച്ചത്. മാഗസിനിലെ കൾച്ചർ ഓഫ് ലൈഫ്, എൻഗേജ്, ഫമീലിയ തുടങ്ങിയ തലക്കെട്ടുകളിൽ വരുന്ന ലേഖനങ്ങൾ പരിഗണിച്ചാണ് ഈ അവാർഡ് കരസ്ഥമാക്കിയത്.

ഇതോടൊപ്പം പ്രെയർ & സ്പിരിച്വാലിറ്റി മാഗസിൻസിന്റെ വിഭാഗത്തിൽ മാഗസിൻ ഓഫ് ദ ഇയർ പുരസ്കാരത്തിൽ കെയ്റോസ് ഗ്ലോബൽ പ്രത്യേക ജൂറി പരാമർശം നേടി. അതോടൊപ്പം മിഷൻ മാഗസിനുകളുടെ വിഭാഗത്തിൽ മികച്ച ലേഖനത്തിനുള്ള അവാർഡ് നിർണയത്തിലും കെയ്റോസ് ഗ്ലോബലിന് പ്രത്യേക ജൂറി പരാമർശം ലഭിച്ചു.

കത്തോലിക്ക പ്രസാധകരുടെയും മാധ്യമ പ്രവർത്തകരുടെയും നേതൃത്വത്തിലുള്ള അന്തർദേശീയ സംഘടനയാണ് കാത്തലിക് മീഡിയ അസോസിയേഷൻ (സി.എം.എ). കത്തോലിക്കാ മാധ്യമ രംഗത്ത് അന്തർദേശീയ തലത്തിലുള്ള മികവിനാണ് സി.എം.എ. പുരസ്കാരങ്ങൾ നൽകി വരുന്നത്. 2022 മുതൽ കെയ്റോസ് മീഡിയയുടെ ഇംഗ്ലീഷ് മാഗസിനായ കെയ്റോസ് ഗ്ലോബൽ സി.എം.എ.യിൽ അംഗമാണ്. 2023ലും കെയ്റോസ് ഗ്ലോബൽ സി.എം.എ. പുരസ്കാരങ്ങൾ നേടിയിരുന്നു.




ജീസസ് യൂത്തിന്റെ മാധ്യമ മുഖമായ കെയ്റോസ് മീഡിയ കഴിഞ്ഞ 28 വർഷമായി കത്തോലിക്ക മാധ്യമ രംഗത്ത് നിറസാന്നിധ്യമായി പ്രവർത്തിക്കുന്നു. കെയ്റോസ് മീഡിയയിൽ നിന്നും കെയ്റോസ് ഗ്ലോബൽ കൂടാതെ കെയ്റോസ് മലയാളം, കെയ്റോസ് ബഡ്സ്, എന്നീ മാഗസിനുകൾ കൂടി പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ കെയ്റോസ് സ്റ്റുഡിയോ എന്ന യൂട്യൂബ് ചാനലും ക്ലൗഡ് കാത്തലിക് എന്ന ആപ്പും കെയ്റോസ് മീഡിയയുടെ മാറ്റുകൂട്ടുന്നു. ഇതിനോടകം തന്നെ നിരവധി പുസ്തകങ്ങളും കെയ്റോസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'അബ്ബാഹൃദയം' എന്ന പേരിൽ നീൽ ലൊസാനോ യുടെ 'അബ്ബാസ് ഹാർട്ട്' എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷയും കെയ്റോസിൽ നിന്ന് തയ്യാറായിക്കൊണ്ടിരിക്കുന്നു.

അമേരിക്ക ആസ്ഥാനമായുള്ള സി.എം.എ. യുടെ ഈ പുരസ്കാരങ്ങൾ കത്തോലിക്കാ മാധ്യമപ്രവർത്തന രംഗത്തെ കെയ്റോസിന്റെ മികവിനുള്ള അംഗീകാരം കൂടിയാണ്.



# വിഴിഞ്ഞം

## പതിറ്റാണ്ടുകൾക്കുമുമ്പേ വരേണ്ടത്

**വാർത്താവിചാരം - സണ്ണി കോക്കാപ്പിള്ളിൽ**

വിഴിഞ്ഞം തുറമുഖത്തിന്റെ അന്താരാഷ്ട്ര പ്രാധാന്യത്തെ പ്പറ്റിയും കേരളത്തിന്റെ വികസനത്തിൽ അതു വഹിക്കുന്ന പങ്കിനെപ്പറ്റിയും ഏതാണ്ട് 20 കൊല്ലങ്ങൾക്ക് മുൻപ് വാർത്താവിചാരം എന്ന പംക്തിയിൽ ഈ ലേഖകൻ എഴുതിയി ട്ടുണ്ട്. അക്കാലത്ത് ഇത് പൂർത്തിയായിരുന്നെ ങ്കിൽ ഇന്നത്തെപ്പോലെ ഇത്രയേറെ യുവാ ക്കൾ ജോലിക്കായി വിദേശരാജ്യങ്ങളിലേക്ക് പോകേണ്ടി വരില്ലായിരുന്നു. കാരണം, ശരിയായ വിധത്തിലുള്ള ഇതിന്റെ പ്രവർത്ത നങ്ങൾ പൂർത്തീകരിക്കുമ്പോൾ അനേകം യുവാക്കൾക്ക് തൊഴിൽ നൽകാൻ കഴിയു മായിരുന്നു. ദുബായ്, സിംഗപ്പൂർ, കൊളംബോ തുടങ്ങിയ തുറമുഖങ്ങളുടെ വികസനവും അതുവഴി ആ രാജ്യങ്ങൾക്കുള്ള വളർച്ചയും മനസ്സിലാക്കുമ്പോഴാണ് വിഴിഞ്ഞത്തിന്റെ പ്രാധാന്യം നമുക്ക് വ്യക്തമാകുന്നത്.

അത്യപൂർവമായ രണ്ട് സവിശേഷതകൾ വിഴിഞ്ഞത്തിനുണ്ട്. ഒന്നാമതായി പ്രകൃതിദത്ത മായ ആഴം ഇവിടെയുണ്ട്. 20 മീറ്ററിൽ ഏറെ ആഴം മണ്ണ് മാറ്റാതെതന്നെ വിഴിഞ്ഞത്തുണ്ട്. വല്ലാർപാടത്ത് മണ്ണ് മാറ്റേണ്ടതുണ്ട്. ലോകത്തെ ഏത് കപ്പലിനും അടുക്കാനുള്ള സാഹചര്യം പ്രകൃതി കനിഞ്ഞു നൽകിയിരി ക്കുന്നു. രണ്ടാമതായി അന്താരാഷ്ട്ര കപ്പൽ ചാനലിന്റെ തൊട്ടടുത്താണ് വിഴിഞ്ഞം എന്ന താണ്, വെറും 8 കിലോമീറ്റർ ദൂരപരിധി മാത്രം. കൊളംബോ പോലും 20 കിലോമീറ്റർ ദൂരമുണ്ടെന്ന് ഓർക്കണം. വിഴിഞ്ഞം തുറമുഖം പൂർണമായ വിധത്തിൽ പ്രവർത്തനമാരം ഭിച്ചാൽ ഇന്ത്യയിലേക്ക് കപ്പൽ വഴിയുള്ള ചരക്ക് നീക്കത്തിന്റെ മുഖ്യ പങ്കുവഹിക്കാൻ വിഴിഞ്ഞത്തിന് കഴിയും.

എട്ടാം നൂറ്റാണ്ട് മുതൽ പതിനാലാം നൂറ്റാണ്ട് വരെ വിഴിഞ്ഞത്തു തുറമുഖം ഉണ്ടായിരുന്നു വെന്ന് പറയപ്പെടുന്നു. എന്നാൽ, ആധുനിക കാലത്ത് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം എടുത്തുകാട്ടിയത് 1991ൽ കരുണാകരൻ മന്ത്രിസഭയിൽ തുറമുഖ വകുപ്പ് കൈകാര്യം ചെയ്തിരുന്ന എം.പി. രാഘവൻ ആണ്. ഒരുപാട് ചർച്ചകൾക്കു ശേഷം 2015ൽ ഉമ്മൻചാണ്ടിയാണ് പിന്നീട് പ്രവൃത്തിപഥ ത്തിൽ എത്തിച്ചത്. ഇന്ത്യയിലെ ഏറ്റവും വലിയ സമ്പന്നരിൽ ഒരാളായ ഗൗതം അദാനി യുമായി അദ്ദേഹം കരാറിലേർപ്പെട്ടു. അന്ന് ഈ കരാർ വലിയ അഴിമതിയാണെന്ന്

ആക്ഷേപിച്ചവരാണ് ഇപ്പോൾ വികസന നായ കരായി ചമയുന്നതും!

വിഴിഞ്ഞം തുറമുഖം എത്രമാത്രം ലാഭത്തിലായാലും 30 വർഷത്തേക്ക് എങ്കിലും അതിൽ നിന്നും ഒരു രൂപ പോലും കേരള സർക്കാരിനു കിട്ടില്ല. എന്നാൽ, തുറമുഖവുമായി ബന്ധപ്പെട്ടുള്ള ധാരാളം അനുബന്ധ പദ്ധതികൾ നടപ്പിലാക്കുകയും അതുവഴി അനേകായിരം പേർക്ക് തൊഴിൽ കൊടുക്കാനും കഴിയും. ഭാവനയും ഇച്ഛാശക്തിയുമുള്ള ഭരണാധികാരികൾ ഉണ്ടെങ്കിൽ ഇത് സംഭവിച്ചിരിക്കും. അദാനിക്ക് വരുമാനം കിട്ടാനല്ല വികസനമെന്നും ഈ പദ്ധതിവഴി നാട്ടുകാരായ ജനങ്ങൾക്ക് എത്രമാത്രം ഉപകാരപ്പെടുമെന്നതിലാണ് സർക്കാരിന്റെ വിജയം എന്നും നിസ്സംശയം പറയാം.

ഇതിനെല്ലാറ്റിനും ഉപരിയായി ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന വിഷയമുണ്ട്. ഈ പദ്ധതിക്കു വേണ്ടി തൊഴിൽ സാഹചര്യങ്ങളും ഭവനങ്ങളും വിട്ടുപേക്ഷിച്ച ജനതയുടെ ജീവിത പ്രശ്നങ്ങളുമുണ്ട്. അവരുടെ ജീവിതത്തെ കടമെടുത്തിട്ടാണ് ഈ പദ്ധതി പൂർത്തിയാക്കുന്നത്. ആദ്യം കടമായിരുന്നു വീട്ടേണ്ടത്. കുറേ വാഗ്ദാനങ്ങൾ നൽകിയതല്ലാതെ അവരുടെ പ്രശ്നങ്ങൾ ഇന്നേവരെ പരിഹരിച്ചിട്ടില്ല എന്നത് വേദനാജനകമാണ്. ജീവിക്കാൻ വേണ്ടിയുള്ള അവരുടെ സമരത്തെ തല്ലിത്തകർക്കുകയും രാജ്യദ്രോഹികൾ എന്നുവിളിച്ച് ആക്ഷേപിക്കുകയും ചെയ്തത് നാം കണ്ടതാണ്. ഏതൊരു പദ്ധതിക്കുവേണ്ടിയും ആരൊക്കെ ത്യാഗം അനുഷ്ഠിച്ചിട്ടുണ്ടോ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. വിശന്ന വയറിന്റെ രോദനത്തെ രാജ്യദ്രോഹമായി കണ്ടെത്തുകയും ആക്ഷേപിക്കുകയും ചെയ്തവരാണ് ഇന്ന് കേന്ദ്രത്തിലും സംസ്ഥാനത്തും അധികാരത്തിലിരിക്കുന്നത്. വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ കണ്ണീരിന് ഇനിയെങ്കിലും പരിഹാരം ഉണ്ടായേ തീരൂ.

കേരളത്തിലെ തൊഴിലില്ലായ്മ ഒരു പരിധി വരെ നിയന്ത്രണ വിധേയമാക്കാനുള്ള സാധ്യതകൾ വിഴിഞ്ഞം തുറമുഖം തുറന്നുതരുന്നുണ്ട്. എണ്ണമറ്റ ആ സാധ്യതകൾ പഠനവിധേയമാക്കി അനുബന്ധ സാഹചര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ത്രാണിയുള്ള നേതൃത്വം കടന്നു വരട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം.

---



# നേതാവ് ആരോടൊപ്പമായിരിക്കണം?

രാഷ്ട്രീയത്തിൽ വലിയൊരു ചോദ്യചിഹ്നമാണിത്. രാഷ്ട്രീയത്തിൽ മാത്രമല്ല സഭയിലും ഇതിന് ഏറെ പ്രസക്തിയുണ്ട്. ആടുകളുടെ മണമറിയുന്ന ഇടയൻ എന്ന് ഫ്രാൻസിസ് പാപ്പ പറഞ്ഞിട്ടുണ്ടല്ലോ. ഒരു വ്യക്തിയുടെ ജനകീയത അളക്കുന്നത് ഇത്തരം സ്വഭാവം അവരിൽ കാണുന്നുണ്ടോ എന്നതിന് അനുസരിച്ചായിരിക്കും. ഏവർക്കും പ്രാപ്യരായി മാറുമ്പോഴാണ് അവരെ ജനകീയ നേതാക്കൾ എന്നുവിളിക്കാൻ പറ്റുന്നത്. അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അത്തരം ഒരു വ്യക്തിയായിരുന്നു. അതിന്റെ അടയാളമായിരുന്നു, അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങുകളിൽ ഉണ്ടായിരുന്ന ജനബാഹുല്യം.

കടന്നുവരുന്നതിന് അരമണിക്കൂർ മുൻപേ റോഡുകൾ നിശ്ചലമാക്കുകയും നാല്പതോളം വാഹനങ്ങളുടെ അകമ്പടിയോടെ യാത്ര ചെയ്യുകയും ചെയ്യുന്ന വ്യക്തിയെ ജനകീയൻ എന്ന് പറയാൻ പറ്റുമോ. മാത്രമല്ല, യാത്രയ്ക്കിടെ സമൂഹത്തിലെ ഏറ്റവും സമ്പന്നരായ വ്യക്തികളെ ഒരുമിച്ച് കൂട്ടി രമ്യത നിലനിറുത്തുകയും ചെയ്യുന്നത് ജനകീയതയുടെ പരിവേഷമല്ലല്ലോ. ദരിദ്ര വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി രൂപംകൊണ്ട ഒരു പാർട്ടിയുടെ നേതാവ് ഇങ്ങനെ പെരുമാറുന്നതെന്തെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. ഒരുപക്ഷേ ഉദ്യോഗസ്ഥരും വ്യവസായികളും വൻകിട വ്യാപാരികളും പ്രസ്ഥാനത്തെ ഹൈജാക്ക് ചെയ്തതിന്റെ പരിണിതഫലമാകാമിത്. രാജ്യത്തെ പരമോന്നത നേതാവും പെരുമാറുന്നത് ഇങ്ങനെയല്ലേ. ഞാനാണ് രാജ്യം, ഞാനാണ് ഗ്യാരണ്ടി, ദൈവത്താൽ നിയോഗിക്കപ്പെട്ടയാൾ എന്നൊക്കെ ജനത്തോട് പറയുമ്പോൾ എന്താണ് മനസ്സിലാക്കേണ്ടത്? ഇവിടെയാണ് മറ്റൊരു വ്യക്തിയുടെ പ്രാധാന്യത്തെ വിട്ടുകളയാൻ പറ്റാത്തത്. ബുദ്ധി കുറഞ്ഞവനെന്നും, പക്വതയില്ലാത്തവനെന്നും നിരന്തരം ആക്ഷേപം കേൾക്കുന്നയാൾ ലോകത്തെ ഏറ്റവും മികച്ച സർവകലാശാലകളിൽ പഠിച്ച ആളാണെന്ന കാര്യം ആക്ഷേപമുയർത്തുന്നവർ ബോധപൂർവം മറക്കുന്നു. സിപിഐ നേതാവായിരുന്ന പന്ന്യൻ രവീന്ദ്രന്റെ മകൻ പറഞ്ഞതുപോലെ, സമൂഹത്തിൽ ഏറ്റവും അധഃകൃതരായവരുടെ കൂട്ടത്തിൽ നിൽക്കാനും അവരോടൊപ്പം സമയം ചെലവഴിക്കാനും പരിശ്രമിക്കുന്നയാൾ ഇന്ന് ഇന്ത്യയിലെ പ്രതിപക്ഷ നേതാവാണ്. കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം ഉജ്ജ്വലമായിരുന്നു. നീതി എവിടെ നിഷേധിക്കുന്നുവോ അവിടെ ഓടിയെത്താനുള്ള അദ്ദേഹത്തിന്റെ മനോഭാവത്തെ അംഗീകരിക്കാതെ തരമില്ല.

**സ്മാർട്ട് കിഡ്സ് –**
**ചിത്രീകരണം:** വെങ്കി / **കഥ:** സി. ജിയ എം.എസ്.ജെ.

# അനുസ




നോക്കിക്കോ, ഇന്നത്തെ കളിയിൽ ഞാൻ ഒന്നാമതാവും. നിന്നെ തോൽപ്പിച്ചില്ലെങ്കിൽ എന്റെ പേര് നീ മാറ്റി വിളിച്ചോ... സ്കൂൾ ബസ്സിൽ നിന്നിറങ്ങി വീട്ടിലേക്ക് നടക്കുമ്പോൾ ആറാം ക്ലാസ്സുകാരി ടീന തന്റെ കുഞ്ഞനുജൻ ടോമിനെ ഓരോന്ന് പറഞ്ഞ് വാശിപിടിപ്പിച്ചു കൊണ്ടിരുന്നു. ജോലി കഴിഞ്ഞ് പപ്പയും മമ്മിയും സന്ധ്യയോടടുത്തേ വീടെത്തുകയുള്ളൂ. ഈ സമയം വല്യമ്മച്ചി മാത്ര മാണ് വീട്ടിലുള്ളത്. കൊച്ചുമക്കൾക്കാണെങ്കിൽ വല്യമ്മച്ചിയെ കണ്ണിൽ കണ്ടുകൂടാ. കാരണം മറ്റൊന്നുമല്ല; പപ്പയും മമ്മിയും ജോലി കഴിഞ്ഞ് എത്തുമ്പോൾ തങ്ങളുടെ വികൃതികളെല്ലാം ഒന്നുവിടാതെ വല്യമ്മച്ചി അവരെ പറഞ്ഞു കേൾപ്പിക്കും.

വീടെത്തിയ ടീനയും ടോമും ഊണുമുറിയിലേക്ക് ഓടി. വല്യമ്മച്ചിയെ അടുക്കളയിലെങ്ങും കണ്ടില്ല. ചൂടൻ പലഹാരത്തിന്റെ കൊതിയൂറുന്ന മണം. പിന്നെ ഒന്നും നോക്കിയില്ല. കൈകാലുകൾ കഴുകി ശുചി വരുത്തുകപോലും ചെയ്യാതെ മൂടി വച്ചിരുന്ന പലഹാരമത്രയും ഒറ്റയിരിപ്പിൽ തിന്നു തീർത്തു. “എടാ, വല്യമ്മച്ചി എത്തും മുൻപ് ഇവിടെ നിന്ന് രക്ഷപ്പെടാം.” ടീന ധൃതി കൂട്ടി. നിറഞ്ഞ ഉണ്ണിവയറുകൾ തടവി വലിയ ഏമ്പക്കവും വിട്ട് അവർ പുറത്തേക്ക് ഓടി. തങ്ങളുടെ പഴയ വീട് പൊളിച്ചിറക്കിയ ഓടുകൾ എറിഞ്ഞുടയ്ക്കലാണ് ഇന്നത്തെ കളി. രണ്ടുപേരും വാശി


# രണം


യേറിയ മത്സരത്തിലാണ്.ഏറ്റവും കൂടുതൽ
ഓടുകൾ പൊട്ടിക്കുന്നത് ആരാണെന്ന്
അറിയണം. സർവശക്തിയുമെടുത്ത് അവർ
ഓടുകൾ എറിഞ്ഞുടയ്ക്കാൻ തുടങ്ങി. വലിയ
ശബ്ദം കേട്ട് വല്യമ്മച്ചി അങ്ങോട്ട് ഓടിയെത്തി.
“മക്കളെ നിറുത്ത്. എന്ത് കുരുത്തക്കേടാണ് ഈ
കാണിക്കുന്നത്? എത്ര വിലയുടെ സാധനമാ
നിങ്ങൾ ഈ എറിഞ്ഞുടയ്ക്കുന്നതെന്ന് അറി
യാമോ? ഇതൊന്നും ദൈവം പൊറുക്കില്ല
കേട്ടോ. വീടില്ലാതെ വിഷമിക്കുന്ന പാവപ്പെട്ട
ആർക്കെങ്കിലും ഇത് കൊടുക്കാമല്ലോ?” ആ
ശകാരം അവർക്ക് ഒട്ടും രസിച്ചില്ല. “വല്യമ്മച്ചി
ഞങ്ങളെ പഠിപ്പിക്കാൻ വരണ്ട. ഞങ്ങൾക്ക്
ഇഷ്ടമുള്ള കളികൾ ഞങ്ങൾ കളിക്കും.”
വല്യമ്മച്ചിയോട് കയർത്ത് ടീന വീണ്ടും കല്ലെ
ടുത്ത് ആഞ്ഞെറിഞ്ഞു. പക്ഷേ, അവളുടെ ഉന്നം
തെറ്റി. അടുത്തു നിന്നിരുന്ന ടോമിന്റെ കണ്ണിലാണ്
ആ കല്ല് പതിച്ചത്. വേദന കൊണ്ട് അവൻ
നിലവിളിച്ചു. കണ്ണിൽ നിന്നും ചോര വരുന്നു.
നിമിഷനേരം കൊണ്ട് അവൻ ബോധരഹിതനായി.
ടീനയുടെ കൈകാലുകൾ ഭയംകൊണ്ട്
വിറയ്ക്കാൻ തുടങ്ങി. എന്തു ചെയ്യണമെന്ന്
അറിയാതെ അവൾ പകച്ചു നിന്നു. വല്യമ്മച്ചി
പറഞ്ഞത് അനുസരിച്ചാൽ മതിയായിരുന്നു.
അവളുടെ മനസ്സ് തേങ്ങി. വല്യമ്മച്ചി അവനെ
കോരിയെടുത്തു തൊട്ടടുത്ത ആശുപതിയിലേക്ക്
ഓടി. കണ്ണിന് ഓപ്പറേഷൻ വേണ്ടിവന്നു. നീണ്ട
ദിവസങ്ങൾ എടുത്തു കാഴ്ച വീണ്ടുകിട്ടാൻ.
അനുസരണക്കേടിന്റെ ആ മുറിവ് ഉണങ്ങുമ്പോ
ഴേക്കും ടോമും ടീനയും അവരുടെ ജീവിത
ത്തിൽ പുതിയൊരു തീരുമാനമെടുത്തു. മാതാ
പിതാക്കളെയും മുതിർന്നവരെയും ഇനിയെന്നും
അനുസരിക്കും.



# വഴുതന മാത്തൻ

കാർട്ടൂൺ - സിനിൽ കെ.ജെ






SUB
SCR
IBE!

TO THE BEST
CATHOLIC MAGAZINE
FOR YOUTH &
YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/08/2024, ₹50.00

# നിത്യവും 24 മണിക്കൂർ മധ്യസ്ഥ പ്രാർത്ഥന



## ജീസസ് യൂത്ത് ഇന്റർനാഷണൽ ഓഫീസ് ചാപ്പലിൽ ദിവ്യകാരുണ്യ ആരാധനയ്ക്കു മുമ്പിൽ നിങ്ങൾക്കായി എന്നും ഞങ്ങൾ പ്രാർഥിക്കുന്നു

ജീസസ് യൂത്തിന്റെ കേരളത്തിലെ വിവിധ സോണുകളിൽ നിന്നുള്ളവർ ക്രമാനുസരണം ഈ ചാപ്പലിലെത്തി ലോകത്തിനു വേണ്ടി പ്രാർഥിക്കുന്നു.

നിങ്ങളുടെ പ്രാർഥന നിയോഗങ്ങൾ **+91 99460 55611** എന്ന നമ്പറിലോ **prayerzone@jesusyouth.org** യിലോ ഞങ്ങളെ അറിയിക്കാം

Jesus Youth International, Navodaya Studio Complex, Kakkanad, Cochin 682 030
+91 484 2983327 jyglobal@jesusyouth.org

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662